
# പഞ്ചായത്ത് രാജ്

പുസ്തകം 49 ◆ ലക്കം 4 — പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം — ജൂലൈ 2009

## ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി







## കേരളം സമ്പൂർണ്ണ പാർപ്പിട സംസ്ഥാന പദവിയിലേയ്ക്ക്...

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ‘



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ഭവനരഹിത കുടുംബങ്ങളില്ലാത്ത കേരളത്തിനായി..
പാലോളി മുഹമ്മദ് കുട്ടി

8 പാവപ്പെട്ടവന്റെ പാർപ്പിട പ്രശ്നത്തിന് പരിഹാരം: ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്





16 എം.എൻ.ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്





19 സേവനം ഇനി സമയബന്ധിതമായി
കെ.വിനോദ്കുമാർ





22 മഴക്കാലരോഗങ്ങളും പ്രതിവിധിയും - 3
ഡോ. ജോസ്മോൻ ജോർജ്

25 പഞ്ചായത്ത് അക്കൗണ്ട്: ചോദ്യങ്ങളും ഉത്തരങ്ങളും
ഉദയഭാനു കണ്ടേത്ത്

26 അപകട നിയന്ത്രണത്തിന് പുതിയ കാൽവെയ്പ്
പള്ളിക്കൽ ദേവരാജൻ

28 അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ





30 ആത്മഹത്യ
ഡോ. തോമസ് വർഗ്ഗീസ്





31 തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണമൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

32 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
റോയ് ചാക്കോ ഇളമണ്ണൂർ





35 ആരോഗ്യരംഗത്ത് ഒരുമയുടെ വിജയം
പ്രൊഫ. കെ. ഷാജി

38 പദ്ധതി ഏകോപനത്തിലൂടെ വിജയം കൊയ്ത കൊടുമ്പ്
അജിത് വെണ്ണിയൂർ





40 ഗുരുവായൂർ ദേവസ്വത്തിന് കുടുംബശ്രീയുടെ കദളിക്കുലകൾ
ജെസി നാരായണൻ

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




പഞ്ചായത്തുകളിലും ഭരണകേന്ദ്രമായ ഡി.ഡി.പി ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാരിന്റെ തീരുമാനം തികച്ചും അഭിനന്ദനാർഹമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ പാവപ്പെട്ടവർക്ക് അവരുടെ ഓഫീസ് ആവശ്യങ്ങൾ നിർവ്വഹിച്ച് കിട്ടുന്നതിന് ഏറെ സഹായവും ആത്മസംതൃപ്തിയും ലഭിക്കുന്ന ഈ നടപടി ഏറെ അഭിനന്ദനാർഹമാണ്.

വിവിധ വിഷയങ്ങളിൽ നടന്ന ആക്ഷൻ റിസർച്ച് സംബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന ഏകദിന ശിൽപ്പശാലയുടെ റിപ്പോർട്ടിൽ (ജൂൺ ലക്കം പഞ്ചായത്ത് രാജ്) പരാമർശിച്ച ഹെൽത്ത് മാസ്റ്റർ പ്ലാൻ എന്ന ആശയം തികച്ചും അടിയന്തര പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

കെ മുഹമ്മദ്കുട്ടി
കല്ലറയ്ക്കൽ ഹൗസ്
പി.ഒ. പാമ്പാടി, തിരുവില്വാമല
തൃശൂർ ജില്ല

പഞ്ചായത്ത് രാജ് മാസികയുടെ ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച ശ്രീ.എം ഹരിദാസൻ എഴുതിയ "സുസ്ഥിര ആരോഗ്യം യോഗവിദ്യയിലൂടെ" എന്ന ലേഖനം വായിച്ചു. പകർച്ച പനിയുടെ തീച്ചൂളയിൽ ഞെരിയുന്ന ഇന്നത്തെ കാലഘട്ടത്തിൽ ശരീരത്തിന്റെ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിന് യോഗ ശാസ്ത്രത്തിനുള്ള പങ്ക് ലേഖകൻ ശാസ്ത്രീയമായി വിവരിക്കുന്നുണ്ട്. പഞ്ചായത്ത്തലത്തിൽ ഡിസ്പെൻസറികൾ തുടങ്ങുന്നത് പോലെ തന്നെ യോഗ പരിശീലന കേന്ദ്രങ്ങളും തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേകം പ്രോജക്ടുകൾ വയ്ക്കുന്നത് ഗുണകരമായിരിക്കും. കൂടാതെ വിദ്യാലയങ്ങളിൽ ഹൈസ്കൂൾ തലം തൊട്ട് യോഗ പരിശീലനത്തിനായി പ്രത്യേക സമയം കണ്ടെത്തണം എന്ന അഭിപ്രായം ഏറെ കാലിക പ്രാധാന്യം അർഹിക്കുന്നതാണ്. ഇംഗ്ലീഷ് മരുന്നിന്റെ പാർശ്വഫലങ്ങളിൽ നിന്നും ഇനിയുള്ള തലമുറയെ രക്ഷപ്പെടുത്തുന്നതിന് യോഗയും, പ്രാണായാമവും നിത്യ ശീലമാക്കുന്നത് ഏറെ പ്രയോജനപ്പെടും എന്നത് കൊണ്ടുതന്നെ ഈ ലേഖനം ഏറെ മേന്മ അർഹിക്കുന്നുണ്ട്.

സി. പി പ്രഭാകരൻ
മുഴപ്പിലങ്ങാട്

ആഗസ്റ്റ് മാസത്തോടെ എല്ലാ ഗ്രാമപഞ്ചായത്താഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുമെന്ന് ജൂൺ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ നിന്നും അറിയാൻ കഴിഞ്ഞു. സേവനപ്രദാനരംഗത്ത് സർക്കാർ ആഫീസുകൾ പുതിയ വെല്ലുവിളികൾ നേരിടുമ്പോൾ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സാധാരണക്കാരായ പൊതുജനങ്ങൾക്ക് ഒരുക്കി നൽകുന്നതിന് മുന്നോട്ട് വന്നവർക്ക് അഭിനന്ദനങ്ങൾ. ഇത് പഞ്ചായത്താഫീസുകളിൽ മാത്രം ഒതുക്കി നിർത്താതെ വില്ലേജ് ആഫീസുകൾ, രജിസ്ട്രാർ ആഫീസുകൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയിടത്തും സമീപകാലത്ത്തന്നെ സ്ഥാപിക്കുന്നതിന് നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള ഡോ. ജോസ്മോൻ ജോർജ്ജിന്റെ ലേഖനം മികവു പുലർത്തുന്നുവെന്നും അറിയിക്കുന്നു.

സലിംഷാ
ഷാ മൻസിൽ
വഴുതയ്ക്കാട്, തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയുടെ ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച ജനനമരണ രജിസ്ട്രേഷൻ-നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ എന്ന പംക്തി വളരെ പ്രയോജനപ്പെട്ടു. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് വളരെയധികം സംശയങ്ങളാണ് ഇന്ന് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ നിലനില്ക്കുന്നത്. അത് വളരെയധികം പരിഹരിക്കുന്നതിന് ചോദ്യ-ഉത്തര മാതൃകയിലുള്ള ലേഖനം സഹായിച്ചു. വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ചും സംശയങ്ങൾ ദുരീകരിക്കുന്ന ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

എം.ഷാജി
മനയ്ക്കൽ, കേശവദാസപുരം

2009 ജൂൺ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച തണ്ണീർത്തടങ്ങൾക്കൊരു സംരക്ഷണ നിയമം-എന്ന ലേഖനം വളരെ ആകർഷണമുള്ളതായിരുന്നു. നിയമം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വരച്ചു കാണിക്കുന്ന, ഉദ്യോഗസ്ഥ ജനപ്രതിനിധികൾക്ക് വളരെപെട്ടെന്ന് മനസ്സിലാകുന്ന വിധത്തിൽ കൈകാര്യം ചെയ്ത എൻ. സുരാജിനും പഞ്ചായത്ത് രാജിനും ആശംസകൾ.

കൃഷ്ണൻ നായർ
'അമ്പാട്ട്'
വടക്കേകര, ചങ്ങനാശ്ശേരി

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2009

പുസ്തകം 49

ലക്കം 4

വാർഷിക വരിസംഖ്യ: 120 രൂപ

www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**പാലോളി മുഹമ്മദ്കുട്ടി**

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി. എസ്. ബിജു**

സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ

**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**

e-mail: pub.off@gmail.com

Ph: 0471-2321054



കവർ ഡിസൈൻ & ലേ ഔട്ട്

എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.


എഡിറ്ററുടെ പേജ്

# ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടും, ഭവന രഹിത കുടുംബങ്ങൾക്ക് വീടും സമയബന്ധിതമായി നൽകുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുകയാണ്.

നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന രൂക്ഷമായ സാമൂഹ്യപ്രശ്നമാണ് താഴ്ന്ന വരുമാനക്കാരുടെ പാർപ്പിടമില്ലായ്മ. സർക്കാരുകളുടെയും സമൂഹത്തിന്റെയും ക്ഷേമപ്രവർത്തനങ്ങളിൽ മുന്തിയ പരിഗണനയാണ് ഭവനനിർമ്മാണത്തിന് കാലാകാലങ്ങളായി നൽകിവരുന്നതെങ്കിലും, മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ പ്രധാനമായ പാർപ്പിടം ലഭ്യമാക്കുന്നതിൽ വേണ്ടത്ര മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. ഭൂമിയുടെ വിലവർദ്ധനവും നിർമ്മാണ സാധനസാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റവും താഴെക്കിടയിലെ പാവപ്പെട്ടവന്റെ ഗൃഹനിർമ്മാണ സങ്കല്പങ്ങൾ യാഥാർത്ഥ്യമാകുന്നതിന് വിലങ്ങുതടിയായി നിൽക്കുന്നു. നിലവിലുള്ള പദ്ധതികൾ മാത്രം തുടർന്നുപോയാൽ വർഷങ്ങളെടുത്താൽപോലും ഈ സാമൂഹികപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ലായെന്ന തിരിച്ചറിവാണ് സർക്കാരിന്റെ എല്ലാ തലങ്ങളും-ദേശീയം മുതൽ പ്രാദേശീയം വരെ, സർക്കാരിതര സംഘടനകളും നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്ര സമീപനത്തിലൂടെ യോഗ്യരായ എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം നൽകുന്ന ബൃഹത്തായ കർമ്മ പരിപാടി സർക്കാർ ആവിഷ്ക്കരിച്ചത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷത്തെയും വികസനഫണ്ടിന്റെ 15 ശതമാനത്തിൽ കുറയാത്ത തുക ഉപയോഗിച്ച് പത്ത് വർഷംകൊണ്ട് അടച്ചു തീർക്കാവുന്ന രീതിയിൽ സഹകരണ/വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ സമാഹരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുകയുടെ പലിശ സംസ്ഥാന സർക്കാർ വഹിക്കും. വികസനഫണ്ടിനു പുറമേ വ്യക്തികൾ, സംഘടനകൾ എന്നിവയിൽനിന്നും സംഭാവനകൾ സ്വരൂപിച്ച് ഭവനനിധി രൂപീകരിക്കുന്നതിനും വിഭവ സമാഹരണത്തിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പ്രവർത്തിക്കണം.

ഏതൊരു പാർപ്പിട പദ്ധതിയെ സംബന്ധിച്ചും പൊതുവെ ഉണ്ടാകുന്ന പ്രധാന ആക്ഷേപം അനർഹർ ഗുണഭോക്താക്കളായി കടന്നുകൂടുന്നുവെന്നതാണ്. അതുകൊണ്ടുതന്നെ ഈ പദ്ധതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് കർശന മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. നിലവിൽ വീടില്ലാത്തവർക്കും, കുടിലുകൾ, അപകടകരമായ നിലയിലുള്ള വീടുകളിൽ താമസിക്കുന്നവർക്കുമാണ് പുതിയ വീടുകൾ നൽകുന്നത്. ഗുണഭോക്താക്കളിൽ അനർഹർ കടന്നുകൂടാതിരിക്കുന്നതിന് ജാഗ്രത പുലർത്തുന്നതോടൊപ്പം അർഹരായ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. 25 ച.മീറ്റർ മുതൽ 40 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകളാണ് പദ്ധതിയിൽ നിർമ്മിക്കുന്നത്. വീടിന്റെ പ്ലാൻ തയ്യാറാക്കുവാനും, നിർമ്മിക്കുവാനും വേണ്ട സാങ്കേതികജ്ഞാനം ഭൂരിപക്ഷം ഗുണഭോക്താക്കൾക്കും ഉണ്ടായിരിക്കില്ല. അതുകൊണ്ട് പദ്ധതിയുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും വിപുലമായ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ബഹുജന പങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ പദ്ധതി നടപ്പാക്കണം. പ്രദേശത്തെ സാങ്കേതിക വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സന്നദ്ധ സാങ്കേതിക സമിതി, പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി, നിർമ്മാണ കമ്മിറ്റി, മോണിട്ടറിംഗ് കമ്മിറ്റി തുടങ്ങിയ കമ്മിറ്റികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപവൽക്കരിക്കുകയും ക്രിയാത്മകമായ ഇടപെടൽ ഉറപ്പാക്കുകയും വേണം. പ്രദേശത്തിന് അനുയോജ്യമായ പ്ലാൻ തയ്യാറാക്കുന്നതിന് ഗുണഭോക്താക്കളെ സഹായിക്കുന്നതിനും മരം, മണൽ, സിമന്റ്, കമ്പി മുതലായ നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിനും പരമാവധി സഹായനിരക്കിൽ ലഭ്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും, ഇത്തരം കമ്മിറ്റികൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയും. ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഗുഭോക്താക്കൾക്ക് ആവശ്യമായ ബോധവത്ക്കരണം നൽകുന്നതിനും ശ്രദ്ധിക്കണം.

കേരളത്തിന്റെ വികസന ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി മാറാൻ പോകുന്ന മഹത്തായ പരിപാടിയുടെ കർമ്മപഥത്തിലാണ് നാമിന്ന്. സുന്ദരവും ആവാസയോഗ്യവുമായ വാസഗൃഹം എന്നത് പാവപ്പെട്ടവന് സ്വപ്നമായി മാറിയിരിക്കുന്നു. സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം പ്രദാനം ചെയ്ത അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിനായി ആത്മസമർപ്പണം നടത്താം.

കവർ

# ഭവനരഹിത കുടുംബങ്ങളില്ലാ

വീടില്ലാത്ത മുഴുവൻ പേർക്കും വീടു നൽകുക എന്ന ലക്ഷ്യത്തോടെ പതിനൊന്നാം പദ്ധതിയിൽ ആരംഭിച്ച പദ്ധതിയാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി. ഭൂരഹിത ഭവന രഹിതരെയും ഭവനരഹിതരെയും കണ്ടെത്തി അവർക്കെല്ലാം വീടു നൽകി കേരളത്തെ ഭവനരഹിതരില്ലാത്ത സംസ്ഥാനമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.ഈ സന്ദേശം ഗൗരവമായി ഉൾക്കൊണ്ട് മൂന്നു ലക്ഷത്തോളം വീടുകൾ ഭവനരഹിതർക്കു നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഭവനരഹിതരുടെ പ്രശ്നം ഇതുകൊണ്ട് പരിഹരിക്കപ്പെടുന്നില്ല. ഇനിയും 3 ലക്ഷം ഭവനരഹിത കുടുംബങ്ങൾ അവശേഷിക്കുന്നുണ്ടെന്നും അവരിൽ ഒന്നരലക്ഷത്തിനടുത്ത് ഭൂരഹിതരായിരിക്കുമെന്നുമാണ് മതിപ്പ്. ഇവർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഇടം കിട്ടാതെ പോയവരാണ്. ഇവരെയെല്ലാം കണ്ടെത്തി അവർക്കെല്ലാം വീടു നൽകുകയെന്നതാണ് പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ചെയ്യാനുള്ളത്. ഇത് ഒരു ജനകീയ പ്രവർത്തനമായി വേണം നടത്താൻ.

**1. ഗുണഭോക്താക്കളെ കണ്ടെത്തൽ**

ഭൂമിയില്ലാത്തവരുടെയും വീടില്ലാത്തവരുടെയും വിവരം ശേഖരിച്ച് ഭൂമി നൽകേണ്ടവരുടെയും വീടു നൽകേണ്ടവരുടെയും ലിസ്റ്റ് തയ്യാറാക്കുക. ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സഹായത്തോടെ നടത്തുന്ന പരിശോധനയിലൂടെയാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്.

**2. പ്രോജക്ട് തയ്യാറാക്കൽ**

വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്കെല്ലാം വീടു നൽകുന്നതിനുള്ള പ്രോജക്ടാണ് തയ്യാറാക്കേണ്ടത്. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമിയും വീടും നൽകുന്നതിനാവശ്യമായ തുക ബാങ്കിൽ നിന്ന് കടമെടുക്കേണ്ടതുണ്ട്. പദ്ധതിവിഹിതത്തിന്റെ 15 ശതമാനത്തിലധികരിക്കാത്ത തുക വീതം പത്തു വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്നത്ര തുക കടമെടുക്കാം.സമ്പൂർണ്ണ ഭവന പദ്ധതിക്ക് ഈ തുക തികയാത്ത പഞ്ചായത്തുകൾ കൂടുതൽ ആവശ്യമായ തുകയുടെ വിവരം മുകൾത്തട്ടിൽ അറിയിക്കണം. ഭവന സഹായത്തിന് കണ്ടെത്തിയവരുടെ ലിസ്റ്റിൽ നിന്ന് വേണം ഐ.എ.വൈ പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ. ബാക്കി ഉള്ളവർക്കുള്ള പ്രോജക്ടാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്.

**3. ഭവന പദ്ധതി ശിൽപശാല**

പദ്ധതിപ്രകാരം വീട് ലഭിക്കുന്നവർ ഈ വർഷം തന്നെ വീടു നിർമ്മാണം പൂർത്തിയാക്കുന്നു എന്നുറപ്പാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സഹായവും ജനകീയ പിന്തുണയും ഇവർക്കു ലഭിക്കണം. ഇതിനുവേണ്ടി ഭവന മേഖലാ കർമ്മ സമിതി മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളെയും വിളിച്ചു ചേർത്ത് ഒരു ഏകദിന ശിൽപശാല പഞ്ചായത്തു തലത്തിൽ നടത്തണം. ഭവന നിർമ്മാണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ സംവിധാനം, എഞ്ചിനീയറിംഗ് വിഭാഗം, എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് അധ്യാപകരും വിദ്യാർത്ഥികളും, പൊതുപ്രവർത്തകർ, ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വ്യാപാരികൾ, വ്യവസായികൾ എന്നിവരെ കൂടി ഈ ശിൽപശാലയിൽ പങ്കെടുപ്പിക്കണം. ലഭ്യമായ സ്ഥലത്തിനനുയോജ്യമായ ഭവന മാതൃക തെരഞ്ഞെടുക്കാനും അതനുസരിച്ചുള്ള പ്ലാനും സ്കെച്ചും തയ്യാറാക്കാനും സഹായം നൽകേണ്ടതുണ്ട്. അധിക സാമ്പത്തിക സഹായം ആവശ്യമായവർക്ക് ബാങ്കുകളിൽ നിന്ന് കുറഞ്ഞ വായ്പയ്ക്ക് പണം ലഭ്യമാക്കാൻ സഹായം ആവശ്യമാണ്. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കുന്നതിനും സമയബന്ധിതമായി ഭവന നിർമ്മാണം നടക്കുന്നു എന്നുറപ്പു വരുത്താനും ഈ സംവിധാനം സഹായിക്കണം. സമ്പൂർണ്ണ ഭവന പദ്ധതിയിലേയ്ക്ക് സംഭാവന നൽകാൻ തയ്യാറുള്ളവരിൽ നിന്ന് ലഭ്യമാകാവുന്ന സംഭാവനകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് നൽകാനും ഈ സംവിധാനം പഞ്ചായത്തിനെ സഹായിക്കണം. ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി അവർ ഭവന നിർമ്മാണം പൂർത്തിയാക്കുന്നു എന്നുറപ്പാക്കുകയാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം.

**4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ**

ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക സാമ്പത്തികസഹായം നൽകുന്നത് ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളുമാണ്. ഈ പദ്ധതി ഇനിയും തുടരുമെന്ന സാഹചര്യം കൂടി കണക്കിലെടുത്തു വേണം ജില്ല/ബ്ലോക്കു പഞ്ചായത്തു വിഹിതങ്ങളുടെ ഉപയോഗം തീരുമാനിക്കാൻ. പദ്ധതി വിഹിതത്തിന്റെ 15% വരുന്ന തുക ഭവന പദ്ധതിക്കായി ബ്ലോക്ക്/ജില്ലാ



സ്റ്റാറി

# ത്ത കേരളത്തിനായി...



**പാലോളി മുഹമ്മദ് കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

പഞ്ചായത്തുകൾ മാറ്റിവെയ്ക്കണം. ഐ.എ.വൈ ഭവനങ്ങളുടേതടക്കം സമ്പൂർണ്ണ ഭവന പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം മോണിറ്റർ ചെയ്യാനുള്ള സംവിധാനം ബ്ലോക്കിന്റെയും ജില്ലയുടെയും ആഭിമുഖ്യത്തിൽ രൂപപ്പെടുത്തണം. പഞ്ചായത്തുകൾക്ക് സാങ്കേതിക സംവിധാനം ജില്ലാതലത്തിൽ രൂപീകരിക്കണം. ചെറിയവീടുകളുടെ നിരവധി മാതൃകകൾ പ്രദർശിപ്പിക്കാനും സാങ്കേതികമായ ഉപദേശങ്ങൾ നൽകാനും ഈ സംവിധാനത്തിന്റെ സഹായത്തോടെ കഴിയണം.

**5. നഗരസഭകൾ**

പദ്ധതി വിഹിതത്തിന്റെ പതിനഞ്ച് ശതമാനം നഗരസഭകളും ഭവന പദ്ധതിക്കായി മാറ്റിവയ്ക്കണം. ഭൂരഹിതരുടെയും ഭവനരഹിതരുടെയും പട്ടിക, ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സഹായത്തോടെ തന്നെയാണ് തയ്യാറാക്കേണ്ടത്. ഭവനരഹിത കുടുംബങ്ങളുടെ ലിസ്റ്റിൽ നിന്ന് ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി സ്കീമിൽ ഉൾപ്പെടുത്താവുന്നവർക്ക് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയാണു വേണ്ടത്. ഇതിനു വേണ്ട നഗരസഭാ വിഹിതം പദ്ധതി വിഹിതത്തിൽ നിന്ന് നൽകാം. അവശേഷിക്കുന്ന കുടുംബങ്ങൾക്കു കൂടി വീട് നൽകുന്നതിനാണ് ബാങ്ക് സഹായം തേടികൊണ്ടുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടത്.



**ഉടനേ ചെയ്യേണ്ടത്**

1. ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് 15% ഇ.എം.എസ്. ഭവന പദ്ധതിക്കായി മാറ്റി വച്ച് പദ്ധതിരേഖയ്ക്ക് അംഗീകാരം തേടുക.
2. തിട്ടപ്പെടുത്തിയ ഗുണഭോക്തൃ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനാവശ്യമായ തുക ബാങ്കിൽ നിന്ന് ലഭിക്കുന്നതിന് ബാങ്കുമായി ധാരണയുണ്ടാക്കുക.
3. ഗുണഭോക്താക്കളുടെ ലിസ്റ്റ്, ബാങ്ക് വായ്പയുടെ വിശദാംശങ്ങൾ എന്നിവ സഹിതം വായ്പയെടുക്കാനുള്ള സർക്കാർ അനുവാദത്തിനായി ഡി.പി.സിയുടെ അംഗീകാരത്തോടെ സർക്കാരിനു സമർപ്പിക്കുക.
4. ഭവന മേഖലയ്ക്കുള്ള കർമ്മ സമിതിയുടെ ആഭിമുഖ്യത്തിൽ ഗുണഭോക്താക്കൾ, സാങ്കേതിക വിദഗ്ദ്ധർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ ശിൽപശാല സംഘടിപ്പിക്കുക. ഇതിനാവശ്യമുള്ള റിസോഴ്സ് പേഴ്സൺമാർക്ക് കില പരിശീലനം നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി നടക്കുന്നു എന്നുറപ്പാക്കാൻ മേൽനോട്ട സംവിധാനം ആവശ്യമെങ്കിൽ അതുൾപ്പെടെ ഈ ശിൽപശാലയുടെ തുടർച്ചയായി രൂപപ്പെടണം. ഇത്തരം സംവിധാനം ഓരോ ഗുണഭോക്താവിനും ആവശ്യമായ പിന്തുണ നൽകിക്കൊണ്ട് പദ്ധതി പൂർത്തീകരണം വരെ സജീവമായി പ്രവർത്തിക്കണം.
5. ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിലെ ഐ.എ.വൈ അടക്കമുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ സഹായം നൽകാൻ ബ്ലോക്ക് പ്രസിഡന്റ്, ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എഞ്ചിനീയർ എന്നിവരുൾക്കൊള്ളുന്ന ഒരു മേൽനോട്ട സംവിധാനം ബ്ലോക്കു തലത്തിൽ ഉണ്ടാകുന്നതു നല്ലതാണ്. ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പൊതുപ്രവർത്തകർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ കൂടി ആവശ്യമെങ്കിൽ ഈ സംവിധാനത്തിൽ ഉൾപ്പെടുത്താം. ബ്ലോക്കു പ്രദേശത്തെ ഭവന പദ്ധതിയുടെ മുഖ്യചുമതലക്കാരനായി ഹൗസിങ്ങ് ഓഫീസറെ ചുമതല ഏൽപ്പിക്കാവുന്നതാണ്.

ഭവനരഹിത കുടുംബങ്ങളില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനം എന്ന പദവിയിലേയ്ക്ക് കേരളത്തെ എത്തിക്കാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കു കഴിയും. ഇതു വിജയിപ്പിക്കാൻ നല്ലവരായ എല്ലാവിഭാഗം ജനങ്ങളുടെയും സഹായ സഹകരണങ്ങൾ ലഭിക്കുകയും ചെയ്യും. എല്ലാ ജനവിഭാഗങ്ങളുടെയും പിന്തുണയോടെ സമ്പൂർണ്ണ ഭവന പദ്ധതി വിജയിപ്പിക്കാനാവശ്യമായ നേതൃത്വം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും പ്രഥമ പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.


6. ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ അനുയോജ്യമായ ഒരു ജില്ലാതല സഹായ സംവിധാനം രൂപപ്പെടുത്തി പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് നേതൃത്വം നൽകേണ്ടതാണ്.

ഭവനരഹിത കുടുംബങ്ങളില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനം എന്ന പദവിയിലേയ്ക്ക് കേരളത്തെ എത്തിക്കാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കു കഴിയും. ഇതു വിജയിപ്പിക്കാൻ നല്ലവരായ എല്ലാവിഭാഗം ജനങ്ങളുടെയും സഹായ സഹകരണങ്ങൾ ലഭിക്കുകയും ചെയ്യും. എല്ലാ ജനവിഭാഗങ്ങളുടെയും പിന്തുണയോടെ സമ്പൂർണ്ണ ഭവന പദ്ധതി വിജയിപ്പിക്കാനാവശ്യമായ നേതൃത്വം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും പ്രഥമ പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ■

EMS

# ഇ.എം.എസ്

## സമ്പൂർണ്ണ ഭവന പരിപാടി



## പാവപ്പെട്ടവന്റെ പാർപ്പിടപ്രശ്നത്തിന് പരിഹാരം

ഏതൊരു പൗരനും അന്തസ്സുറ്റ ജീവിതം നയിക്കാനുതകുന്ന ഒരു പാർപ്പിടം ഉറപ്പു വരുത്തേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. പാർപ്പിടം എന്നത് അടിസ്ഥാന ആവശ്യവും മൗലികാവകാശവുമാണ്. പാർപ്പിടവും പ്രാഥമിക സൗകര്യങ്ങളും ഇല്ലാത്തത്, ദാരിദ്ര്യത്തിന്റെ ദൃഷ്ടാന്തമാണ്. പാർപ്പിടം വ്യക്തിപരവും സാമൂഹ്യവുമായ നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നു. സാമൂഹ്യസുരക്ഷയുടെയും സ്വത്തബോധത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീകമാണത്. ഒരു സാമ്പത്തിക പ്രവർത്തനമെന്ന നിലയിൽ, ഭവനനിർമ്മാണം തൊഴിലും വരുമാനവും സൃഷ്ടിക്കുന്നു. സാമ്പത്തികരംഗത്ത് വളർച്ചയുടെയും വേഗതയുടെയും ഫലമുളവാക്കുന്ന ബന്ധങ്ങൾ കണക്കിലെടുത്താൽ, ഗ്രാമീണ മേഖലയിൽ, ഭവനനിർമ്മാണവും സങ്കേത വികസനവും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ഒരു ഫലപ്രദമായ പരിപാടിയാണ്.

1970കളുടെ മദ്ധ്യം മുതൽ കേരളത്തിൽ ഭവനനിർമ്മാണ മേഖലയിലെ നിക്ഷേപം വളരെ ഉയർന്നതാണ്. രാജ്യത്തെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പാർപ്പിടങ്ങളുടെ എണ്ണത്തിലും ഗുണമേന്മയിലും അതു പ്രതിഫലിക്കുന്നുണ്ട്. 2001 ലെ ജനസംഖ്യ കണക്കു പ്രകാരം സംസ്ഥാനത്തെ കുടുംബങ്ങളും പാർപ്പിടങ്ങളും തമ്മിലുള്ള അന്തരം ഒരു ശതമാനത്തിൽ താഴെയായിരുന്നു. ഭവനങ്ങളുടെ ഗുണമേന്മയുടെ കാര്യത്തിൽ അസമത്വം വർദ്ധിച്ചു വരുന്നു. 2001 സെൻസസ് പ്രകാരം ഗുണമേന്മയില്ലാത്ത, ശോചനീയമായ വീടുകളിൽ കഴിയുന്നവർ 8 ശതമാനത്തിലധികമാണ്. സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി, സ്ഥലവും വീടുമില്ലാത്ത 2 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്കും വീടില്ലാത്ത 1.28 ലക്ഷം കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാനുള്ള സർക്കാരിന്റെ പരിശ്രമം വിജയിച്ചതായി കാണുന്നില്ല. അതിനാൽ വരുന്ന രണ്ടു വർഷത്തിനുള്ളിൽ ഗ്രാമ/നഗര ദരിദ്രരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുകയാണ് സർക്കാർ നയം. തദ്ദേശസ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന ഇ.എം.എസ് ഭവന പദ്ധ

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

കവർസ്റ്റോറി

# ലക്ഷ്യം

എല്ലാ ബി.പി.എൽ
ഭൂരഹിത കുടുംബങ്ങൾക്കും
ഭൂമിയും വീടും.
എല്ലാ ബി.പി.എൽ
ഭവനരഹിത
കുടുംബങ്ങൾക്കും വീട്.

തിയിലൂടെ ദരിദ്രരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുകയാണ് ഉദ്ദേശ്യം.

**നിലവിലുള്ള സ്ഥിതി**


അധികാര വികേന്ദ്രീകരണത്തെ തുടർന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾ ദരിദ്ര കുടുംബങ്ങൾക്കും ദുർബല ജന വിഭാഗങ്ങൾക്കും വീട് നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതത്തിന്റെ ഗണ്യമായ ഭാഗം വിനിയോഗിച്ചിട്ടുണ്ട്. അതിനുപുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ പദ്ധതികളിലായി വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഇതിന്റെ ഫലമായി ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ സാധിച്ചു. എന്നിരുന്നാലും വീടോ, വീടു നിർമ്മിക്കാൻ സ്ഥലമോ ഇല്ലാത്ത ലക്ഷക്കണക്കിന് കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. മാത്രമല്ല, ഫലപ്രദമായ ആസൂത്രണത്തിന്റെ അഭാവം കാരണം സാമ്പത്തിക സഹായം ലഭിച്ചെങ്കിൽ പോലും പല കുടുംബങ്ങൾക്കും വീട് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല. നിർമ്മാണം പൂർത്തിയാക്കുന്നതിന് ഭീമമായ പലിശയ്ക്ക് കടം വാങ്ങേണ്ടി വന്നതിനാൽ പല കുടുംബങ്ങളും കടക്കെണിയിലാവുകയും കിടപ്പാടം വിൽക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മിച്ച വീട് വിറ്റ ശേഷം വീണ്ടും വീട് നിർമ്മാണത്തിനുള്ള ധന സഹായം നേടിയെടുത്ത അപൂർവം സംഭവങ്ങളുമുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള വീടുകൾ തൃപ്തികരമായി പൂർത്തിയാക്കണമെങ്കിൽ, മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രശ്നങ്ങളും കാരണങ്ങളും അപഗ്രഥിക്കുകയും ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

**നിലവിലുള്ള പദ്ധതികളിലെ ദൗർബല്യങ്ങൾ**

- ഫണ്ടിന്റെ അപര്യാപ്തത കാരണം വീട് നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ തുകയും ഗ്രാന്റായി നൽകാൻ സാധിക്കുന്നില്ല.
- ഗുണഭോക്താക്കൾക്ക് സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ അധികം വേണ്ടി വരുന്ന തുക സമാഹരിക്കാൻ കഴിയുന്നില്ല.
- വീട് നിർമ്മാണത്തിന് എത്ര തുക ചെലവ് വരുമെന്ന് ഗുണഭോക്താക്കൾക്ക് വ്യക്തമായ ധാരണയില്ല, സമാഹരിക്കാൻ കഴിയുന്ന തുകയെ കുറിച്ചും വ്യക്തമായ ധാരണയില്ല.
- മെച്ചപ്പെട്ട സൗകര്യങ്ങളുള്ള വീട് വേണമെന്ന ആഗ്രഹം.
- ഭവന പദ്ധതിയിൽ നിന്നും കൈപ്പറ്റുന്ന ഫണ്ടുപയോഗിച്ച് വലിയ വീടുകൾ പ്ലാൻ ചെയ്യുന്നു.
- പ്ലാൻ, അടങ്കൽ, നിർമ്മാണസാധനങ്ങൾ, നിർമ്മാണരീതി, നിർമ്മാണ കാലഘട്ടം എന്നിവ നിശ്ചയിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം യാതൊരുവിധ സാങ്കേതിക സഹായവും ലഭ്യമാക്കുന്നില്ല.
- ചെലവ് കുറഞ്ഞ രീതിയിൽ പ്രാദേശികമായി ലഭ്യമാക്കാൻ പറ്റുന്ന സാധനങ്ങൾക്ക് പകരം വളരെ അകലെ നിന്ന് കൂടിയ വിലയ്ക്ക് സാധനങ്ങൾ സമാഹരിക്കുന്നു. വിവിധ നിർമ്മാണ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് എപ്പോൾ എവിടെ നിന്ന് സംഭരിക്കാൻ കഴിയും എന്ന് ഗുണഭോക്താവിന് അറിയില്ല.
- ചെലവ് കുറഞ്ഞ നിർമ്മാണ രീതി അറിയില്ല. നിർമ്മാണത്തിൽ അധിക ചെലവ്.
- മരം, മണൽ, മെറ്റൽ, ചെങ്കല്ല്, ഇഷ്ടിക തുടങ്ങിയവയുടെ ദൗർലഭ്യം,


ELEVATION



SECTION AA


GROUND FLOOR PLAN


കവർസ്റ്റോറി




SECTION AA



ELEVATION




GROUND FLOOR PLAN

## ഗുണഭോക്താക്കൾ

- ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ
- ഇതിനു പുറമേ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ, മറ്റ് വിഭാഗക്കാർ.

ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത-ഭവനരഹിത/ഭവനരഹിത കുടുംബങ്ങളുടെ അർഹത പരിശോധിക്കുന്നതിന് ഫോറം നമ്പർ 1 ഉം, പുതിയതായി ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി പട്ടികവർഗ്ഗ, പരമ്പരാഗത മത്സ്യത്തൊഴിലാളി, അഗതി കുടുംബങ്ങൾ, മറ്റു വിഭാഗം എന്നിവരുടെ അർഹത പരിശോധിക്കുന്നതിന് ഫോറം നമ്പർ 2 ഉം ഉപയോഗിക്കുന്നു. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരാണെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

വിലക്കയറ്റം.

- വിദഗ്ദ്ധതൊഴിലാളികളുടെ ദൗർലഭ്യം, വേതനവർദ്ധനവ്.
- ആസൂത്രണത്തിലും പ്രവൃത്തി നിർവഹണത്തിലും ഉള്ള പരിചയ കുറവ്, ദൗർബല്യം.
- സാമ്പത്തിക സഹായം (ഗഡുക്കൾ) വിതരണം ചെയ്യുന്നതിലുള്ള കാലതാമസം.
- മോണിറ്ററിംഗിന്റെ അഭാവം.

**തന്ത്രം**

യഥാർത്ഥത്തിൽ ദുർബലരും ആവശ്യക്കാരുമായ ഭവനരഹിതർക്ക് ഭാവിയിൽ വിലമതിക്കാവുന്ന സ്വത്തായി ഭവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതി. ഇപ്പോൾ കേരളത്തിലെ ഭവനരഹിതരായ പാവപ്പെട്ടവരും ആധുനിക സൗകര്യങ്ങളുള്ള മേന്മയേറിയ വീടുകൾ നിർമ്മിക്കാൻ അഭിലഷിക്കുന്നു.ആധുനിക സാമഗ്രികളും സാങ്കേതികവിദ്യയും അപ്രാപ്യമായതിനാൽ, പരമ്പരാഗത നിർമ്മാണ സാമഗ്രികളെയും സാങ്കേതികവിദ്യയെയും അവരാശ്രയിക്കുന്നു. സർക്കാർ ഭവന പദ്ധതികളിൽ നിന്ന് ലഭ്യമാകുന്ന സാമ്പത്തിക സഹായം അവരുടെ ആവശ്യങ്ങൾക്ക് തികയുന്നില്ല. ഭവന പദ്ധതിയിൽ നിന്ന് കൈപ്പറ്റുന്ന ഫണ്ടുപയോഗിച്ച് അവർ വലിയ വീടുകൾ പ്ലാൻ ചെയ്യുന്നു. അധികനിക്ഷേപം വേണ്ടതാണത്. മാത്രമല്ല ഈ പണം ഭവനേതരാവശ്യങ്ങൾക്കും ചെലവാക്കുന്നു! രണ്ടു കാര്യങ്ങളിലും ഭവനനിർമ്മാണം യാഥാർത്ഥ്യമാകുന്നില്ല. അതിനാൽ ഇന്നത്തെ ഭവന പദ്ധതികൾ ധനചോർച്ചയ്ക്കും (ധനനഷ്ടം) വിഭവങ്ങൾ പാഴാക്കാനും ഇടയാക്കുന്നു. ജനാധിപത്യ അധികാരവികേന്ദ്രീകൃത ആസൂത്രണം ഈ സ്ഥിതിക്കുമാറ്റം വരുത്താൻ അവസരമുണ്ടാക്കുന്നു. സംസ്ഥാനതലത്തിൽ, ഒരു വിശാല ചട്ടക്കൂടിനുള്ളിൽ, പ്രാദേശികതലത്തിൽ പരമദരിദ്രന് ഒരു സ്വതന്ത്ര പാർപ്പിടം ലഭ്യമാക്കാനും വീടില്ലാത്ത മറ്റ് ദരിദ്രർക്ക് ഭാവിയിൽ വിപുലീകരിക്കാവുന്ന/മാറ്റം വരുത്താവുന്ന/നവീകരിക്കാവുന്ന വീടുകൾ സ്വന്തമാക്കാനും ആകണം ഈ തന്ത്രം.

**സമീപനം**

ഗ്രാമീണനഗര ദരിദ്രർക്കായി ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്ന എല്ലാ (ദേശീയ-പ്രാദേശിക) തലങ്ങളെയും സർക്കാരേതര ഏജൻസികളെയും ഏകോപിപ്പിക്കുവാനുള്ള ഒരു സമഗ്ര സമീപനം ആവശ്യമാണ്. പ്രാദേശിക സവിശേഷതകളുള്ളതാണ് പാർപ്പിട പ്രശ്നമെന്നതിനാൽ അർഹരായവരെ കണ്ടെത്തലും കർമ്മപരിപാടി തയ്യാറാക്കലും പദ്ധതി നടപ്പാക്കലും മോണിറ്ററിംഗും പ്രാദേശിക സർക്കാരുകളുടെ ചുമതലയിലാണ്.

### ആസൂത്രണത്തിനും നിർവഹണത്തിനുമുള്ള സംവിധാനങ്ങൾ

**സന്നദ്ധസാങ്കേതിക സമിതി രൂപീകരണം**

തദ്ദേശഭരണസ്ഥാപനത്തിലെ എഞ്ചിനീയർമാർ, ഓവർസീയർമാർ, ബിൽഡിംഗ് ഇൻസ്പെക്ടർമാർ, മറ്റ് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സാങ്കേതിക ജീവനക്കാർ, ലൈസൻസ്ഡ് എഞ്ചിനീയർമാർ/ബിൽഡിംഗ് സർവേയർമാർ, ഐ.ടി.ഐ., പോളിടെക്നിക്ക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവയിലെ സാങ്കേതിക വിദഗ്ദ്ധർ, പെൻഷൻ പറ്റി പിരിഞ്ഞ സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സന്നദ്ധ സാങ്കേതിക സമിതി രൂപീകരിക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ/മേയർ ആണ് ഈ സമിതി രൂപീകരണത്തിന് യോഗം വിളിക്കേണ്ടത്. ഈ സമിതിയുടെ കൺവീനർ തദ്ദേശഭരണ സ്ഥാപനത്തിലെ സീനിയർ എഞ്ചിനീയറായിരിക്കണം. ഗ്രാമപഞ്ചായത്താണെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ. ചെയർമാൻ സമിതിയിലെ സീനിയറായ അനൗദ്യോഗിക എഞ്ചിനീയർ ആയിരിക്കണം.

കവർസ്റ്റോറി

### സമിതിയുടെ ചുമതലകൾ


- വ്യത്യസ്ത പ്രദേശങ്ങൾക്ക്/വിഭാഗങ്ങൾക്ക് അനുയോജ്യമായ 25 ച.മീ. മുതൽ 40 ച.മീ. വരെയുള്ള വിവിധ തരം കോർഹൗസ് പ്ലാനുകൾ, അവ ഓരോന്നിന്റെയും അടങ്കൽ, വിവിധതരം നിർമ്മാണസാധനങ്ങളുടെ അളവുകൾ, വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം എന്നിവ തയ്യാറാക്കുക.
- തദ്ദേശഭരണസ്ഥാപനം സംഘടിപ്പിക്കുന്ന ശില്പശാലകളിൽ ഗുണഭോക്താക്കൾക്ക് കോർഹൗസ് പ്ലാനുകളും, അടങ്കലുകളും, നിർമ്മാണ രീതികളും, വരുത്താവുന്ന ഭേദഗതികളും അവ കാരണമുണ്ടാവുന്ന അധിക ചെലവുകളും വിശദീകരിച്ച് കൊടുക്കുക. ഭേദഗതി ചെയ്ത പ്ലാനും, അടങ്കലും തയ്യാറാക്കി നൽകുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിന് വേണ്ടി പ്ലാനും, സൈറ്റ് പ്ലാനും, സർവ്വീസ് പ്ലാനും തയ്യാറാക്കി കൊടുക്കുക.
- പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിനാവശ്യമായ അടങ്കലുകളും ധനകാര്യ വിശകലനവും മറ്റു സാങ്കേതിക വിവരങ്ങളും തയ്യാറാക്കി നൽകുക.
- വീട് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ സംഭരിക്കുന്നതിനും വീട് നിർമ്മാണത്തിനും സാങ്കേതിക ഉപദേശങ്ങൾ നൽകുക.
- യുവതി യുവാക്കൾക്ക് നിർമ്മാണ പ്രവൃത്തിയിൽ വൈദഗ്ദ്ധ്യപോഷണ പരിശീലനം നൽകുക.
- വാസയോഗ്യമല്ലാത്ത വീടുകൾ പരിശോധിക്കുകയും പരിഷ്കരണത്തിന് ആവശ്യമായ അടങ്കലുകൾ തയ്യാറാക്കുകയും ചെയ്യുക.


### പ്രോജക്ട് റിപ്പോർട്ട്

തദ്ദേശഭരണസ്ഥാപനത്തിലെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ/വാർഡ് സഭകളിൽ നിന്ന് ലഭിച്ചിട്ടുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റുകൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റനുസരിച്ച്, ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.


### സന്നദ്ധസംഘടനകളുമായി ചർച്ച

തദ്ദേശഭരണസ്ഥാപനത്തിലെ കലാ സാംസ്കാരിക സംഘടനകൾ, ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, വ്യാപാരി വ്യവസായി സമിതികൾ, മറ്റു സന്നദ്ധസംഘടനകൾ, ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, ജേസീസ് എന്നിവയുടെ



ELEVATION





GROUND FLOOR PLAN

FLOOR AREA - 28.27 Sq.m


- 305.00 Sq.ft

## ഗുണഭോക്തൃ തെരഞ്ഞെടുപ്പ്


- അർഹതാ പരിശോധന ടീമിൽ കുറഞ്ഞത് 2 ഉദ്യോഗസ്ഥരെങ്കിലും ഉണ്ടായിരിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെയുള്ള ജീവനക്കാരെ പരിശോധനാ ടീമിൽ ആവശ്യാനുസരണം ഉൾപ്പെടുത്താവുന്നതാണ്.
- ഒരു പഞ്ചായത്തിൽ ആവശ്യാനുസരണം രണ്ടോ മൂന്നോ ടീമുകളെ ചുമതലപ്പെടുത്താവുന്നതാണ്.
- മുനിസിപ്പാലിറ്റി /കോർപ്പറേഷൻ തലങ്ങളിൽ അഞ്ച് വാർഡുകൾക്ക് 1 എന്ന രീതിയിൽ ടീമുകളെ ചുമതലപ്പെടുത്താവുന്നതാണ്.
- ടീം അംഗങ്ങൾക്ക് കൂട്ടുത്തരവാദിത്വമായിരിക്കും. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന ലിസ്റ്റിൽ അനർഹർ കടന്നുകൂടുന്നില്ലായെന്ന് ഉറപ്പുവരുത്തണം.
- അനർഹർ അന്തിമലിസ്റ്റിൽ കടന്നുകൂടുകയും അവർക്ക് ധനസഹായം നൽകുകയും ചെയ്താൽ മുതലും പലിശയും പരിശോധനാ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.
- അർഹരായവർ വിട്ടുപോയിട്ടുണ്ടെങ്കിൽ നിരന്തര പരിശോധനയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണ്.
- പരിശോധനാ ടീം സ്ഥലം സന്ദർശിച്ച് നേരിട്ട് വിവരങ്ങൾ ശേഖരിക്കണം
- അർഹരായ ഗുണഭോക്താക്കളെ നിലവിലുള്ള വീടിനു മുന്നിൽ നിർത്തിയ ഡിജിറ്റൽ ഫോട്ടോ എടുക്കണം.
- ഈ രീതിയിൽ തയ്യാറാക്കുന്ന ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.



SECTION AA



LOFT PLAN
FLOOR AREA - 9.14 Sq.m - 98.00 Sq.ft
TOTAL FLOOR AREA - 41.58 Sq.m - 447.00 Sq.ft



GROUND FLOOR PLAN
FLOOR AREA - 32.44 Sq.m - 349.00 Sq.ft

പ്രതിനിധികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേധാവികൾ, എൻ.സി.സി, സ്കൗട്ട്, ഗൈഡ്, എൻ.എസ്.എസ് എന്നിവയുടെ ചുമതലയുള്ള അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ/മേയർ യോഗം വിളിച്ചു ചേർക്കുകയും ഈ ഭവന നിർമ്മാണ പദ്ധതിയെ കുറിച്ച് വിശദീകരിക്കുകയും സഹായ സഹകരണങ്ങൾക്ക് വേണ്ടി അഭ്യർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്. ഓരോ വിഭാഗവും വാഗ്ദാനം ചെയ്യുന്ന സംഭാവനകൾ (പണം, സാധനം, സന്നദ്ധ സേവനം) രേഖപ്പെടുത്തേണ്ടതാണ്. അത്തരം സംഭാവനകൾ യഥാസമയം ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ശ്രദ്ധിക്കുകയും ചെയ്യണം.

### ശില്പശാല

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ സങ്കേതിക ജീവനക്കാരും, സന്നദ്ധ സാങ്കേതിക സമിതിയംഗങ്ങളും, തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഗുണഭോക്താക്കളും, എല്ലാ വാർഡ് മെമ്പർമാരും യി വരുന്ന അധിക ചെലവുകളും വ്യക്തമാക്കി കൊടുക്കണം. അത്തരം വിശദീകരണങ്ങൾക്ക് ശേഷം ഓരോ ഗുണഭോക്താവിനും സ്വീകാര്യമായ രീതിയിൽ പ്ലാനും അടങ്കലും ഭേദഗതി ചെയ്യണം. ഇങ്ങനെ വരുത്തുന്ന ഭേദഗതികൾ മൂലമുണ്ടാകുന്ന അധിക ചെലവ് ഗുണഭോക്താവ് തന്നെ വഹിക്കേണ്ടി വരുമെന്ന് ചൂണ്ടികാണിക്കേണ്ടതാണ്.

### കരാർ ഉടമ്പടി

ശില്പശാലയിൽ പ്ലാനും അടങ്കലും തദ്ദേശഭരണസ്ഥാപനത്തിന്റെ ഗ്രാന്റും, ഗുണഭോക്തൃവിഹിതവും നിശ്ചയിച്ചു കഴിഞ്ഞാൽ, 50 രൂപയുടെ മുദ്രപത്രത്തിൽ ഗുണഭോക്താവും, തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ, നിശ്ചിത മാതൃകയിലുള്ള കരാർ ഉടമ്പടി വയ്ക്കേണ്ടതാണ്. പ്രസ്തുത ഉടമ്പടിയിൽ, നിർമ്മിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം, മൊത്തം അടങ്കൽ, തദ്ദേശഭരണസ്ഥാപനത്തിന്റെ ഗ്രാന്റ്, എത്ര ഗഡുക്കളായി എപ്പോഴെല്ലാം, ഗുണഭോക്തൃവിഹിതം, നിർമ്മാണം പൂർത്തിയാക്കാനുള്ള സമയം

## മാനദണ്ഡങ്ങൾ

- ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള സർക്കാർ മാനദണ്ഡം അടിസ്ഥാനമാക്കിയായിരിക്കണം.
- ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നതിനു വേണ്ടിയുള്ള നിശ്ചിത മാർക്ക് ലഭിക്കാത്തവരുടെ അപേക്ഷ നിരസിക്കും.
- കുടുംബത്തിൽ ആർക്കും സ്വന്തമായി ഭൂമിയില്ലാത്തതും പൈതൃകമായി ഭൂമി കിട്ടാനില്ലാത്തതുമായ കുടുംബങ്ങളാണ് ഭൂരഹിത കുടുംബം.
- നിലവിൽ വീടില്ലാത്തതോ, കുടിലുകൾ, അപകടകരമായ നിലയിലുള്ള വീടുകൾ എന്നിവയ്ക്കു പകരമായാണ് പുതിയ വീടുകൾ.
- നിലവിൽ ഒന്നിച്ചു താമസിക്കുന്ന ഒരു കുടുംബത്തെ വിഭജിക്കുന്നതിനല്ല പുതിയ വീട്.


പങ്കെടുക്കുന്ന ഒരു ശില്പശാല തദ്ദേശഭരണസ്ഥാപനത്തിലെ സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതാണ്. ഗുണഭോക്താക്കൾ കൂടുതലുണ്ടെങ്കിൽ ഈ ശില്പശാല ഒന്നിൽ കൂടുതൽ ദിവസമാകാം.അല്ലെങ്കിൽ വാർഡു തലത്തിലാവാം. ഈ ശില്പശാലയിൽ സന്നദ്ധസാങ്കേതിക സമിതി അംഗങ്ങളും ഗുണഭോക്താക്കളും ചെറിയ ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞ്, സന്നദ്ധസാങ്കേതിക സമിതി അംഗങ്ങൾ ഓരോ ഗുണഭോക്താവിനും കോർ ഹൗസ് പ്ലാനും അടങ്കലും ആവ ശ്യമായ നിർമ്മാണസാധനങ്ങളുടെ അളവുകളും, നിർമ്മാണരീതികളും വിശദീകരിച്ചു കൊടുക്കേണ്ടതാണ്.ഗുണഭോക്താവിന്റെ സാമ്പത്തിക ശേഷിക്കനുസരിച്ച് വരുത്താവുന്ന ഭേദഗതികളും വിപുലീകരണ സാധ്യതകളും അതിനാവശ്യമാ എന്നിവ വ്യക്തമാക്കേണ്ടതാണ്.

### നിർമ്മാണം, നിർമ്മാണ കമ്മിറ്റി

സാധാരണനിലയിൽ ഗുണഭോക്താവ് തന്നെയാണ് നിർമ്മാണ സാധനങ്ങൾ സംഭരിക്കുകയും തൊഴിലാളികളെ നിയോഗിക്കുകയും ചെയ്തുകൊണ്ട് നിർമ്മാണപ്രവൃത്തി നടത്തിക്കുക. എന്നാൽ ചില ഗുണഭോക്താക്കൾക്ക് അതിനുള്ള ശേഷിയോ, പരിചയമോ ഉണ്ടാവില്ല. അത്തരം ഗുണഭോക്താക്കളുടെ വീടുകൾ നിർമ്മിക്കുന്നതിന് പ്രാദേശികതലത്തിലോ, വാർഡ് തലത്തിലോ നിർമ്മാണകമ്മിറ്റി രൂപീകരിക്കേണ്ടതാണ്. വാർഡ് മെമ്പർ, സന്നദ്ധസാങ്കേതിക സമിതി അംഗം, കുടുംബശ്രീ ഭാരവാഹി, അയൽക്കൂട്ടം കൺവീനർ, വാർഡ് വികസനസമിതിയംഗം, പരിചയസമ്പന്നനാ

## സാമ്പത്തികം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും അവരുടെ ആകെ വികസന ഫണ്ടിന്റെ (അനുബന്ധം 4 പ്രകാരം) 15% ത്തിൽ കുറയാത്ത തുക ഭവന പരിപാടിക്കുവേണ്ടി വകയിരുത്തണം. ഇതിനുപുറമേ 2011 മാർച്ച് 31-നു മുമ്പ് ഭവന പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശത്ത് പദ്ധതിക്കാവശ്യമായ തുക സഹകരണ/വാണിജ്യ ബാങ്കുകളിൽ നിന്ന് കടമെടുക്കാവുന്നതാണ്. ഇങ്ങനെ കടമെടുക്കുന്ന തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓരോ വർഷത്തെയും വികസന ഫണ്ടിന്റെ 15 ശതമാനം തുക ഉപയോഗിച്ച് 10 വർഷം കൊണ്ട് അടച്ചു തീർക്കാവുന്ന രീതിയിലാണ് കടമെടുക്കേണ്ടത്. ഇങ്ങനെ കടമെടുക്കുന്ന തുകയുടെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനവും പലിശ സംസ്ഥാന സർക്കാരും നൽകും. ഇന്ത്യയിൽ ആദ്യത്തേതായ ഇത്തരമൊരു പദ്ധതിക്ക് അധിക കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. ഉദാരമതികളായ വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഇ.എം.എസ് ഭവന നിധിയും രൂപീകരിക്കുന്നുണ്ട്. ഐ.എ.വൈ ഭവന പദ്ധതി, ഐ.എച്ച്.എസ്.ഡി.പി,ബി.എസ്.യു.പി സ്കീമുകൾ എന്നിവ ഇ.എം.എസ് ഭവന പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കണം. നഗരസഭകൾ കഴിയാവുന്നത്ര വീടുകൾ ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി സ്കീമുകളിൽപ്പെടുത്തി നിർമ്മിക്കാൻ ശ്രമിക്കണം. ഇതിനാവശ്യമായ നഗരസഭാ വിഹിതം നഗരസഭ കണ്ടെത്തിയാൽ മതിയാകും.




SECTION AA

ya പൊതു പ്രവർത്തകൻ, ഗുണഭോക്താവിന്റെ പ്രതിനിധി എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഏഴ് അംഗ കമ്മിറ്റിയാണ് രൂപീകരിക്കേണ്ടത്. കമ്മിറ്റിയുടെ കൺവീനർ കുടുംബശ്രീ ഭാരവാഹിയും ചെയർമാൻ വാർഡ് മെമ്പറുമാകാം. നിർമ്മാണസാധനങ്ങൾ സംഭരിക്കുക, തൊഴിലാളികളെ നിയോഗിക്കുക, സംഭാവനകളും സന്നദ്ധസേവനവും സമാഹരിക്കുക, നിർമ്മാണ പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുക തുടങ്ങിയവ ഈ കമ്മിറ്റിയുടെ ചുമതലയായിരിക്കും. വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടത് ഗുണഭോക്താവ് തന്നെയാണ്. ഈ കാര്യത്തിൽ ഗുണഭോക്താവിന് ആവശ്യമാണെങ്കിൽ കമ്മിറ്റിയുടെ സഹായം സ്വീകരിക്കാവുന്നതാണ്. പ്രവൃത്തിയുടെ ഒരോ ഘട്ടവും പൂർത്തിയായി കഴിഞ്ഞാൽ തദ്ദേശഭരണസ്ഥാപന നിർവ്വഹണ ഉദ്യോഗസ്ഥനേയും മോണിട്ടറിംഗ് കമ്മിറ്റിയെയും അറിയിക്കേണ്ട ചുമതലയും ഗുണഭോക്താവിനുണ്ടായിരിക്കും. നിർമ്മാണത്തിൽ ഗുണഭോക്തൃ കുടുംബത്തിന്റെ സന്നദ്ധസേവനം വഴിയുള്ള പങ്കാളിത്തം ഉറപ്പാക്കണം.


### പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ ചെയർപേഴ്സണായും, ഭവന നിർമ്മാണ പദ്ധതിയുടെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ, കുടുംബശ്രീ സി.ഡി.എസ് പ്രസിഡന്റ്, കുടുംബശ്രീ ചുമതലയുള്ള ഓഫീസർ, ഭവന നിർമ്മാണ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായും തദ്ദേശഭരണ സ്ഥാപന സെക്രട്ടറി കൺവീനറായും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. സന്നദ്ധസാങ്കേതിക സമിതിയുടെയും, നിർമ്മാണകമ്മിറ്റികളുടെയും, മോണിട്ടറിംഗ് കമ്മിറ്റികളുടെയും ഏകോപനം, സംസ്ഥാന സർക്കാരും ജില്ലാ ആസൂത്രണ സമിതിയും നിർവ്വഹിക്കണം. അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികളെ വീട് നിർമ്മാണം ഏൽപ്പിക്കുക, വാഗ്ദാനം ചെയ്യപ്പെട്ട സംഭാവനകളും, സന്നദ്ധസേവനവും ലഭ്യമാക്കുക, മരം, മണൽ, സിമന്റ്, കമ്പി, ഓട് എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കൽ, മറ്റു നിർമ്മാണസാധനങ്ങൾ ഓരോ പ്രദേശത്തും പരമാവധി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുക, എല്ലാ വീടികളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ എടുക്കുക തുടങ്ങിയവ ഈ കമ്മിറ്റികളുടെ ചുമതലയായിരിക്കും.




ELEVATION


ഓരോ വീടിനും ആവശ്യമായ വിവിധതരം സാധനങ്ങൾ ഗുണഭോക്താവ് തന്നെ സംഭരിക്കുമ്പോൾ അളവ് കുറ



GROUND FLOOR PLAN




SECTION AA



ELEVATION



GROUND FLOOR PLAN

വായതിനാൽ വില കൂടുതലായിരിക്കും. എന്നാൽ ഒരു തദ്ദേശഭരണ സ്ഥാപനം നിർമ്മിക്കുന്ന വീടുകളുടെ മൊത്തം ആവശ്യങ്ങൾക്കനുസരിച്ച് സംഭരിക്കുമ്പോൾ താരതമേന്യ കുറഞ്ഞ വിലയ്ക്ക് സംഭരിക്കാൻ സാധിക്കും.

മാത്രമല്ല, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ മരവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കടവുകളിൽ നിന്ന് മണലും സൗജന്യമായി സംഭരിക്കാം. പൊതുമേഖല-സ്വകാര്യ മേഖലകളിൽ ഉള്ള ഫാക്ടറികളിൽ നിന്നും കമ്പി, സിമന്റ്, ഓട് എന്നിവ പരമാവധി ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കാവുന്നതാണ്.

ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനും ഭൂവുടമകളുമായി ചർച്ച നടത്തി വില നിശ്ചയിക്കുന്നതിനും സർക്കാർ നിബന്ധനകൾക്കനുസരിച്ച്വിലയ്ക്കെടുക്കുന്നതിനും മേൽനോട്ടം വഹിക്കാവുന്നതാണ്.

**മോണിട്ടറിംഗ് കമ്മിറ്റി**

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന് പുറമേ, സന്നദ്ധസാങ്കേതിക സമിതി ചെയർമാൻ, കൺവീനർ, ഗ്രാമസഭ/വാർഡ് സഭ നിർദ്ദേശിക്കുന്ന ഒരു പൊതുപ്രവർത്തകൻ/പൊതു പ്രവർത്തക, കുടുംബശ്രീ എ.ഡി.എസ് എന്നിവരടങ്ങുന്ന ഒരു അഞ്ചംഗ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കണം. ഓരോ വാർഡിലും കൂടുതൽ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ വാർഡ് തല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. നിർമ്മാണ ഘട്ടത്തിൽ പരിശോധന നടത്തുകയും, പോരായ്മകൾ കണ്ടാൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഓരോ ഘട്ടവും പൂർത്തിയാക്കി കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യേണ്ടത് മോണിട്ടറിംഗ് കമ്മിറ്റിയാണ്. പ്രവൃത്തി വളരെ പതുക്കെയാണെങ്കിലോ നിർത്തിവെച്ചിട്ടുണ്ടെങ്കിലോ കാരണങ്ങൾ അന്വേഷിക്കുകയും അത് തദ്ദേശഭരണസ്ഥാപന സെക്രട്ടറിയെ അറിയിക്കുകയും ചെയ്യണം.

**സമാന്തര വിലയിരുത്തൽ**

താഴെ പറയുന്ന രീതിയിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്താവുന്നതാണ്.

1. കുടുംബശ്രീ മുഖേന സാമൂഹ്യ

## ഭൂരഹിത-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കൽ

ഭൂരഹിത ഭവനരഹിതരാണ് പ്രഥമ പരിഗണന അർഹിക്കുന്നത്. ഇവർക്ക് ഭൂമി ലഭ്യമാക്കുന്ന പ്രവർത്തനം ആദ്യവർഷത്തിൽ തന്നെ പൂർത്തിയാക്കിയാൽ മാത്രമേ രണ്ടാം ഘട്ടമായ ഭവന നിർമ്മാണ പദ്ധതി കാലാവധിക്കകത്ത് പൂർത്തിയാക്കാൻ കഴിയുകയുള്ളു. ഭൂലഭ്യതയാണ് ഏറ്റവും ഗൗരവമായ പരിഗണന അർഹിക്കുന്നത്. ഭൂരഹിത ഭവന രഹിതരെ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുകയാണ് ഇതിൽ പ്രധാനം. കുടുംബത്തിലെ ആർക്കും സ്വന്തമായി ഭൂമി ഇല്ലാത്തതും പൈതൃകമായി ഭൂമി കിട്ടാനിടയില്ലാത്തതുമായ കുടുംബങ്ങളാണ് ഭൂരഹിത കുടുംബങ്ങൾ. പഞ്ചായത്ത് പ്രദേശത്തുള്ള പൊതു ഭൂമി വിതരണം ചെയ്യുമ്പോൾ ഇവർക്കായിരിക്കണം മുൻഗണന. പഞ്ചായത്ത്/നഗരസഭ പ്രദേശത്തുള്ള സർക്കാർ ഭൂമി, മിച്ചഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങൾ റവന്യൂ അധികാരികളുടെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാനുള്ള ശ്രമമാണ് ആദ്യം നടത്തേണ്ടത്. ഇതിനുവേണ്ടി ജനപ്രതിനിധികളും തദ്ദേശ ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു സെർച്ച് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതിന്റെ സാധ്യത തീർന്നതിനു ശേഷവും ഭൂരഹിതർ അവശേഷിക്കുന്നുവെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങി ലഭ്യമാക്കേണ്ടതാണ്. ഇതിന് മൂന്നു രീതികൾ സാധ്യമാണ്.

- ഗുണഭോക്താക്കൾ സ്ഥലം വാങ്ങിക്കുകയും തദ്ദേശഭരണ സ്ഥാപനം സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി തുക നൽകുകയും ചെയ്യുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂരഹിതർക്ക് വീട് വെയ്ക്കാനുള്ള സ്ഥലം വാങ്ങി നൽകുക.
- ഭൂരഹിത ഭവനരഹിതർക്ക് വീട് വെയ്ക്കാനാവശ്യമായ ഭൂമി തദ്ദേശഭരണ സ്ഥാപനങ്ങൾ അക്വിസിഷൻ വഴി ലഭ്യമാക്കുക. തദ്ദേശഭരണ സ്ഥാപനം നേരിട്ടു വാങ്ങുകയോ അക്വിസിഷൻ ലഭ്യമാക്കുകയോ ചെയ്യുന്ന സ്ഥലത്ത് ഒറ്റവീടുകൾക്കു പകരം ക്ലസ്റ്ററുകൾ ആകുന്നതാണ് അഭികാമ്യം.



*ഇ.എം.എസ് ഭവന പദ്ധതി, സാമൂഹ്യസുരക്ഷ തുടങ്ങിയ മേഖലകൾക്ക് വാർഷിക പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ പ്രാപ്തരാക്കാൻ ചുമതലയുള്ള പരിശീലകർക്ക് കിലയിൽ വച്ച് നടന്ന പരിശീലനം നിയമസഭ സ്പീക്കർ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, കില ഡയറക്ടർ പ്രൊഫ. എൻ.രമാകാന്തൻ തുടങ്ങിയവർ സമീപം.*

## ഭവന നിർമ്മാണ വ്യവസ്ഥകൾ

- പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 25 മുതൽ 40 ചതുരശ്ര മീറ്റർ വരെ ആയിരിക്കണം.
- മഴവെള്ള സംഭരണ സൗകര്യം, ടോയ്‌ലറ്റ്, സോക്പിറ്റ് കക്കൂസ്, മലിന ജലം ഒഴുകുന്നതിനുള്ള സൗകര്യം, പുകയില്ലാത്ത അടുപ്പ്, വീട് വയറിംഗ് എന്നീ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഇതിനുവേണ്ടി ഭവന നിർമ്മാണത്തിന് പുറമേയുള്ള അധിക സബ്സിഡി നൽകാവുന്നതാണ്.
- ഗുണഭോക്താക്കളിൽ മൂന്ന് ശതമാനം ശാരീരിക മാനസിക വൈകല്യമുള്ളവരായിരിക്കണം. പുതിയ വീട് നിർമ്മാണത്തിന് ജനകീയാസൂത്രണത്തിൽ നിശ്ചയിച്ചിട്ടുള്ള സബ്സിഡി നൽകാവുന്നതാണ്.
- ബി.എസ്.യു.പി, ഐ.എച്ച്.എസ്. ഡി.പി പരിപാടികൾക്ക് പ്രസ്തുത പരിപാടി പ്രകാരമുള്ള സബ്സിഡി നൽകാവുന്നതാണ്.
- ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമാകുന്ന വീടും സ്ഥലവും 12 വർഷത്തേയ്ക്ക് ക്രയവിക്രയം നടത്താൻ പാടുള്ളതല്ല.


ഓഡിറ്റിംഗ്.


2. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓഫീസർമാർ മുഖേന മോണിറ്ററിംഗ്.
3. പ്രൊഫഷണൽ കോളേജുകളിലേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും നാഷണൽ സർവ്വീസസ് സ്കീമിൽ നിന്ന് തെരഞ്ഞെടുക്കുന്ന മോണിറ്റർമാരെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ്.

മോണിറ്ററിംഗിന്റെ ലക്ഷ്യം കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കുക എന്നതിനപ്പുറം, വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് സഹായിക്കുക എന്നത് കൂടിയാണ്. നിർമ്മാണ ചെലവ് വർദ്ധിക്കുന്ന രീതിയിൽ വീടിന്റെ രൂപത്തിലും വലിപ്പത്തിലും നിർമ്മാണരീതികളിലും ഭേദഗതി വരുത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.


**ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തിന്റെ പങ്കാളിത്തം, ചുമതല**

1. ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും ഈ മഹത്തായ പദ്ധതി പൂർത്തീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
2. കെട്ടിടനിർമ്മാണ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം.
3. സർക്കാർ നിബന്ധനകൾക്കനുസരിച്ച് പദ്ധതിവിഹിതം അനുവദിക്കുക.
4. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഭവന പദ്ധതിയുമായി സംയോജിപ്പിക്കാനുള്ള സാധ്യത ആരായുക. ■



ELEVATION




GROUND FLOOR PLAN


പഞ്ചായത്ത് രാജ്

കവർസ്റ്റോറി



# എം.എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

1972 ൽ സി. അച്ചുതമേനോൻ സർക്കാരിൽ ഭവന നിർമ്മാണ വകുപ്പു മന്ത്രിയായിരുന്ന എം.എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ കേരള ജനതയുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് 1972 മുതൽ 1976 വരെ രാജ്യത്തിനൊട്ടാകെ മാതൃകയായ ലക്ഷം വീട് പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. 57,590 ഒറ്റവീടുകളും 16,309 ഇരട്ട വീടുകളിലുമായി ആകെ 90,208 വീടുകൾ പദ്ധതി പ്രകാരം പൂർത്തീകരിച്ചിരുന്നു.



കർഷകരുടെയും തൊഴിലാളികളുടെയും മറ്റ് സന്നദ്ധ/യുവജന സംഘടനകളുടെയും സജീവ പങ്കാളിത്തമാണ് ലക്ഷം വീട് പദ്ധതിയെ മറ്റ് പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കിയത്.

**2004-ലെ ലക്ഷം വീട് നവീകരണ പദ്ധതി**

ഈ പദ്ധതിപ്രകാരം 2172 വീടുകളുടെ നവീകരണം പൂർത്തിയായി. ഇതിലേയ്ക്കായി 4.32 കോടി രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചു. വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 339 വീടുകളുടെ നവീകരണം നടന്നുവരുന്നു.

**2008-09ലെ എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി**

സമയബന്ധിതമായി ലക്ഷംവീടുകളുടെ പുനരുദ്ധാരണം നടത്തണമെന്ന സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമായാണ് ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽതന്നെ 60,000 വീടുകൾ നവീകരിക്കുന്നതിന് എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയത്. "എം. എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി" എന്ന് പദ്ധതിയെ പുനഃനാമകരണം ചെയ്തു. ഈ പദ്ധതിപ്രകാരം പരമാവധി 100000/- രൂപയാണ് ഒരു വീടിന്റെ പുനർനിർമാണ ചെലവ് കണക്കാക്കിയിരിക്കുന്നത്.

സർക്കാരിന്റെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷംവീടു പുനരുദ്ധാരണപദ്ധതിയിൽ 2007-08 ൽ 5800 വീടുകളും, 2008-09, 2009-10, 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ 13,550 വീടുകൾ വീതവും ആകെ 60,000 വീടുകൾ വിവിധ വിഭാഗങ്ങൾക്കായി (ജനറൽ, പട്ടികജാതി, പട്ടികവർഗം) പുനരുദ്ധരിക്കാനാണ് ലക്ഷ്യമിടുന്നത്.

പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 2008-09 ൽ പദ്ധതിവിഹിതം കണ്ടെത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2009-10 വാർഷിക പദ്ധതിയിൽ

**പട്ടിക 1**

| കാറ്റഗറി | നവീകരിക്കുന്ന വീടുകളുടെ എണ്ണം | ഒരു വീടിനുള്ള സർക്കാർ സബ്സിഡി (രൂപ) | പദ്ധതിച്ചെലവ് (കോടി രൂപ) |
|---|---|---|---|
| 2007-08 | | | |
| ജനറൽ | 4200 | 25000 | 10.50 |
| പട്ടികജാതി | 1200 | 37500 | 4.50 |
| പട്ടികവർഗം | 400 | 50000 | 2.00 |
| ആകെ | 5800 | | 17.00 |
| 2008-09 മുതൽ 2011-12 (ഓരോ വർഷവും) | | | |
| ജനറൽ | 9400 | 25000 | 23.50 |
| പട്ടികജാതി | 3200 | 37500 | 12.00 |
| പട്ടികവർഗം | 950 | 50000 | 4.75 |
| ആകെ | 13550 | | 40.25 |

വിഹിതം കണ്ടെത്താമെന്ന് പഞ്ചായത്തു കമ്മിറ്റി തീരുമാനം പാസ്സാക്കി നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സബ്സിഡി മുൻകൂറായി അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇതുപ്രകാരം ജൂൺ 15 വരെ 154 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 13.5 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

### എം.എൻ ലക്ഷം വീട് നവീകരണ ഫണ്ട്

2007-08 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 17 കോടി രൂപയും 2008-09 ൽ 5 കോടി രൂപയും ഉൾപ്പെടെ മൊത്തം 22 കോടി രൂപ പ്ലാൻ വിഹിതമായി സർക്കാർ ബോർഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സർക്കാർ നടത്തിയ ലക്ഷം വീട് പുനരുദ്ധാരണ വിഷു ബംബർ ലോട്ടറിയിലൂടെ സമാഹരിച്ച 6 കോടിയിൽപ്പരം രൂപയും ഈ പദ്ധതിക്കായി ലഭിക്കുമെന്ന് കരുതുന്നു. 178 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ബാക്കി വരുന്ന 150 കോടിയോളം രൂപ കണ്ടെത്തുന്നതിനായി ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള മലയാളികൾ, മലയാളി സംഘടനകൾ, കാരുണ്യവാന്മാരും ദാനശീലരുമായ പൊതുജനങ്ങൾ എന്നിവരിൽനിന്നും ഫണ്ട് സ്വരൂപിച്ച് എം. എൻ. ലക്ഷം വീട് നവീകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ട്രഷറി അക്കൗണ്ട് (നം.15053, തിരുവനന്തപുരം ജില്ലാട്രഷറി) ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ 28 കോടി രൂപ ഉപയോഗിച്ച് 10500ൽപ്പരം വീടുകളുടെ നവീകരണം ഉടൻ നടത്തുവാൻ കഴിയുന്നതാണ്. നടപ്പു സാമ്പത്തിക വർഷം ഇതുവരെ 13 ജില്ലകളിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി ഈ പദ്ധതി പ്രകാരം വീടുകളുടെ പുനരുദ്ധാരണത്തിനായി 15052 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിവിഹിതം വകയിരുത്തിയ 284 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 11470 വീടുകളുടെ പുനർനിർമ്മാണത്തിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

**പട്ടിക 2**

| ഗഡുക്കൾ | സബ്സിഡി തുക (%) | പൂർത്തിയാക്കേണ്ട ഘട്ടം |
|---|---|---|
| 1 | 30 | സ്ഥലമൊരുക്കൽ, അടിത്തറ (foundation) നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ |
| 2 | 40 | അടിത്തറയുടെ പൂർത്തീകരണം |
| 3 | 20 | മേൽക്കൂരയുടെ പൂർത്തീകരണം |
| 4 | 10 | വാതിലുകൾ, ജനലുകൾ മുതലായവ ഉറപ്പിക്കൽ |




*തിരുവനന്തപുരത്ത് നടന്ന എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുടെ അവലോകന യോഗം വനം-ഭവന നിർമ്മാണവകുപ്പ് മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ ഡോ.വി.എം. ഗോപാലമേനോൻ IAS, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ചെയർമാൻ അഡ്വ. റഹമത്തുള്ള എന്നിവർ സമീപം.*

**എസ്റ്റിമേറ്റിന്റെ സംക്ഷിപ്തരൂപം (മാതൃക-1)**

| നം. | ഇനം | തുക(രൂപ) | നം. | ഇനം | തുക(രൂപ) |
|---|---|---|---|---|---|
| 1. | വാനംവെട്ട് | 340 | 10. | പോയിന്റിംഗ് | 301 |
| 2. | കരിങ്കല്ല് കെട്ട് | 10023 | 11. | കതക് പാളി | 6000 |
| 3. | ഭിത്തിനിർമ്മാണം | 19431 | 12. | ജനൽ പാളി | 2755 |
| 4. | ലിന്റൽ കോൺക്രീറ്റ് | 1987 | 13. | കോൺക്രീറ്റിനുള്ള കമ്പി | 9140 |
| 5 | സൺഷേഡ് | 3744 | 14. | തറനിർമ്മാണം | 1071 |
| 6. | മേൽക്കൂര നിർമ്മാണം | 20913 | 15. | പ്ലാസ്റ്ററിംഗ് | 4495 |
| 7. | കോൺക്രീറ്റ് ജാളി | 3150 | 16. | വാട്ടർ സപ്ളൈ & ഇലക്ട്രിഫിക്കേഷൻ | 3500 |
| 8. | കതക് കട്ടിള | 3150 | 17. | മറ്റു ചെലവുകൾ | 598 |
| 9. | ജനൽ കട്ടിള | 2400 | | | |
| | | | | ആകെ | 93000 |

*കുറിപ്പ് : 2008-ലെ PWD നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റാണ് ഇത്. അതാത് സ്ഥലങ്ങളിലെ പണിക്കൂലിയുടേയും, സാധനങ്ങളുടെ ലഭ്യതയും അനുസരിച്ച് നിരക്കുകളിൽ വ്യത്യാസം വരാവുന്നതാണ്. Unskilled Labour ആയ 10627 രൂപ ഗുണഭോക്തൃ വിഹിതമായി കണക്കാക്കിയാൽ ആകെ എസ്റ്റിമേറ്റ് തുക 82373 ആയി കുറയുന്നതാണ്. കോൺക്രീറ്റ് റൂഫ് സ്ലാബിനുപകരം ജി.ഐ. ഷീറ്റ് നൽകിയാൽ 10000 രൂപയോളം ലാഭിക്കാവുന്നതും തടിജനലിനു പകരം സ്റ്റീൽ ജനൽ നൽകിയാൽ 1000 രൂപയോളം ലാഭിക്കാവുന്നതുമാണ്.*




### പദ്ധതിചെലവ്

2007-08 മുതൽ 5 വർഷംകൊണ്ട് (2007-12) നടപ്പിലാക്കാനുദ്ദേശിക്കുന്ന ലക്ഷംവീടു പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ സംക്ഷിപ്തരൂപം പട്ടിക 1 ൽ ചേർക്കുന്നു.


### പദ്ധതി പങ്കാളിത്തം

ഈ പദ്ധതി പ്രകാരം പരമാവധി 100000 രൂപയാണ് ഒരു വീടിന്റെ നവീകരണ ചെലവ്. ഇതിൽ പൊതുവിഭാഗത്തിന് 50000 രൂപയും, പട്ടികജാതി വിഭാഗത്തിന് 75000 രൂപയും പട്ടികവർഗ്ഗവിഭാഗത്തിന് 100000 രൂപയും പരമാവധി സബ്സിഡി നൽകും. സബ്സിഡിയുടെ 50% സംസ്ഥാന സർക്കാർ വിഹിതമായി ഭവനനിർമാണ ബോർഡിൽനിന്നും നൽ

**എസ്റ്റിമേറ്റിന്റെ സംക്ഷിപ്തരൂപം (മാതൃക-2)**

| നം. | ഇനം | തുക(രൂപ) | നം. | ഇനം | തുക(രൂപ) |
|---|---|---|---|---|---|
| 1. | വാനംവെട്ട് | 325 | 10. | പോയിന്റിംഗ് | 276 |
| 2. | കരിങ്കെല്ല് കെട്ട് | 9622 | 11. | കതക് പാളി | 6000 |
| 3. | ഭിത്തിനിർമ്മാണം | 18547 | 12. | ജനൽ പാളി | 2755 |
| 4. | ലിന്റൽ കോൺക്രീറ്റ് | 1126 | 13. | കോൺക്രീറ്റിനുള്ള കമ്പി | 8581 |
| 5 | സൺഷേഡ് | 4493 | 14. | തറനിർമ്മാണം | 978 |
| 6. | മേൽക്കൂര നിർമ്മാണം | 19206 | 15. | പ്ലാസ്റ്ററിംഗ് | 4227 |
| 7. | കോൺക്രീറ്റ് ജാളി | 3150 | 16. | വാട്ടർ സപ്ളൈ & ഇലക്ട്രിഫിക്കേഷൻ | 3500 |
| 8. | കതക് കട്ടിള | 3150 | | | |
| 9. | ജനൽ കട്ടിള | 2400 | 17. | മറ്റു ചെലവുകൾ | 695 |
| | | | | **ആകെ** | **89000** |


*കുറിപ്പ് : 2008-ലെ PWD നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റാണ് ഇത്. അതാത് സ്ഥലങ്ങളിലെ പണിക്കൂലിയുടേയും, സാധനങ്ങളുടെ ലഭ്യതയും അനുസരിച്ച് നിരക്കുകളിൽ വ്യത്യാസം വരാവുന്നതാണ്. Unskilled Labour ആയ 9910 രൂപ ഗുണഭോക്തൃവിഹിതമായി കണക്കാക്കിയാൽ ആകെ എസ്റ്റിമേറ്റ് തുക 79090 ആയി കുറയുന്നതാണ്.കോൺക്രീറ്റ് റൂഫ് സ്ലാബിനുപകരം ജി.ഐ. ഷീറ്റ് നൽകിയാൽ 8000 രൂപയോളം ലാഭിക്കാവുന്നതും തടിജനലിനു പകരം സ്റ്റീൽ ജനൽ നൽകിയാൽ 1000 രൂപയോളം ലാഭിക്കാവുന്നതുമാണ്.*




**എസ്റ്റിമേറ്റിന്റെ സംക്ഷിപ്തരൂപം (മാതൃക-3)**

| നം. | ഇനം | തുക(രൂപ) | നം. | ഇനം | തുക(രൂപ) |
|---|---|---|---|---|---|
| 1. | വാനംവെട്ട് | 291 | 10. | പോയിന്റിംഗ് | 280 |
| 2. | കരിങ്കെല്ല് കെട്ട് | 8670 | 11. | കതക് പാളി | 6000 |
| 3. | ഭിത്തിനിർമ്മാണം | 16693 | 12. | ജനൽ പാളി | 2765 |
| 4. | ലിന്റൽ കോൺക്രീറ്റ് | 1126 | 13. | കോൺക്രീറ്റിനുള്ള കമ്പി | 7371 |
| 5 | സൺഷേഡ് | 2714 | 14. | തറനിർമ്മാണം | 890 |
| 6. | മേൽക്കൂര നിർമ്മാണം | 17499 | 15. | പ്ലാസ്റ്ററിംഗ് | 3666 |
| 7. | കോൺക്രീറ്റ് ജാളി | 3150 | 16. | വാട്ടർ സപ്ളൈ & ഇലക്ട്രിഫിക്കേഷൻ | 3500 |
| 8. | കതക് കട്ടിള | 3150 | | | |
| 9. | ജനൽ കട്ടിള | 2400 | 17. | മറ്റു ചെലവുകൾ | 333 |
| | | | | **ആകെ** | **80500** |

*കുറിപ്പ് : 2008-ലെ PWD നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റാണ് ഇത്. അതാത് സ്ഥലങ്ങളിലെ പണിക്കൂലിയുടേയും, സാധനങ്ങളുടെ ലഭ്യതയും അനുസരിച്ച് നിരക്കുകളിൽ വ്യത്യാസം വരാവുന്നതാണ്. Unskilled Labour ആയ 8911 രൂപ ഗുണഭോക്തൃവിഹിതമായി കണക്കാക്കിയാൽ ആകെ എസ്റ്റിമേറ്റ് തുക 71589 ആയി കുറയുന്നതാണ്.കോൺക്രീറ്റ് റൂഫ് സ്ലാബിനുപകരം ജി.ഐ. ഷീറ്റ് നൽകിയാൽ 5000 രൂപയോളം ലാഭിക്കാവുന്നതും തടിജനലിനു പകരം സ്റ്റീൽ ജനൽ നൽകിയാൽ 1000 രൂപയോളം ലാഭിക്കാവുന്നതുമാണ്.*




കുന്നതാണ്. ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. പദ്ധതിയിലെ ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കണ്ടെത്തേണ്ടത്.

വീടിന്റെ തറ വിസ്തീർണ്ണം 25 മുതൽ 40 ച. മീറ്റർ വരെ ആയി നിജപ്പെടുത്തിയിട്ടുണ്ട്.ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയ വീടിന്റെ 3 പ്ലാനുകളും എസ്റ്റിമേറ്റിന്റെ സംക്ഷിപ്ത രൂപവും ചേർത്തിട്ടുണ്ട്.

**പദ്ധതിനിർവ്വഹണം**

പദ്ധതി നിർവ്വഹണത്തിനായി വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഗഡുവിതരണം**

1. ഈ പദ്ധതി നടപ്പാക്കുന്നതിന് ട്രഷറിയിൽ ഒരു പ്രത്യേക അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. പുതിയ ട്രഷറി അക്കൗണ്ട് ആരംഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലുള്ള അക്കൗണ്ടിൽ പദ്ധതി വിഹിതം നിക്ഷേപിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഭവന നിർമ്മാണ ബോർഡിന്റെ വിഹിതം ആ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഭവന നിർമ്മാണ ബോർഡിന്റെയും വിഹിതത്തിൽ നിന്നുള്ള ചെലവുകൾ വെവ്വേറെ രേഖപ്പെടുത്തുന്നതിനുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ആവിഷ്ക്കരിക്കുന്നതാണ്. പ്രത്യേക അക്കൗണ്ടിൽ നിന്നും വീടുകളുടെ പുനർനിർമ്മാണത്തിന് പട്ടിക 2ൽ പ്രതിപാദിക്കുന്ന പ്രകാരം നാല് ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്.

2. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയായിരിക്കും ഈ പദ്ധതിയുടെയും നിർവഹണ ഉദ്യോഗസ്ഥൻ. എന്നാൽ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സർട്ടിഫിക്കറ്റ് (stage certificate) നൽകുന്നതിനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നത് പ്രകാരം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറെയോ, ഓവർസീയറേയോ, എഞ്ചിനീയറെയോ, തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെയോ ഭവനനിർമ്മാണ ബോർഡിന്റെ എഞ്ചിനീയറെയെയോ തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനെയോ ഏൽപ്പിക്കാവുന്നതാണ്. ■

*കടപ്പാട്: കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്*
*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*




# സേവനം ഇനി സമയബന്ധിതമായി

## ഫ്രണ്ട് ഓഫീസ് സംവിധാനം: സർക്കാർ ഉത്തരവായി

**കെ. വിനോദ് കുമാർ**

2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമവും വിവരാവകാശ നിയമവും നമ്മുടെ രാജ്യത്തെ സുപ്രധാന വഴിത്തിരിവുകളാണ്. തൊഴിലുറപ്പ് നിയമം, ജീവിക്കാനുള്ള അവകാശവും തൊഴിലെടുക്കാനുള്ള അവകാശവും സംരക്ഷിക്കുമ്പോൾ വിവരാവകാശ നിയമം അറിയാനുള്ള അവകാശവും അറിയിക്കാനുള്ള ഉത്തരവാദിത്തവും ഉറപ്പ് വരുത്തുന്നു. സമാനമായി ഗ്രാമപഞ്ചായത്തുകളെ സേവനത്തിനായി സമീപിക്കുന്നവർക്ക് സേവനാവകാശം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശമാണ് *02.07.09 തീയതിയിലെ 123/09/തസ്വഭവ നമ്പർ ഉത്തരവിലൂ*ടെ സർക്കാർ നൽകിയിട്ടുള്ളത്.

ഇന്ത്യൻ ഭരണഘടനയുടെ പീഠികയിൽ പ്രസ്താവിക്കുന്ന സാമൂഹ്യനീതി, പദവിയിലും അവസരങ്ങളിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം സംരക്ഷിക്കുകയും അതുവഴി സാഹോദര്യം ശക്തിപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ മഹത്തായ ആശയങ്ങൾ സേവനപ്രദാന രംഗത്ത് കൂടുതൽ സാധ്യമാക്കുന്നതാണ് ഈ ഉത്തരവ്. താഴെ നിന്നും, അനുഭവങ്ങളിലൂടെയും യാഥാർത്ഥ്യബോധത്തിലൂടെയും രൂപപ്പെട്ട നടപടിക്രമങ്ങൾ എന്ന സവിശേഷതയും ഈ ഉത്തരവിനുണ്ട്.

### സേവനാവകാശങ്ങളും ഗുണഭോക്താക്കളും

സാധാരണ ഗതിയിൽ ഓഫീസ് നടപടിക്രമങ്ങളിൽ വരുത്തുന്ന മാറ്റങ്ങളുടെ പ്രത്യക്ഷ ഗുണഭോക്താക്കൾ അതിലെ ജീവനക്കാരും ഭരണസംവിധാനവുമാണ്. എന്നാൽ ഈ പരിവർത്തന ഭരണോദ്യമത്തിന്റെ ഗുണഭോക്താക്കൾ ജനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും ഒരുമിച്ചാണ്. ഈ സംവിധാനത്തിന്റെ ഭാഗമായി പ്രധാനമായും അഞ്ച് ഉറപ്പുകളാണ് സേവനാവകാശി സമൂഹത്തിനോട് ഗ്രാമപഞ്ചായത്തുകൾ പ്രഖ്യാപിക്കുന്നത്.

*1. എല്ലാ അപേക്ഷകളും പരാതികളും മറ്റ് തപാലുകളും ഒരു പോയിന്റിൽ സ്വീകരിക്കുകയും സേവനം നൽകുകയും ചെയ്യും (ഏകജാലക സംവിധാനം).*

അപേക്ഷകളും പരാതികളും നൽകുന്നതിന് പലരെ കാത്തു നിൽക്കേണ്ടതില്ല. അത് ഫ്രണ്ട് ഓഫീസിൽ നൽകിയാൽ മതി. മറ്റാർ വാങ്ങിയാലും നടപടി സ്വീകരിക്കപ്പെടണമെങ്കിൽ ഫ്രണ്ട് ഓഫീസ് വഴി തന്നെ പോകുകയും വേണം. എല്ലാ തപാലുകളും ഒരു പോയിന്റിൽ ശേഖരിക്കപ്പെടുന്നു. ഔദ്യോഗിക തപാലുകൾ ഉൾപ്പെടെ എല്ലാം രജിസ്റ്റർ ചെയ്യുന്നു. തപാൽ കാണാതാകുക തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. മെയിൻ ഓഫീസിൽ ജനക്കൂട്ടമില്ലാതാകുന്നു. ജീവനക്കാർക്ക് സ്വസ്ഥമായി ജോലി ചെയ്യാനാകുന്നു. സെക്രട്ടറിയില്ലാത്തതിനാലും ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനില്ലാത്തതിനാലും അപേക്ഷ കൊടുക്കാനാകാതെ പരാതി കേൾക്കേണ്ടി വരുന്ന

അവസരം ജനപ്രതിനിധികൾക്കുമുണ്ടാകുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ തൊഴിൽ അപേക്ഷകൾ, ക്വട്ടേഷനുകൾ, ടെണ്ടറുകൾ, വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ തുടങ്ങിയവയും ഫ്രണ്ട് ഓഫീസ് വഴിയേ സ്വീകരിക്കപ്പെടൂ എന്നോർക്കുക. സാഹചര്യങ്ങളുടെ സമ്മർദ്ദം ഒഴിവാക്കുന്നതിന് ഈ നിബന്ധനകൾ സഹായിക്കുന്നു.

*2. എല്ലാ അപേക്ഷകളുടേയും പരിശോധന സ്വീകരിക്കുന്ന സമയത്ത് തന്നെ നടത്തും.*

അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ന്യൂനതകൾ കണ്ടെത്തി രേഖപ്പെടുത്തി നൽകും. പൊതുജനം ഓരോ രേഖകളില്ലെന്ന മറുപടി കേട്ട് പലതവണ കയറിയിറങ്ങേണ്ടതില്ല. ഒപ്പം, സെക്ഷന്റെ ജോലി കുറയുകയും ചെയ്യുന്നു, സാങ്കേതിക കാരണങ്ങളാൽ നടപടി സ്വീകരിക്കാതെ മാറ്റി വെയ്ക്കേണ്ടി വരുന്ന അവസ്ഥ ഇല്ലാതാകുന്നു. ഇതുവഴി പ്രവൃത്തിയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിക്കുന്നു.

*3. എല്ലാത്തിനും രസീത് നൽകും. രസീതിൽ സേവനം നൽകുന്ന തീയതിയും രേഖപ്പെടുത്തിയിരിക്കും.*

രസീത് നൽകുന്നതിലൂടെ ഒരു ഭരണ സംവിധാനം അതിന്റെ ജനതയോട് രേഖാമൂലം പ്രതികരിക്കുകയാണ് ചെയ്യുന്നത്. സേവന തീയതി കൂടി രേഖപ്പെടുത്തുന്നതിലൂടെ സേവനം ഉറപ്പ് നൽകുകയും അഴിമതിക്കുള്ള സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. രസീതിന്റെ പകർപ്പ് അപേക്ഷയുടെ കൂടെ വെയ്ക്കുന്നതിനാൽ അപേക്ഷകന് നൽകിയ വാഗ്ദാനങ്ങളും വിവരങ്ങളും സെക്ഷനുമറിയാൻ പറ്റുകയും അതിനനുസരിച്ച് നടപടി സ്വീകരിക്കാനുമാവുന്നു. കൈപ്പറ്റ് രസീതിന് മെഷിൻ നമ്പറിംഗ് ആവശ്യമില്ല. എന്നാൽ മറ്റ് രജിസ്റ്ററുകളുടെ പേജുകളിൽ മെഷിൻ നമ്പറിംഗ് നടത്തേണ്ടതും രജിസ്റ്റർ സർട്ടിഫൈ ചെയ്യേണ്ടതുമാണ്.

*പരിശോധന പട്ടികകളുടെ ഉപയോഗം*

ഓരോ വിഷയത്തിന്റെയും പരിശോധനാ പട്ടികകൾ പ്രത്യേകം അച്ചടിച്ചു വെയ്ക്കുകയാണിതിനാദ്യം ചെയ്യേണ്ടത്. അപേക്ഷകൾ വരുന്നതിനനുസരിച്ച് പരിശോധന പട്ടികയിൽ, പാലിച്ചിട്ടുള്ള നിബന്ധനകൾ ടിക് ചെയ്യുകയും ന്യൂനതകളില്ലെങ്കിൽ അപേക്ഷകന് സേവന തീയതി രേഖപ്പെടുത്തിയ രസീത് ഓഫീസ് മുദ്ര പതിച്ച് നൽകുകയും ഉപയോഗിച്ച പരിശോധനാ പട്ടിക അപേക്ഷയോടൊപ്പം ചേർത്ത് സെക്ഷനിലേയ്ക്ക് നൽകുകയുമാണ് വേണ്ടത്. ന്യൂനതകളുള്ളപക്ഷം പരിശോധനാ പട്ടിക സഹിതം അപേക്ഷ നമ്പറിടാതെ തന്നെ തിരിച്ചു നൽകണം. അപ്പോൾ തന്നെ പരിഹരിക്കാനാവാത്ത ന്യൂനതകളോടെ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ രസീതിൽ സേവന തീയതിക്ക് പകരം പരിശോധനാ പട്ടിക പ്രകാരമുള്ള ന്യൂനതകൾ പരിഹരിക്കേണ്ടതാണ് എന്നെഴുതി രസീതും, പരിശോധനാ പട്ടികയുടെ പകർപ്പും നൽകുക. ദിവസങ്ങൾക്ക് ശേഷം നിർബന്ധമായും സെക്ഷനിൽ നിന്നും ചെയ്യേണ്ട ജോലിയാണ് കുടുതൽ ഫലപ്രദമായി ഇവിടെ നിർവ്വഹിക്കപ്പെടുന്നത്.



*ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് ശില്പശാല കേരളഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ഇടുക്കി ജില്ലാ പ്രസിഡന്റ് സേനാപതി ശശി ഉൽഘാടനം ചെയ്യുന്നു. പഞ്ചായത്ത് പ്രസിഡന്റ് വി.എക്സ്. ആൽബിൻ, വൈസ് പ്രസിഡന്റ് ജി.എൻ.ഗുരുനാഥൻ തുടങ്ങിയവർ സമീപം.*

*4. വാഗ്ദാനം ചെയ്ത തീയതിയിൽ സേവനം നൽകിയിരിക്കും*

സേവനമെന്നത് സർട്ടിഫിക്കറ്റ് തന്നെയാകണമെന്നില്ല. സേവനം നൽകാൻ പറ്റാത്തതിന്റെയോ, തടസ്സമുള്ളതിന്റെയോ, എടുത്ത നടപടിയുടെയോ രേഖാമൂലമുള്ള അറിയിപ്പുമാകാം. എന്ത് തന്നെയായാലും പൊതുജനത്തിന് ഭരണ സംവിധാനത്തിലും ജനാധിപത്യപ്രക്രിയയിലുമുള്ള വിശ്വാസ്യത ഇത് വർദ്ധിപ്പിക്കും. പക്ഷേ ഇങ്ങനെ സേവനം നൽകാനാവണമെങ്കിൽ ഓരോ ദിവസവും സേവനത്തിനായി ആരൊക്കെ വരുമെന്ന് പഞ്ചായത്തിന് വളരെ എളുപ്പത്തിൽ അറിയാനാകണം. അതിനുള്ള ശാസ്ത്രീയമായ ഉപാധിയാണ് ഫ്രണ്ട് ഓഫീസ് ഡയറി. ഓരോ അപേക്ഷയും കിട്ടുമ്പോൾതന്നെ അതിന്റെ സേവനം ഏത് തീയതിയാണോ നൽകേണ്ടത്, ഡയറിയുടെ ആ തീയതി പേജിൽ ഈ തപാലിന്റെ വിവരങ്ങൾ ചേർക്കുകയാണ് ചെയ്യേണ്ടത്. തയ്യാറാക്കുന്ന സേവനം, സെക്ഷൻ, സേവന തീയതിക്കുമുമ്പായി ഫ്രണ്ട് ഓഫീസിലെത്തിക്കുകയും സേവനം കൈപ്പറ്റിയതിന് ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റിന്റെ അക്ക്നോളേജ്മെന്റ് ഫയലിൽ വാങ്ങുകയും വിവരം ഡയറിയിലെ 5-ാം കോളത്തിൽ ചേർത്തുവെന്നുറപ്പ് വരുത്തുകയും വേണം. അന്നന്ന് നൽകുന്ന സേവനങ്ങൾ ഡയറിയുടെ അതത് തീയതി പേജിൽ തുടർച്ചയായി ചേർത്ത് അപേക്ഷകന്റെ അക്ക്നോളജ്മെന്റ് വാങ്ങേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറി പെർഫോമൻസ് മാനേജ്മെന്റിനു കൂടി സഹായിക്കുന്ന ഒരു സവിശേഷ ഉപാധിയാണ്. ഓരോ സെക്ഷന്റെയും കാര്യക്ഷമത സ്വയം വ്യക്തമാക്കുന്നതിനൊപ്പം ജോലി വിഭജനം ശാസ്ത്രീയമാണോ എന്നും ഇതു വെളിപ്പെടുത്തും. ഫ്രണ്ട് ഓഫീസ് ഡെസ്പാച്ച് രജിസ്റ്ററായി പ്രവർത്തിക്കുന്നതിനൊപ്പം, ആർക്കെങ്കിലും മുൻഗണനാക്രമം മറികടന്ന് സേവനം നൽകിയിട്ടുണ്ടെങ്കിൽ അതും ഇതിൽ രേഖപ്പെടുത്തപ്പെടും. ഒരു പഞ്ചായത്ത് ഏതേത് സമയത്ത് ഏതേതു സേവനങ്ങൾ കൂടുതൽ അല്ലെങ്കിൽ കുറവ് നൽകേണ്ടി വരുന്നു എന്ന കൃത്യമായ ഒരു വിവരാടിത്തറയും ഇതിൽ നിന്നും ലഭിക്കും.

*5. എല്ലാ പണമിടപാടുകളും ഫ്രണ്ട് ഓഫീസ് വഴിയായിരിക്കും*

പഞ്ചായത്ത് ഓഫീസിൽ പണ സ്വീകരണ-വിതരണ കേന്ദ്രം ഇനി ഫ്രണ്ട് ഓഫീസ് മാത്രമായിരിക്കും. ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മണി മുതൽ വൈകീട്ട് 3 മണിവരെയായതിനാൽ അതിനു ശേഷം കാഷ് ക്ലോസ് ചെയ്യാനും കാഷ്ബുക്ക്, ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ പൂർത്തിയാക്കാനും ജീവനക്കാർക്ക് സാധിക്കും. ഇതുവഴി വാർഷിക ധനകാര്യ പത്രി കയും മറ്റും കൃത്യമായി തയ്യാറാക്കാനാവുകയും പഞ്ചായത്തുകളിൽ കണക്കില്ലെന്ന പഴി ഇല്ലാതാവുകയും ചെയ്യും.

**മേൽനോട്ടം**

ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രധാന പ്രവർത്തകർ ജീവനക്കാരും ഇതിന്റെ നട്ടെല്ലായി പ്രവർത്തിക്കേണ്ടത്

ഫ്രണ്ട് ഓഫീസ് സൂപ്പർവൈസറുമാണ്. ഫ്രണ്ട് ഓഫീസിന്റെ സുഗമമായ പ്രവർത്തനം, തപാലുകൾ രജിസ്റ്റർ ചെയ്യുന്നുവെന്നത്, അവ തരംതിരിച്ചത് കൃത്യമാണെന്ന്, രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തുന്നുവെന്നത്, സേവനങ്ങൾ സമയബന്ധിതമായി തയ്യാറാക്കി നൽകുന്നുവെന്നതൊക്കെ ഉറപ്പ് വരുത്തേണ്ടത് സൂപ്പർവൈസറാണ്. സെക്ഷനുകൾ കൈപ്പറ്റുന്നതുവരെ ഏതൊരു തപാലിന്റെയും ഉത്തരവാദിത്തവും സൂപ്പർവൈസർക്കാണ്.

### പ്രതിദിന ചംക്രമണവും ഡ്യൂട്ടി കൈമാറ്റവും

ഫ്രണ്ട് ഓഫീസിൽ ഓരോ ദിവസവും ജീവനക്കാർ തന്നെ മാറിമാറിയാണിരിക്കേണ്ടത്. സെക്രട്ടറി, സൂപ്പർവൈസർ, പ്യൂൺ ഒഴികെയുള്ള മുഴുവൻ ക്ലറിക്കൽ ജീവനക്കാർക്കും ഇത് ബാധകമാണ്. ആർക്കും പ്രത്യേക പരിഗണനയില്ല. ഇത് വഴി എല്ലാ ജീവനക്കാരും, ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നവരും എല്ലാ വിഷയങ്ങളിലും അവഗാഹമുള്ളവരായും മാറുന്നു. ഓരോ ദിവസവും ചുമതലക്കാർ മാറുന്നതിനാൽ പ്രവർത്തന ചുമതല വൈകുന്നേരം കൈമാറണം. കൈമാറ്റം ഡ്യൂട്ടി രജിസ്റ്ററിലൂടെയാണ് ചെയ്യേണ്ടത്. അതായത് എല്ലാ തപാലുകളും വിതരണം ചെയ്ത് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയതിനു ശേഷമേ ചുമതല കൈമാറാനാവൂ. ഇത് അന്നന്നത്തെ തപാൽ വിതരണം ഉറപ്പ് വരുത്തുന്നു. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന പണവരവുകൾ 3 മണിക്ക് തന്നെ കൈമാറേണ്ടതിനാൽ കാഷ് ബാലൻസ് എന്നും പൂജ്യമായിരിക്കും. ചുമതല മാറി മാറി വരുന്നതിനാൽ ഉപയോഗിക്കാത്ത രസീതുകളുടെ വിവരം കൃത്യമായി ചേർക്കണം. ഉപയോഗിച്ചവയുടെ വിവരം ഓഫീസ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. ഇപ്രകാരം ഒരു ജോലിയും മാറ്റിവെയ്ക്കപ്പെടാതെ അപ്പോൾ തന്നെ ചെയ്യേണ്ടുന്ന രീതിയിലാണ് നിർദ്ദേശങ്ങൾ. ചുമതല ഏറ്റെടുക്കുന്നയാൾ അതുവരെയുള്ള വിവരങ്ങൾ ഫ്രണ്ട് ഓഫീസ് ഡയറിയിലും കൃത്യമായി ചേർത്തിട്ടുണ്ടെന്നുറപ്പാക്കണം. അല്ലെങ്കിൽ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാൾക്കായിരിക്കും. ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിലൂടെ, മെയിൻ ഓഫീസ് പ്രവർത്തനത്തിലെ, നമ്പറിട്ട തപാലുകൾ തൻപതിവേടുകളിൽ ചേർക്കുന്നതടക്കമുള്ള കുറെയേറെ ക്രമീകരണങ്ങളും കൂടി സാധ്യമാക്കുന്നുണ്ട്.

### ഭൗതിക സൗകര്യങ്ങൾ

ഉത്തരവ് പ്രകാരം ഫ്രണ്ട് ഓഫീസ് കൗണ്ടർ, തപാൽപ്പെട്ടി, റാമ്പ് സമ്പ്രദായം, ഇരിപ്പിടം, എഴുത്ത്മേശ, സൗജന്യമായി നൽകേണ്ട അപേക്ഷാഫോറങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, പരാതിപ്പെട്ടി എന്നിവ നിർബന്ധമായും ഏർപ്പെടുത്തേണ്ടതുണ്ട്. പരാതി പരിഹാരസംവിധാനം സംബന്ധിച്ച വിവരം പരാതിപ്പെട്ടിയിൽ കാണിക്കേണ്ടതിനാൽ അതിന് രൂപം കൊടുക്കേണ്ടതുമുണ്ട്. പൊതുജനങ്ങൾക്കായി പ്രഥമ ശുശ്രൂഷാ കിറ്റ് തുടങ്ങിയ മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്താൻ നിർദ്ദേശിക്കുന്ന ഉത്തരവ് ഫ്രണ്ട് ഓഫീസ് ചുമതലക്കാർക്ക് ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും പട്ടികപ്പെടുത്തിയിട്ടുണ്ട്. ഒരേ സമയം മാന്വൽ ആയി ചെയ്യുന്നതിനും എന്നാൽ കമ്പ്യൂട്ടറൈസേഷന് വളരെ സഹായകരമായ രീതിയിലുമാണ് ഉത്തരവിലെ നിർദ്ദേശങ്ങൾ.

### വിലയിരുത്തലുകളും പിന്തുണാ സംവിധാനവും

ജീവനക്കാരുടെ തലത്തിൽ മാസം തോറുമുള്ള യോഗം, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും ജീവനക്കാരും ഉൾപ്പെട്ട മോണിറ്ററിംഗ് സമിതി, പൊതുജന വിലയിരുത്തൽ സംവിധാനം, വാർഷിക പൗരയോഗങ്ങൾ തുടങ്ങി വിവിധ തലത്തിലും രീതിയിലുമുള്ള എന്നാൽ തുടർച്ചയായതുമായ വിലയിരുത്തൽ - പിന്തുണാ സംവിധാനവും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സമാന്തരമായി ശക്തമായ വകുപ്പ്തല മോണിറ്ററിംഗിന് പഞ്ചായത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

### വെല്ലുവിളികൾ

കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളിലും ഇപ്പോൾ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ചിലരെങ്കിലും നിശ്ചിത സമയത്ത് സേവനം നൽകാനാവുമോ എന്നതിൽ ആശങ്കാകുലരാണ്. ഉദാഹരണത്തിന് കെട്ടിട നിർമ്മാണ പെർമിറ്റിന് 30 ദിവസം സമയം നൽകി രസീത് നൽകിയാൽ സമയത്തിനകം അന്വേഷണ റിപ്പോർട്ട് ലഭിക്കില്ലെന്നും വാഗ്ദാനം പാലിക്കാനാകില്ലെന്നും ചിലർക്കെങ്കിലും ആശങ്കയുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്നതിനനുസരിച്ച് സേവനം നൽകുക എന്ന നിലപാടിനു പകരം, അപേക്ഷ കിട്ടി രണ്ടു ദിവസത്തിനകം അന്വേഷണോദ്യോഗസ്ഥന് കൈമാറുകയും നിശ്ചിത ദിവസങ്ങൾക്കകം റിപ്പോർട്ടടക്കം തിരികെ ലഭിക്കുന്നതിനുള്ള ആഭ്യന്തര സംവിധാനമുണ്ടാക്കി സമയബന്ധിത സേവനം നൽകുമ്പോഴുമാണ് ഭരണ നിർവഹണം യാഥാർത്ഥ്യമാവുന്നത്. ഇപ്രകാരം ഫ്രണ്ട് ഓഫീസ് സംവിധാനം സുസ്ഥിരമാക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളിയും ഉത്തരവാദിത്തവും. ഉത്തരവിലെ നിർദ്ദേശങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ആഭ്യന്തര സംവിധാനം ശാസ്ത്രീയമാക്കുകയും ചെയ്യുക വഴി എല്ലാവർക്കും ആത്മസംതൃപ്തി നൽകുന്ന സ്വയം പ്രവർത്തിക്കുന്ന സംവിധാനങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസുകൾക്ക് മാറാനാവും. ■

*ലേഖകൻ കിലയിൽ*
*അസിസ്റ്റന്റ് ഡയറക്ടറാണ്*





# മഴക്കാല രോഗങ്ങളും പ്രതിവിധിയും - 3

# ചിക്കുൻഗുനിയ

ഡോ. ജോസ്മോൻ ജോർജ്

ചിക്കുൻഗുനിയ എന്ന ആഫ്രിക്കൻ പദത്തിന്റെ അർത്ഥം വളയുക എന്നതാണ്. 1952 –53 കാലഘട്ടത്തിൽ ആഫ്രിക്കയിലെ ടാൻസാനിയയിലാണ് ആദ്യമായി ഈ രോഗം (Chikungunya Fever) കാണപ്പെട്ടത്.

ചിക്കുൻഗുനിയ വൈറസ് എന്ന രോഗാണുവാണ് ഈ രോഗം ഉണ്ടാക്കുന്നത്. രോഗികളിൽ, സന്ധികളിൽ ഉണ്ടാകുന്ന നീരും വേദനയും മൂലവും പേശീവേദന മൂലവും നിവർന്നു നിൽക്കുവാൻ കഴിയാത്ത അവസ്ഥാവിശേഷം ഉണ്ടാകുന്നു. തന്മൂലമാണ് ഈ രോഗത്തിന് ചിക്കുൻഗുനിയ എന്നു പറയുന്നത്. ആഫ്രിക്ക, ഏഷ്യ ഭൂഖണ്ഡങ്ങളിൽ ഈ രോഗം സാധാരണയായി കാണപ്പെടുന്നു. 1965 -ൽ മദ്രാസിലും 2007–ൽ കേരളത്തിലും ചിക്കുൻഗുനിയ പനി വ്യാപകമായി കാണപ്പെട്ടു.

**രോഗം പകരുന്ന വിധം**

രോഗം പരത്തുന്നതിൽ പ്രധാനി ഏഡിസ് വിഭാഗത്തിൽപെട്ട കൊതുകുകളാണ്. കൂടാതെ ക്യൂലക്സ്, മാൻസോണിയ തുടങ്ങിയ വിഭാഗങ്ങളിൽപെട്ട കൊതുകുകളും ഈ രോഗം പരത്തുന്നു. ചിക്കുൻഗുനിയരോഗിയെ കടിക്കുന്ന കൊതുകിന്റെ ശരീരത്തിൽ രോഗാണു കടക്കുകയും പിന്നീട് ഈ കൊതുക് ആരോഗ്യവാനായ മറ്റൊരു വ്യക്തിയെ കടിക്കുമ്പോൾ രോഗാണു അയാളിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

**രോഗലക്ഷണങ്ങൾ**

പ്രായപൂർത്തിയായ വ്യക്തികളിൽ രോഗം കൂടുതലായി കാണപ്പെടുന്നു. ശക്തിയായ പനി, അതിശക്തിയായ സന്ധിവേദന, കുളിര്, തലവേദന, വെളിച്ചത്തേയ്ക്കു നോക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടുക. കണ്ണിൽ ചുമപ്പുനിറം കാണുക, വിശപ്പില്ലായ്മ, മനംപുരട്ടൽ, വയറുവേദന എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ.

കൈകളിലെയും കാലുകളിലെയും ചെറിയ സന്ധികളിൽ മാറിമാറി ഉണ്ടാകുന്ന വേദനയും നീരും വലിയ സന്ധികളെ സാധാരണയായി ബാധിക്കാറില്ല. ചിലപ്പോൾ ഉടലിലും കൈകാലുകളിലും ചുവപ്പുനിറത്തിലുള്ള തിണർപ്പുകളും കാണപ്പെടാം. അപൂർവ്വമായി മൂക്കിൽ നിന്നും രക്തസ്രാവമുണ്ടാകാം. ചിലപ്പോൾ സന്ധികളിലെ നീർവീക്കം വർഷങ്ങളോളം നീണ്ടുനിന്നേയ്ക്കാം. എന്നാൽ ഇതു മരണകാരണമായ ഒരു രോഗം അല്ല.

**രോഗനിർണ്ണയം**

രോഗനിർണ്ണയം പ്രധാനമായും രോഗലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നടത്തുന്നത്. ചിലപ്പോൾ ശ്വേതരക്താണുക്കളുടെ കുറവ്, രക്തത്തിലെ SGPT, CRP എന്നിവയിൽ വർദ്ധന എന്നിവയും കാണപ്പെടുന്നു. രോഗം സ്ഥിരീകരിക്കാൻ ചിക്കുൻഗുനിയ വൈറസിനെതിരെ ശരീരത്തിലുണ്ടാകുന്ന ആന്റിബോഡി നിർണ്ണയിക്കുവാനുള്ള ടെസ്റ്റുകൾ (I gm Chikungunya) ലഭ്യമാണ്.

**ചികിത്സ**

ഈ രോഗത്തിന് പ്രത്യേകമായ ചികിത്സ ലഭ്യമല്ല. ധാരാളം വെള്ളം കുടിക്കുക, സന്ധികളുടെ പ്രവർത്തനം



ശരിയായ രീതിയിലാക്കുന്നതിനാവശ്യമായ വ്യായാമമുറകൾ ചെയ്യുക, സ്റ്റീറോയിഡ് ഗുളികകൾ (ഹ്രസ്വകാലത്തേയ്ക്കു മാത്രം), വേദനസംഹാരികൾ എന്നിവയാണ് ചിക്കുൻഗുനിയ പനിക്കു ലഭ്യമായ ചികിത്സാവിധികൾ.

**രോഗപ്രതിരോധം**

ഡെങ്കിപ്പനി പരത്തുന്ന ഏഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ തന്നെയാണ് ചിക്കുൻഗുനിയ പരത്തുന്നത്. അതുകൊണ്ട് ഏഡിസ് കൊതുകുകളുടെ പ്രജനനം നിയന്ത്രിക്കുക, കൊതുകുകളെ നശിപ്പിക്കുക തുടങ്ങിയവയാണ് രോഗപ്രതിരോധത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ. ഇതിനെപ്പറ്റി ഡെങ്കിപ്പനിയുടെ രോഗനിയന്ത്രണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ചിക്കുൻഗുനിയയ്ക്ക് എതിരായ രോഗപ്രതിരോധ മരുന്നുകൾ നിലവിൽ ലഭ്യമല്ല.



## കോളറ
### (ഛർദി അതിസാരം)

ലോകത്തിലെ ഏകദേശം എൺപതോളം രാജ്യങ്ങളിൽ കാണപ്പെടുന്ന കോളറ കുട്ടികളെയും പ്രായപൂർത്തിയായവരെയും ഒരുപോലെ ബാധിക്കുന്ന മാരകമായ പകർച്ചവ്യാധിയാണ്. ഇൻഡ്യയിൽ കോളറ രോഗികളുടെ ആധിക്യത്തിൽ സാരമായ കുറവ് വന്നിട്ടുണ്ടെങ്കിലും അവിടവിടെയായി ഈ രോഗം ഇപ്പോഴും കാണപ്പെടുന്നു. 2009 മെയ് അവസാന ആഴ്ചയിൽ ആലപ്പുഴജില്ലയിൽ നിന്നും കോളറ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. വ്യക്തിശുചിത്വമില്ലായ്മ, പരിസര ശുചിത്വമില്ലായ്മ എന്നിവ മൂലം ഉണ്ടാകുന്ന കോളറ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ കൂടുതലായി കാണപ്പെടുന്നു.

ശക്തിയായ വയറിളക്കവും ഛർദിയുമായി ആരംഭിക്കുന്ന രോഗം വളരെപ്പെട്ടെന്നു മൂർഛിക്കുകയും ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ 30 മുതൽ 40 ശതമാനം വരെ രോഗികളുടെ മരണത്തിന് കാരണമാകുകയും ചെയ്യുന്നു.

**രോഗം പരക്കുന്ന വിധം**

വിബ്രിയോ കോളറെ 01 (Vibrio cholerae 01) എന്ന രോഗാണുവാണ് കോളറ രോഗമുണ്ടാക്കുന്നത്. വിബ്രിയോ കോളറെയുടെ രോഗം പരത്തുന്ന വിവിധ ജനുസ്സുകളെ കണ്ടെത്തിയിട്ടുണ്ട്.



രോഗിയുടെ മലത്തിലും ഛർദിയിലും രോഗാണുക്കൾ വളരെയധികമായി കാണപ്പെടുന്നു. ഈ രോഗാണുക്കൾ മലിനമാക്കപ്പെട്ട ജലത്തിലൂടെയും ആഹാരപദാർത്ഥങ്ങളിലൂടെയും, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലൂടെയും, രോഗിയുമായുള്ള അടുത്ത സമ്പർക്കത്തിലൂടെയും (രോഗിയുടെ മലവും മൂത്രവും കൈകാര്യം ചെയ്യുക, രോഗി ഉപയോഗിച്ച വസ്ത്രങ്ങൾ തുടങ്ങിയവയിലൂടെ) മറ്റുള്ളവരിലേയ്ക്കു പകരുന്നു. ശരീരത്തിൽ കടക്കുന്ന രോഗാണു ചെറുകുടലിൽ പ്രവേശിച്ച് എണ്ണത്തിൽ പെരുകുകയും ശക്തിയായ വയറിളക്കം ഉണ്ടാക്കുന്ന വിഷപദാർത്ഥങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

രോഗത്തിന്റെ പ്രധാന സ്രോതസ്സ് കോളറ രോഗികളാണ്. ചിലപ്പോൾ ചില ആളുകൾ രോഗലക്ഷണമൊന്നുമില്ലാത്ത രോഗവാഹകരായി കാണപ്പെടാറുണ്ട്. ഇവർക്ക് രോഗം പകർത്തുന്നതിൽ സുപ്രധാന പങ്കുണ്ട്.

ഒരു കോളറ രോഗിയിൽ നിന്നും 7 മുതൽ 10 ദിവസം വരെ മറ്റൊരാളിലേയ്ക്കു രോഗം പകരാം. എന്നാൽ രോഗവാഹകരിൽ നിന്നും 2 മുതൽ 3 ആഴ്ച വരെ രോഗം മറ്റുള്ളവരിലേയ്ക്ക് പകരാം.

**രോഗലക്ഷണങ്ങൾ**

കോളറ എന്ന രോഗത്തിന്റെ തീവ്രത ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെടുന്നതിന്റെ വേഗതയ്ക്ക് ആനുപാതികമായി വർദ്ധിക്കുന്നു. കോളറയുടെ ആദ്യഘട്ടത്തിൽ പെട്ടെന്നുണ്ടാകുന്ന വയറുവേദനയില്ലാത്ത അതിശക്തമായ വയറിളക്കമാണ് രോഗലക്ഷണം. തുടർന്ന് ശക്തിയായ ഛർദിയും കാണപ്പെടുന്നു. കഞ്ഞിവെള്ളം പോലെയുള്ള വയറിളക്കത്തിന്റെ ആധിക്യം ചിലപ്പോൾ ദിവസം 40 തവണ വരെ ആവാം.

ഇങ്ങനെ ക്രമാതീതമായി ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെടുന്നതുമൂലം രോഗിക്ക് വളരെ പെട്ടെന്ന് നിർജ്ജലീകരണം സംഭവിക്കുന്നു. ഈ രണ്ടാം ഘട്ടത്തിൽ കുഴിഞ്ഞ കണ്ണുകൾ, ഒട്ടിയ കവിളുകൾ, ഒട്ടിയ വയർ, തണുത്തുമരവിച്ച കൈകാലുകൾ, നാഡീമിടിപ്പ് അപ്രത്യക്ഷമാവുക, രക്തസമ്മർദ്ദം (blood pressure) അപകടകരമാംവണ്ണം താഴുക, ത്വക്കിൽ ചുളിവുകൾ വീഴുക, ആഴം കുറഞ്ഞ തുടരെത്തുടരെയുള്ള ശ്വസനരീതി തുടങ്ങിയ നിർജ്ജലീകരണത്തിന്റെ പ്രധാന ലക്ഷണങ്ങൾ കാണ

പ്പെടുന്നു. മൂത്രത്തിന്റെ അളവു കുറയുകയും മൂത്രവിസർജ്ജനം പൂർണ്ണമായും നിൽക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ രോഗി അസ്വസ്ഥനാവുകയും അമിതമായ ദാഹവും വയറിന്റെയും കൈകാലുകളുടെയും മാംസപേശികളുടെ വരിഞ്ഞുമുറുകൽ അനുഭവപ്പെടുകയും ചെയ്യുന്നു. രോഗി പലപ്പോഴും ഈ അവസ്ഥയിൽ മരണത്തിനു കീഴ്പ്പെട്ടേയ്ക്കാം.

കോളറമൂലം മരണം സംഭവിക്കാത്ത രോഗികൾ മൂന്നാംഘട്ടത്തിലൂടെ കടന്നുപോകുന്നു. രക്തസമ്മർദ്ദം ക്രമേണ ഉയരുകയും, ശരീര ഊഷ്മാവ് സാധാരണ നിലയിലെത്തുകയും മൂത്രം മതിയായ അളവിൽ പോകുവാൻ തുടങ്ങുകയും ചെയ്യുന്നു. ഇതു രോഗി രോഗത്തിൽ നിന്നും സുഖം പ്രാപിക്കുന്നതിന്റെ ലക്ഷണങ്ങളാണ്.

**രോഗനിർണ്ണയം**

രോഗലക്ഷണങ്ങളെ അടിസ്ഥാനമാക്കി രോഗനിർണ്ണയം നടത്താവുന്നതാണ്. രോഗലക്ഷണങ്ങളുള്ള വ്യക്തിയുടെ മലം, മലിനമായ ജലം, ആഹാരപദാർത്ഥങ്ങൾ എന്നിവ മൈക്രോസ്കോപ്പിലൂടെ പരിശോധിക്കുന്നതിലൂടെയോ, ഇവയിൽ നിന്നും കൾച്ചർ വഴിയോ, വിബ്രിയോ കോളറയെ തിരിച്ചറിയാൻ സാധിക്കും. ഇതിനായി മലം പ്രത്യേക രീതിയിൽ ശേഖരിച്ച് രോഗാണുവിന് വളരുവാൻ സഹായകരമായ കൾച്ചർ മീഡിയത്തിൽ ലബോറട്ടറിയിലേയ്ക്ക് കൊണ്ടുപോകേണ്ടതുണ്ട്.

**ചികിത്സ**

രോഗാരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതും ചികിത്സിക്കുന്നതും കോളറ മൂലമുണ്ടാകുന്ന മരണത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

നിർജ്ജലീകരണം തടയുക, ഉണ്ടായ നിർജ്ജലീകരണത്തെ ഫലപ്രദമായി ചികിത്സിക്കുക എന്നിവയാണ് കോളറ ചികിത്സയുടെ അടിസ്ഥാന തത്വങ്ങൾ.

ചെറിയ തോതിൽ മാത്രം നിർജ്ജലീകരണം (dehydration) ഉള്ള രോഗികളെ വീട്ടിൽവച്ചുതന്നെ ചികിത്സിക്കാവുന്നതാണ്. എന്നാൽ സാരമായ നിർജ്ജലീകരണം സംഭവിച്ചവരെ എത്രയും വേഗത്തിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകേണ്ടതാണ്.

> ശക്തിയായ വയറിളക്കവും ഛർദിയുമായി ആരംഭിക്കുന്ന കോളറ രോഗം വളരെപ്പെട്ടെന്നു മൂർഛിക്കുകയും ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ 30 മുതൽ 40 ശതമാനം വരെ രോഗികളുടെ മരണത്തിന് കാരണമാകുകയും ചെയ്യുന്നു.

ഭവനങ്ങളിൽവച്ചുള്ള ചികിത്സയ്ക്ക് ORS ലായനി, ഉപ്പിട്ട കഞ്ഞിവെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാവെള്ളം എന്നിവ നൽകാവുന്നതാണ്.

സാരമായ നിർജ്ജലീകരണം സംഭവിച്ച രോഗികളുടെ ചികിത്സയിൽ പ്രധാനം I V fluids അഥവാ ഡ്രിപ്പുകളാണ്. രോഗിയുടെ നിർജ്ജലീകരണത്തിന്റെ അളവനുസരിച്ച് കുത്തിവയ്ക്കുന്ന I V fluids ന്റെ അളവും വ്യത്യാസപ്പെട്ടിരിക്കും. എത്രയും വേഗത്തിൽ നിർജ്ജലീകരണം നേരെയാക്കുന്നുവോ, അത്രത്തോളം മരണസാധ്യതയും കുറവായിരിക്കും. കൂടാതെ ഡോക്സിസൈക്ലിൻ, ടെട്രാസൈക്ളിൻ, സെപ്ട്രാൻ തുടങ്ങിയ മരുന്നുകളും കോളറയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നു.

**രോഗപ്രതിരോധം**


വ്യക്തിശുചിത്വവും പരിസര ശുചിത്വവും കാത്തുസൂക്ഷിക്കുക എന്നതാണ് രോഗപ്രതിരോധത്തിനുള്ള ഏറ്റവും പ്രധാന മാർഗ്ഗം.

ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുക, മലമൂത്രവിസർജ്ജ്യങ്ങൾ ശരിയായ രീതിയിൽ നശിപ്പിക്കുക, തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക, ആഹാരപദാർത്ഥങ്ങൾ വൃത്തിയായി കഴുകി, നന്നായി വേവിച്ച് ഉപയോഗിക്കുക, രോഗി ഉപയോഗിച്ച വസ്ത്രങ്ങൾ, പാത്രങ്ങൾ, രോഗിയുടെ വിസർജ്ജ്യ വസ്തുക്കൾ, വീടിന്റെ പരിസരം എന്നിവ കോൾടാർ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ ഉപയോഗിച്ച് അണുവിമുക്തമാക്കുക എന്നിവയും രോഗപ്രതിരോധത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗങ്ങളാണ്.

വളരെ ഫലപ്രദമല്ലെങ്കിലും കോളറയ്ക്കെതിരെ പ്രതിരോധമരുന്നുകൾ ലഭ്യമാണ്. ടെട്രാസൈക്ലിൻ, ഡോക്സിസൈക്ലിൻ തുടങ്ങിയ മരുന്നുകൾ ഇതിനായി ഉപയോഗിക്കാറുണ്ട്.

കോളറയ്ക്കെതിരെ രണ്ടു തരത്തിലുള്ള പ്രതിരോധ കുത്തിവെയ്പുകൾ ലഭ്യമാണ്. 2-ഉം 6-ഉം ആഴ്ചകളിൽ എടുക്കേണ്ട കുത്തിവെയ്പുകൾ 50% അളവുകളിൽ 3 മുതൽ 6 മാസം വരെ പ്രതിരോധശേഷി നൽകുന്നു.

കോളറ വരാതെ തടയുന്നതിൽ ആരോഗ്യവിദ്യാഭ്യാസത്തിനും ബോധവൽക്കരണ പരിപാടികൾക്കും നിർണ്ണായകമായ പങ്കുണ്ട്.



മഴക്കാലം ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും നാന്ദിയാണെങ്കിലും അതുയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ നിസ്സാരമല്ല. നാം മുകളിൽ കണ്ട രോഗങ്ങളെല്ലാം മഴക്കാലത്തു കാണപ്പെടുന്നവയാണ്. മഴക്കാല രോഗങ്ങൾ, അവയുടെ ലക്ഷണങ്ങൾ, ചികിത്സാരീതികൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ശരിയായ അവബോധം, ഇവയെ ആരംഭത്തിൽ തന്നെ തിരിച്ചറിയുന്നതിനും ചികിത്സ തേടുന്നതിനും തദ്വാര മരണശതമാനം കുറയ്ക്കുന്നതിനും സഹായിക്കുന്നു.


വ്യക്തി, പരിസരശുചിത്വമില്ലായ്മ, ഈച്ചകൾ, കൊതുകുകൾ, എലികൾ എന്നിവയുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന, ശുദ്ധജല ദൗർലഭ്യം എന്നിവയാണ് മഴക്കാല രോഗങ്ങളുടെ വ്യാപ്തിയും വ്യാപനവും ക്രമാതീതമായി വർദ്ധിപ്പിക്കുന്ന വസ്തുതകൾ.

തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക, സ്വയം ചികിത്സ ഒഴിവാക്കുക, രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ വൈദ്യസഹായം തേടുക, ജലസ്രോതസ്സുകളെ വൃത്തിയായി സൂക്ഷിക്കുക, വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക, രോഗം പരത്തുന്ന ഈച്ചകൾ, കൊതുകുകൾ, എലികൾ എന്നിവയുടെ പ്രജനനം തടയുകയും നശിപ്പിക്കുകയും ചെയ്യുക, നന്നായി കൈകഴുകിയതിനു ശേഷം മാത്രം ഭക്ഷണം കഴിക്കുക, പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകിയതിനു ശേഷം മാത്രം ഉപയോഗിക്കുക, തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്താതിരിക്കുക, ആവശ്യമെങ്കിൽ പ്രതിരോധമരുന്നുകൾ കഴിക്കുക തുടങ്ങിയ ലളിതമായ മാർഗ്ഗങ്ങൾ ഓരോ വ്യക്തികൾക്കും നടപ്പിലാക്കാൻ സാധിക്കുന്നതും രോഗത്തെ ഫലപ്രദമായി തടയാൻ സഹായിക്കുന്നതുമാണ്. ■

*(അവസാനിച്ചു)*

*(ലേഖകൻ കോട്ടയം ഗവ:മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം ലക്ചററാണ്)*

മറുപടി തയ്യാറാക്കിയത് : ഉദയഭാനു കണ്ടേത്ത്
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221



# പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും

*ചോദ്യം: ശമ്പളം നൽകുന്നതിനും മറ്റുമായി 95,000 രൂപ സഹകരണ ബാങ്കിൽ നിന്ന് സെൽഫ് ചെക്ക് മുഖേന പിൻവലിച്ചു. യഥാർത്ഥത്തിൽ പിൻവലിക്കേണ്ടിയിരുന്നത് 93,000 രൂപ മാത്രമായിരുന്നു. അധികം പിൻവലിച്ച 2000 രൂപ എങ്ങനെ തിരിച്ചടയ്ക്കും? ഈ തുകയ്ക്ക് രസീത് എഴുതേണ്ടതുണ്ടോ? ഈ തുക തിരിച്ചടച്ചാൽ കാഷ്ബുക്കിൽ എങ്ങനെ രേഖപ്പെടുത്തും?*

*ശ്രീകുമാർ*
*ശ്രീനിവാസ്*
*മലയിൻകീഴ്, തിരുവനന്തപുരം*

ഉത്തരം:- സെൽഫ് ചെക്ക് മുഖേന തുക പിൻവലിച്ചപ്പോൾ കാഷ്ബുക്കിൽ ചെലവുഭാഗത്ത് ബാങ്ക് കോളത്തിലും വരവുഭാഗത്ത് കാഷ് കോളത്തിലുമാണ് രേഖപ്പെടുത്തിയത്. ഇത് കോൺട്രാ എൻട്രിയാണ്. അതിനാൽ വൗച്ചർ നമ്പർ നൽകിയിട്ടില്ല. തുക ചെലവ് ചെയ്തപ്പോൾ ഓരോ ചെലവിനും വൗച്ചർ നമ്പർ നൽകി കാഷ്ബുക്കിൽ രേഖപ്പെടുത്തി.

അധികമായി പിൻവലിച്ച തുകയ്ക്ക് രസീത് എഴുതേണ്ടതില്ല; കാരണം പുറമേനിന്ന് ഒരു തുകയും പഞ്ചായത്തിന് വരവായി ലഭിച്ചിട്ടില്ല.

അധികമായി പിൻവലിച്ച തുക സഹകരണ ബാങ്കിൽ തിരിച്ചടയ്ക്കേണ്ടതാണ്. തുക തിരിച്ചടച്ചശേഷം കാഷ്ബുക്കിൽ ചെലവുഭാഗത്ത് കാഷ് കോളത്തിലും വരവുഭാഗത്ത് ബാങ്ക് കോളത്തിലും രേഖപ്പെടുത്തണം. ക്ലാസിഫിക്കേഷൻ 'സി'(അതായത് കോൺട്രാ) എന്ന് രേഖപ്പെടുത്തണം. സഹകരണബാങ്കിന്റെ ചെക്ക് ഇഷ്യു രജിസ്റ്ററിൽ നിക്ഷേപം കോളത്തിൽ രേഖപ്പെടുത്തി ബാലൻസ് തുക വർദ്ധിപ്പിക്കണം.

*ചോദ്യം:- 12.4.2006 ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവു വന്നപ്പോൾ പുതുതായി വിപിഎഫ് I അക്കൗണ്ട് തുടങ്ങി. എന്നാൽ നേരത്തേയുണ്ടായിരുന്ന വിപിഎഫ് അക്കൗണ്ട് യാതൊരു ഇടപാടുമില്ലാതെ തുടരുകയും ചെയ്യുന്നു. ഇവ തമ്മിൽ ലയിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?*

*പ്രദീഷ്,*
*തിരുവാതിര, കായംകുളം*
*ആലപ്പുഴ ജില്ല*

ഉത്തരം:- നേരത്തേ മുതൽ നിലവിലുണ്ടായിരുന്ന വിപിഎഫ് അക്കൗണ്ട്, വിപിഎഫ് I അക്കൗണ്ടിൽ ലയിപ്പിക്കുന്നത് അനുവദനീയമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. (സർക്കാരിന്റെ 25–3–2009 ലെ 27/2009/ഫിൻ നമ്പർ സർക്കുലറിന്റെ viii- ാം ഖണ്ഡിക)

> സർക്കാരിന്റെ അഥവാ പഞ്ചായത്തിന്റെ പണവുമായി സ്വകാര്യപണം കൂട്ടിക്കുഴയ്ക്കരുതെന്നത് അടിസ്ഥാന പ്രമാണമാണ്.

*ചോദ്യം:- പഞ്ചായത്തിലെ ഒരു ദിവസത്തെ പിരിവ് 23,350 രൂപയായിരുന്നു. എന്നാൽ അശ്രദ്ധ മൂലം പിറ്റേന്ന് ബാങ്കിൽ അടച്ചത് 23,850 രൂപയാണ്. തെറ്റ് മനസ്സിലായപ്പോൾ അടുത്ത ദിവസത്തെ പിരിവു തുകയിൽനിന്ന് 500 രൂപ കുറച്ച് ബാങ്കിൽ അടച്ചു. ഇപ്പോൾ കണക്കു ശരിയായി. ഇപ്രകാരം ചെയ്തത് ശരിതന്നെയല്ലേ?*

*മുജീബ് കെ.കെ,*
*കെ.കെ. മൻസിൽ*
*എടരിക്കോട്, മലപ്പുറം*

ഉത്തരം:- സർക്കാരിന്റെ അഥവാ പഞ്ചായത്തിന്റെ പണവുമായി സ്വകാര്യപണം കൂട്ടിക്കുഴയ്ക്കരുതെന്നത് അടിസ്ഥാന പ്രമാണമാണ്. അശ്രദ്ധമൂലം ഈ പ്രമാണം ലംഘിക്കുകയും, തെറ്റ് മനസ്സിലായപ്പോൾ മറ്റൊരു തെറ്റ് വഴി തിരുത്തുകയുമാണ് ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത് താഴെപറയുന്ന പ്രകാരമാണ്.

500 രൂപ കൂടുതലായി ബാങ്കിൽ അടച്ചദിവസം വൈകുന്നേരം കാഷ്ബുക്ക് ക്ലോസ് ചെയ്യുമ്പോൾ, ആ ദിവസത്തെ പിരിവു തുകയേക്കാൾ 500 രൂപ കുറവായിരിക്കും ക്ലോസിംഗ് ബാലൻസ്, അതായത് 500 രൂപ അധികമായി കാഷ്ചെസ്റ്റിൽ ഉണ്ടായിരിക്കും. ഈ തുകയ്ക്ക് രസീത് എഴുതണം. "കാഷ് ചെസ്റ്റിൽ അധികം കണ്ട തുക" എന്ന വിവരണത്തോടെ "0515- 800 മറ്റിനങ്ങൾ" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക വരവുവയ്ക്കേണ്ടത്.

കാഷ് കൈകാര്യം ചെയ്ത വ്യക്തി, തന്റെ അശ്രദ്ധകൊണ്ട് കൂടുതലായി 500 രൂപ ബാങ്കിൽ അടച്ചുപോയെന്നും തുക തിരിച്ചു നൽകണമെന്നും കാണിച്ച് അപേക്ഷ നൽകണം. ഈ അപേക്ഷ പരിഗണിച്ച്, പ്രസിഡന്റിന്റെ അനുമതിയോടെ നടപടിക്കുറിപ്പും ബില്ലും തയ്യാറാക്കി 500 രൂപയ്ക്കുള്ള ചെക്ക് അപേക്ഷകന് നൽകാവുന്നതാണ്.

**പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും**

*തദ്ദേശഭരണ സ്ഥാപനങ്ങളിലെ കണക്കെഴുത്തുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകുന്ന പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും എന്ന പംക്തിയിലേയ്ക്കുള്ള ചോദ്യങ്ങളും സംശയങ്ങളും*

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്
തിരുവനന്തപുരം - 695 033

*എന്ന വിലാസത്തിൽ അയയ്ക്കുക.*

**എഡിറ്റർ**

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

# അപകട നിയന്ത്രണത്തിന് പുതിയ കാൽവെയ്പ്

**പള്ളിക്കൽ ദേവരാജൻ**

നൂതനവും ജനക്ഷേമകരവും പുരോഗമനാത്മകവുമായ പദ്ധതികൾ രൂപീകരിച്ച് സമയബന്ധിതമായി നടപ്പാക്കികൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന-ജില്ലാതലങ്ങളിൽ നിന്നും പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ ഒരു പദ്ധതിയാണ് "അപകട നിയന്ത്രണ വർഷാചരണം-2009'. ചട്ടപ്പടിയുള്ള ദൈനംദിന ഭരണ നിർവഹണത്തിനും വ്യക്തിഗത ആനുകൂല്യവിതരണത്തിനുമപ്പുറം ഒരു പഞ്ചായത്തിന് ഏതെല്ലാം മേഖലകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ കഴിയും എന്നതിന്റെ ഉദാഹരണമാണ് ഈ പദ്ധതി.

എല്ലാത്തരം അപകടങ്ങളും സമ്മാനിക്കുന്നത് ദുഃഖവും ദുരിതങ്ങളുമാണ്. അപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെട്ടവരേക്കാൾ ജീവഛവങ്ങളായി മാറിയ അനേകം പേർ നമുക്കിടയിലുണ്ട്. അംഗഭംഗം സംഭവിച്ച് തീരാവ്യഥ അനുഭവിക്കുന്നവരുടെ കണ്ണീരിൽ കുതിർന്ന ജീവിതം സമൂഹമനസ്സാക്ഷിയെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. റോഡ് അപകടങ്ങൾ, വൈദ്യുതി മുഖേനയുള്ള അപകടങ്ങൾ, വെള്ളത്തിൽ വീണുള്ള അപകടങ്ങൾ, ഗൃഹാന്തരീക്ഷത്തിൽ സൂക്ഷ്മത കുറവുമൂലമുണ്ടാകുന്ന അപകടങ്ങൾ, ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങൾ, അഗ്നിബാധ തുടങ്ങി അപകടങ്ങളുടെ പട്ടിക നീളുകയാണ്. ഇവയിൽ ഏറ്റവും വേഗം നടക്കുന്നതും സർവസാധാരണയായി മാറിക്കൊണ്ടിരിക്കുന്നതുമായ അപകടമാണ് റോഡപകടങ്ങൾ. ഇതിന് കാരണങ്ങൾ പലതുണ്ടാകാം. അതിൽ നാല് 'അ' കാരങ്ങൾ ചേരുമ്പോൾ കിട്ടുന്ന മറ്റൊരു 'അ' കാരമാണ് 'അപകടം'. അവയെ ഇങ്ങനെ ക്രമീകരിക്കാം.

> അശ്രദ്ധ
> \+
> അജ്ഞത
> \+
> അമിതവേഗം
> \+
> അഹങ്കാരം
> =
> **അപകടം**

ഇന്ത്യയിലെ വാഹനങ്ങളുടെ 3.5% മാത്രമുള്ള കേരളത്തിലാണ് ആകെ അപകടങ്ങളുടെ 11% വും സംഭവിക്കുന്നത്. ഇതിൽ നിന്നും വിഭിന്നമായിരുന്നില്ല ഭരണിക്കാവിലെ സ്ഥിതി. പഞ്ചായത്തിനെ രണ്ടായി മുറിച്ചു കടന്നുപോകുന്ന സം സ്ഥാന പാതയായ കെ.പി. റോഡിലും മറ്റ് ചില പ്രധാന റോഡുകളിലും അപകടങ്ങൾ പെരുകി വരുന്ന സാഹചര്യത്തിലാണ് ഈ പദ്ധതി ഏറ്റെടുത്തത്. ഇവിടെ





*ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ അപകട നിയന്ത്രണവർഷാചരണം 2009 ന്റെ രണ്ടാം ഘട്ട പ്രവർത്തന ഉത്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിക്കുന്നു.*

ഉൾപ്പെടുന്ന വള്ളികുന്നം, കുറത്തികാട് പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ട അപകടങ്ങളുടെ കണക്കുപ്രകാരം പഞ്ചായത്തിനുള്ളിൽ ഒരു വർഷം ശരാരശി 120 അപകടങ്ങളാണ് നടക്കുന്നത്. ഇതിൽ ശരാശരി 8 പേരെങ്കിലും മരിക്കുന്നു. ഈ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. അപകടങ്ങൾ തുടർക്കഥയാകുമ്പോൾ നിസ്സഹായതയോടെ നോക്കിനിൽക്കാൻ മനുഷ്യസ്നേഹികളെ കൊണ്ടാവില്ല. ഒരു ജീവനെങ്കിലും രക്ഷിക്കാൻ കഴിഞ്ഞാൽ അത്രയുമാകട്ടെ.

മാവേലിക്കര ലീഗൽ സർവീസസ് കമ്മിറ്റിയുടെ സഹായ സഹകരണങ്ങളോടെ നടപ്പാക്കുന്ന ഈ പദ്ധതി ഒരു വർഷം നീളുന്നതും രണ്ടു ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതുമാണ്. 2008 ഡിസംബർ 31 ന് അന്നത്തെ ഗതാഗത വകുപ്പു മന്ത്രി മാത്യു ടി. തോമസ് ഉത്ഘാടനം നിർവഹിച്ചു.

### പ്രവർത്തനങ്ങളും പരിപാടികളും

പദ്ധതിയുടെ വിജയത്തിനായി വിപുലമായ ജനകീയ കമ്മിറ്റി രൂപീകരിച്ചു. അതിൽനിന്നും ഒരു കർമസമിതിയും രൂപീകരിച്ചു. മാവേലിക്കര അഡീ.ജില്ലാ ജഡ്ജി രക്ഷാധികാരിയും, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് സെക്രട്ടറി കൺവീനറും, എം.പി., എം.എൽ.എ തുടങ്ങിയ ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഉപദേശകസമിതിയും, തഹസിൽദാർ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ എക്സൈസ് സബ് ഇൻസ് പെക്ടർ, ഇൻസ്പെക്ടർ, പി.ഡബ്യു.ഡി എക്സിക്യൂട്ടീവ് എൻജിനിയർ, ഡി.ഇ.ഒ തുടങ്ങിയവർ ജോയിന്റ് കൺവീനർമാരായും പ്രവർത്തിക്കുന്ന കർമസമിതിയിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖരും അംഗങ്ങളാണ്. കർമസമിതി കൂടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ദീപം തെളിക്കൽ, ബോധവൽക്കരണം, നിയമ ബോധവൽക്കരണം, നേത്ര പരിശോധനാ ക്യാമ്പ്, ഡ്രൈവർമാർക്ക് പരിശീലനം, റോഡുകളുടെ സംരക്ഷണം, ഗതാഗത നിയന്ത്രണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള പ്രവർത്തനങ്ങൾ, സിഗ്നൽ ബോർഡുകൾ, മുന്നറിയിപ്പു ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ബസ് സ്റ്റോപ്പുകൾ, ഓട്ടോ- ടാക്സി സ്റ്റാന്റുകൾ പുനഃക്രമീകരിക്കൽ, നടപ്പാതകൾ നിർമ്മിക്കൽ, സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കൽ, മദ്യപിച്ചു വാഹനമോടിക്കുന്നവർക്ക് ശിക്ഷ ഉറപ്പാക്കൽ, അദാലത്തുകൾ സംഘടിപ്പിക്കൽ, വാഹനങ്ങളിലും പൊതു സ്ഥാപനങ്ങളിലും സന്ദേശ സ്റ്റിക്കറുകൾ പതിപ്പിക്കൽ, ഈ വിഷയത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കായി ലേഖന രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.



വിവിധ വകുപ്പുകളുടെ സഹായസഹകരണം ഇതിന് ലഭിക്കുന്നുണ്ട്. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പൊതുമരാമത്ത് അനുവദിച്ച 10 ലക്ഷം രൂപ മുടക്കി തിരക്കേറിയ ജംഗ്ഷനുകളിൽ നടപ്പാത നിർമ്മാണം ആരംഭിച്ചു. സിഗ്നൽ- മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചു. പ്രചാരണം ഊർജിതമാക്കി. ഡ്രൈവർമാർക്കായി നേത്ര പരിശോധനാ ക്യാമ്പും പരിശീലനവും സംഘടിപ്പിച്ചു. പാർ ക്കിംഗ് ചിട്ടപ്പെടുത്തി. അപകട കേസുകളുടെ അദാലത്ത് സംഘടിപ്പിച്ചു. ഇങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തിൽ നടന്നു കഴിഞ്ഞു.

പ്രായോഗിക നടപടികൾക്കു മുൻതൂക്കം നൽകുന്ന രണ്ടാംഘട്ടത്തിന്റെ ഉത്ഘാടനം ജൂൺ 6 ന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിച്ചു. ഈ ഘട്ടത്തിൽ 20 വാർഡുകളിലും പ്രത്യേക ഗ്രാമസഭകളും നടത്തി. റോഡു സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. പഞ്ചായത്തിന്റെ പരിമിധിക്കുള്ളിൽ നിന്ന് റോഡുകളുടെ നവീകരണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. രാവിലെയും വൈ കുന്നേരവും വിദ്യാലയങ്ങളോടടുത്തുള്ള ജംഗ്ഷനുകളിൽ പോലീ സ്, എൻസിസി തുടങ്ങിയവയുടെ സഹായത്തോടെ വിദ്യാർത്ഥികൾക്കും മറ്റ് യാത്രക്കാർക്കും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഗതാഗതം, ബസ്സുകളുടെ മത്സരയോട്ടം തുടങ്ങിയവ നിയന്ത്രിക്കും.

### നിർവഹണവും മോണിറ്ററിംഗും

പദ്ധതി നിർവഹണത്തിനായി രൂപീകരിച്ചിട്ടുള്ള കർമസമിതി എല്ലാമാസവും അവലോകനം നടത്തും. ഇതിന് ഒരു കോർഡിനേറ്റർ ഉണ്ട്. പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കുകയും പുതിയ നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും പോരായ്മകൾ പരിശോധിക്കുകയും ചെയ്യുന്നു. വിവിധ തലങ്ങളെ കൂട്ടി യോജിപ്പിക്കാൻ കഴിയുന്നു. കുടുംബശ്രീ സംവിധാനം ഇതിന്റെ ഭാഗമായിക്കഴിഞ്ഞു.

റോഡ് അപകടങ്ങൾക്കു പുറമേ മറ്റ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ നടന്നു വരുന്നു. പദ്ധതി പൂർണതയിലെത്തുമ്പോഴേയ്ക്കും അപകടങ്ങളുടെ തോത് കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒന്നാം ഘട്ടം കഴിയുമ്പോൾ 10% അപകടങ്ങൾ കുറഞ്ഞതായി കണക്കുകൾ തെളിയിക്കുന്നു. ഇതിനകം ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞ പദ്ധതി വിജയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വരും വർഷങ്ങളിലും ഇത് തുടർന്നുകൊണ്ടുപോകാനാണ് ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

അപകടങ്ങൾ പൂർണമായി ഇല്ലാതാക്കാൻ ആരാലും സാധ്യമല്ല. എന്നാൽ സംഭവിക്കുന്നതെല്ലാം വിധിവൈപരീത്യം കൊണ്ടാണെന്ന് കരുതി സമാധാനിക്കാൻ പരിഷ്കൃത സമൂഹത്തിനു കഴിയില്ല. ആ തിരിച്ചറിവിൽ നിന്നും രൂപപ്പെട്ട ഈ പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യത്തേതാണെന്ന കാര്യത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു. കൈകൾ കോർക്കാം ഈ പുതിയ യജ്ഞത്തിൽ. ■

*ലേഖകൻ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് അംഗമാണ്*



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം:- അധികാര വികേന്ദ്രീകരണത്തിന് വേണ്ടിയുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ഉത്തരവാദിത്വവും.

അവതാരകൻ : ഡോ. ജോർജ് മാത്യു (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, ന്യൂദില്ലി).

ചർച്ചയിൽ പങ്കെടുത്തവർ: റീത്ത സരിൻ, മനോജ് റായി, ലൈസ ജോ,അമിതാബ് ബഹർ.

### ചർച്ചയുടെ സംക്ഷിപ്തം

അധികാര വികേന്ദ്രീകരണത്തിനോടുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ഉത്തരവാദിത്വവും പ്രതിബദ്ധതയും ഉറപ്പാക്കുന്നത് സംബന്ധിച്ചുള്ള ചർച്ചയിൽ കൂടുതൽ ഉൾക്കാഴ്ചയോടുകൂടിയുള്ള പ്രതികരണങ്ങളാണ് കാണുവാൻ കഴിയുന്നത്. വിവരാവകാശ നിയമം ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിലും ഇക്കാര്യത്തിൽ കൂടുതൽ അറിവ് പകരുന്നതിനും ഒരു നല്ല ഉപാധിയായിട്ടാണ് അംഗങ്ങൾ കാണുന്നത്.

### തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഉത്തരവാദിത്തങ്ങളും

വിവരാവകാശ നിയമം അനുസരിച്ച് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ (ഗ്രാമ-നഗര സ്വയംഭരണസ്ഥാപനങ്ങളിലെ) അധികാരങ്ങളും വീഴ്ചകളും ഉത്തരവാദിത്വവും പൊതുജനങ്ങളുടെ തുറന്ന ചർച്ചയ്ക്കും വിമർശനങ്ങൾക്കും വിധേയമാക്കപ്പെടുന്നുവെന്ന് അവതാരകൻ തന്നെ സമ്മതിക്കുന്നു. വിവരാവകാശനിയമത്തിൽ സെക്ഷൻ 4(2) അനുസരിച്ച് പൊതുജനം ആവശ്യപ്പെടുന്ന എന്ത് വിവരങ്ങളും പൊതുസ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നിരുന്നാലും രാജ്യത്താകമാനം വിവരാവകാശനിയമം സംബന്ധിച്ച് വളരെ പരിമിതമായ അറിവ് മാത്രമാണ് ഉത്തരവാദിത്തപ്പെട്ടവർക്കുള്ളതെന്ന് കാണാവുന്നതാണ്. അതുകൊണ്ട് തന്നെ വിവരാവകാശ നിയമത്തെക്കുറിച്ച് വിപുലമായ പ്രചാരണപ്രവർത്തനങ്ങൾ ആവശ്യമാണ്. തദ്ദേശീയമായ സന്നദ്ധ സംഘടനകൾ, സാമൂഹ്യസംഘടനകൾ എന്നിവയ്ക്ക് വിവരാവകാശ നിയമത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിൽ പ്രധാന പങ്കാണ് നിർവ്വഹിക്കാനുള്ളത്.

പഞ്ചായത്ത് പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ ചുറ്റുമതിലിലും മറ്റും പ്രദർശിപ്പിക്കുന്നതിലൂടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യത കൈവരിച്ചിട്ടുണ്ട്. പ്രധാനമായും ഗുണഭോക്താക്കളുടെ ലിസ്റ്റ്, വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക, പഞ്ചായത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്നിവയാണ് ഇത്തരത്തിൽ പ്രദർശിപ്പിക്കപ്പെടുന്നത്. ഗ്രാമസഭയാണ് പഞ്ചായത്തിന്റെ വരവ് - ചെലവ് കണക്കുകൾ പൊതുജന ചർച്ചക്ക് വിധേയമാക്കുന്ന വേദി. അതുകൊണ്ട് തന്നെ ഗ്രാമസഭ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

ഗ്രാമസഭ മുഖേനയുള്ള സോഷ്യൽ ഓഡിറ്റ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതും സുസ്ഥിരമാക്കേണ്ടതും കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് അനിവാര്യമാണ്. സ്വത

ന്ത്രമായ ഒരു ബഡ്ജറ്റ് വിശകലനം വിവരങ്ങൾ കൈമാറുന്നതിനും, കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും ഉപയുക്തമാണ്. 'ഓംബുഡ്സ്മാൻ' പോലുള്ള സംവിധാനങ്ങൾ പരാതി പരിഹാരത്തിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും ഉപകാരപ്രദമാണ്. കൂടാതെ സിറ്റിസൺ റിപ്പോർട്ട് കാർഡ് (CRCs) കമ്മ്യൂണിറ്റി സ്കോർ കാർഡ് (CSC) പൊതുജന മീറ്റിംഗ്, ഇ - ഗവർണൻസ്, കമ്മ്യൂണിറ്റി റേഡിയോ എന്നിവയും പ്രാദേശിക സ്ഥിതിക്ക് അനുസരിച്ച് തുടങ്ങാവുന്നതാണ്.

**അധികാരവികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധതയും രാഷ്ട്രീയ ഇച്ഛാശക്തിയും**

അധികാരം മുകൾതട്ട് മുതൽ താഴേതട്ടുവരെ കേന്ദ്രീകൃതമായതിനാൽ അധികാരവികേന്ദ്രീകരണത്തിനായുള്ള രാഷ്ട്രീയ ഇച്ഛാശക്തി നഷ്ടപ്പെടുന്നതായാണ് വിലയിരുത്തപ്പെടുന്നത്. പൊതുജന അവബോധം അധികാരവികേന്ദ്രീകരണത്തിനും പഞ്ചായത്ത് രാജിനും സദ്ഭരണത്തിനും വളരെ അനിവാര്യമാണ്, അതുപോലെ തന്നെ വികസനോന്മുഖ ചെലവുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ട സേവനങ്ങൾ പരാതി പരിഹാര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനം അറിവുള്ളവരായിരിക്കണം. കൂടാതെ എല്ലാ സർക്കാർ ജീവനക്കാരും ജനപ്രതിനിധികളും അധികാരവികേന്ദ്രീകരണവും അതിന്റെ ഗുണഫലങ്ങളും സംബന്ധിച്ച് അവബോധം ഉള്ളവരായിരിക്കണം.

ഇതിനായി താഴെപ്പറയുന്ന നടപടികൾ എടുക്കാവുന്നതാണ്.

- ➢ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് (തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ) ഒരു ബോധവല്ക്കരണ ശില്പശാല.
- ➢ എല്ലാ പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ പരിശീലനം നൽകുക. കൂടാതെ കേന്ദ്ര സംസ്ഥാന - സന്നദ്ധ- പൊതു പ്രവർത്തകരുടെ ഭാഗത്തു നിന്നും താഴെപ്പറയുന്ന കാര്യങ്ങളിൽ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.
  - വികസനപ്രവർത്തനങ്ങളി ൽ പഞ്ചായത്ത് രാജിനെ മുഖ്യധാരയിൽ കൊണ്ടുവരിക.
  - കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മേൽ അധികാരം താഴെത്തട്ടിലേയ്ക്ക് പകർന്ന് കൊടുക്കു ന്നതിന് സമ്മർദ്ദം ചെലുത്തുക.
  - കഴിവുറ്റവരെ കണ്ടെത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് എത്തിക്കുകയും അധികാരവികേന്ദ്രീകരണത്തിനായി പ്രവർത്തിക്കുകയും ചെയ്യുക.
  - തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ പരസ്പര ബന്ധത്തെ ശക്തിപ്പെടുത്തുക. കേന്ദ്ര-സംസ്ഥാന-പ്രാദേശിക തലത്തിലുള്ള പ്രവർത്തകരുടേയും, അക്കാദമിഷ്യന്മാരുടേയും കൂട്ടാ യ്മ അധികാരവികേന്ദ്രീകരണത്തിനായി രൂപപ്പെടുത്തുക.
  - മാദ്ധ്യമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിന് സന്നദ്ധരാകുക.

നല്ല ഭരണത്തിന് വേണ്ടിയുള്ള രാഷ്ട്രീയമായ ഇച്ഛാശക്തിയും ഉത്തരവാദിത്വബോധവും നൽകുന്ന നടപടികളും കാര്യക്രമങ്ങളും അനാവശ്യമായ നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉത്തരവാദിത്തവും ഇതിൽ നിന്നുതന്നെ ഉണ്ടാകുന്നു. അധികാരവികേന്ദ്രീകരണത്തിനോടുള്ള രാഷ്ട്രീയമായ ഇച്ഛാശക്തിയും ഉത്തരവാദിത്തവും ശക്തിപ്പെടുത്തുന്നതിന് ശക്തമായ ഒരു പൊതുസമൂഹം കൂടി ആവശ്യമാണ്.

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joy.elamon@un. org.in), ടീനാ മാഥൂർ (tina.mathur @un.org.in) എന്നിവരിലാർക്കെങ്കിലും എഴുതുകയോ www. solution exchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.* ■

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്*
*യൂണൈറ്റഡ് നേഷൻസ്*

# തദ്ദേശസ്വയംഭരണ വായ്പ ഭേദഗതി ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം

കേരള തദ്ദേശസ്വയംഭരണസ്ഥാപന വായ്പ ഭേദഗതി ബില്ലിനും ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വികസനത്തിനാവശ്യമായ വായ്പ നൽകുന്നതിന് 253 കോടി രൂപ മൂലധന നിക്ഷേപത്തോടെ വികസന നിധി (കെ.എൽ.ജി.ഡി.എഫ്) രൂപീകരിക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി. വിവിധതലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഇതിനായി ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കും. കേരള ലോക്കൽ ഗവൺമെന്റ് ഇൻ ഫ്രാസ്ട്രക്ചർ ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് (കെ.എൽ.ജി. ഐ. എഫ്.എസ്.എൽ) എന്ന പേരിൽ അസ്സറ്റ് മാനേജ്മെൻറ് കമ്പിനിയും രൂ പീകരിക്കും. നിധിയുടെ മാനേജ്മെന്റ് ഘടന പ്രകാരം ഇതിന് ഒരു ഗവേണിംഗ് ബോർഡ് ഉണ്ടാവും. പദ്ധതിക്ക് അംഗീ കാരം നൽകൽ, വായ്പാ സൗകര്യമൊ ഴികെയുള്ള സഹായങ്ങൾ എന്നിവ സംബന്ധിച്ച നയങ്ങളും നടപടിക്രമങ്ങളും ഗവേണിംഗ് ബോർഡ് നിശ്ചയിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായുള്ള ബോർഡിൽ, തദ്ദേശസ്വയംഭരണ, ധനകാര്യ, ആസൂത്രണ വകുപ്പ് സെക്രട്ടറിമാർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരിൽ ഒരാൾ, മുനിസിപ്പാലിറ്റി ചെയർമാൻമാരിൽ ഒരാൾ, പഞ്ചായത്ത് പ്രസിഡന്റുമാരിൽ ഒരാൾ, ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളും അംഗങ്ങളാവും. കൺവീനറെ സർക്കാർ നാമനിർദ്ദേശം ചെയ്യും. നിലവിലുള്ള കേരള അർബൻ റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപറേഷനെ (കെ.യു.ആർ. ഡി.എഫ്.സി.) പുനഃസംവിധാനം ചെയ്ത് നിധിയുടെ അസ്സറ്റ് മാനേജ്മെന്റ് കമ്പനിയാക്കാനാണ് നിർദ്ദേശം. കേരള ഗ്രാമ വികസന ബോർഡിന്റെ ആസ്തികളും നിർദ്ദിഷ്ട കമ്പനിക്ക് കൈമാറും. ഓഹരി നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ബോർഡിന്റെ ഘടന നിർണ്ണയിക്കുക. ഓഹരി ഉടമസ്ഥതയിൽ കേരള സർക്കാരിന് മുൻകൈ (51%) ഉണ്ടാവും. ബാക്കി 49 ശതമാനം പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾക്കായിരിക്കും. പ്രശസ്തമായ അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളുടേയും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും പ്രതിനിധി കളെ ബോർഡിൽ അംഗങ്ങളായി സർക്കാർ നാമനിർദ്ദേശം ചെയ്യും. അസ്സറ്റ് മാനേജ്മെന്റ് കമ്പനിയുടെ ബോർഡ് ചെയർമാനായി തദ്ദേശസ്വയംഭരണ സെക്രട്ടറിയെ നിയോഗിക്കും.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*





ഡോ. തോമസ് വർഗ്ഗീസ്
MBBS, DCH, DPH, PHD

# ആത്മഹത്യ

## ആരോഗ്യം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന നാടാണ് കേരളം. ലക്ഷത്തിൽ 14 പേർ ആത്മഹത്യ ചെയ്യുന്നു എന്ന് സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നു. ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നവരുടെ തോത് കൂടി വരുന്നു. കുടുംബപ്രശ്നങ്ങൾ, തൊഴിലില്ലായ്മ, മാനസികശാരീരിക രോഗങ്ങൾ എന്നിവയാണ് പ്രധാന കാരണങ്ങൾ. വിഷാദരോഗങ്ങൾ, സ്കിസോഫ്രിനിയ(Schizophrenea) മാറാ രോഗങ്ങൾ, പ്രേമനൈരാശ്യം, കടക്കെണി, വിദ്യാർത്ഥികളിൽ പരീക്ഷ പേടി, പരീക്ഷ തോൽവി, തുടങ്ങിയ ഘടകങ്ങളും ആത്മഹത്യയ്ക്ക് കാരണമാകുന്നു. ആത്മഹത്യ കുടുംബത്തിനുണ്ടാക്കുന്ന പ്രശ്നങ്ങൾ വലുതാണ്. ഉറ്റവരിൽ അത് കടുത്ത മാനസിക പ്രയാസവും സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാക്കാറുണ്ട്.

ആത്മഹത്യ ചെയ്യുന്നവരിൽ പുരുഷന്മാരാണ് കൂടുതൽ. ആത്മഹത്യാശ്രമം നടത്തുന്നവരിൽ സ്ത്രീകളും കൂടുതൽ കാണപ്പെടുന്നു. ആത്മഹത്യയ്ക്ക് കാരണങ്ങൾ പലതുണ്ടെങ്കിലും പ്രശ്നങ്ങൾ വന്നു പെരുകി മനസ്സ് സംഘർഷഭരിതമാവുമ്പോൾ ഏതെങ്കിലും ഒരു ഘടകത്തിന്റെ (trigger factor) പ്രചോദനത്താൽ ആത്മഹത്യയിൽ കലാശിക്കുന്നു.

വിഷാദത്തിന് വേണ്ട ചികിത്സ തുടക്കത്തിലെടുത്താൽ വിഷാദരോഗങ്ങൾ മൂലമുള്ള ആത്മഹത്യ തടയാവുന്നതാണ്. മദ്യപാനികളിൽ 10% ശതമാനം പേർ ആത്മഹത്യ ചെയ്യുന്നുണ്ട്. ജീവിതത്തിലെ പ്രതിസന്ധികൾ പൊരുത്ത



പ്പെടാനാവാതെ പലരും ആത്മഹത്യയിലേയ്ക്ക് തിരിയുന്നുണ്ട്. ഇത് സ്ത്രീകളിലാണ് (Adjustment disorder) കൂടുതൽ കാണപ്പെടുന്നത്. Obsessive Compulsory Disorder (OCD) എന്ന മാനസിക രോഗവും ആത്മഹത്യയിലേയ്ക്ക് നയിക്കും.

ആത്മഹത്യ തലമുറകളിലൂടെ പിന്തുടരാറുണ്ട്. ജനിതക ഘടകങ്ങൾ കാരണമാവും ഇത്. പ്രസവശേഷം ചില സ്ത്രീകളിൽ ഉണ്ടാകുന്ന മാനസിക രോഗം (പോസ്റ്റ് പാർട്ടം സൈക്കോസിസ്) മൂലം ആത്മഹത്യയുണ്ടാകാറുണ്ട്. അക്രമവാസനയുള്ളവർ, ചീത്ത കൂട്ടുകെട്ടിലേർപ്പെടുന്നവർ, ചപലവ്യക്തിത്വത്തിനുടമകൾ എന്നിവരും ആത്മഹത്യ നടത്തിയേയ്ക്കാം.

### ഇതെങ്ങനെ തടയാം

മാനസികരോഗങ്ങൾ തുടക്കത്തിലെ കണ്ടുപിടിച്ച് കൃത്യമായി ചികിത്സിക്കണം. ടെൻഷൻ, പിരിമുറുക്കം, ആധി എന്നിവയൊഴിവാക്കാൻ മാനസിക വ്യായാമങ്ങൾ, യോഗ, ധ്യാനം എന്നിവ പരിശീലിക്കുന്നതു നന്നാണ്.

ആത്മഹത്യ ചെയ്യാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ ലഭ്യതയും പ്രശ്നം വഷളാക്കും. ഒരു ഡോക്ടറുടെ കുറിപ്പടി കൂടാതെ മരുന്ന് കിട്ടുന്ന രീതി ഇല്ലാതാക്കണം. കീടനാശിനി (organo-phospharam compounds) കിട്ടുന്നതും തടയണം.

ഒരിക്കൽ ആത്മഹത്യയ്ക്ക് തുനിഞ്ഞവർ 6 മാസത്തിനകം വീണ്ടും ആത്മഹത്യയ്ക്ക് ശ്രമിക്കാനിടയുണ്ട്. ജീവിച്ചിരുന്നിട്ട് ഒരു കാര്യവുമില്ലായെന്ന തോന്നൽ അവരിലെപ്പോഴും ഉണ്ടാവും. അവർക്ക് പിന്തുണയും സാന്ത്വനവും വേണ്ട വിധം കൗൺസിലിംഗും നല്കിയാൽ ആത്മഹത്യ തടയാവുന്നതാണ്. എല്ലാ ആശുപത്രികളിലും മുനിസിപ്പൽ സെന്ററുകളിലും ആത്മഹത്യ പ്രതിരോധ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതും ഗുണം ചെയ്യും.

ആത്മഹത്യയ്ക്കെതിരെ എല്ലാ കോളേജുകളിലും സ്ക്കൂളുകളിലും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നത് വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത നിരുത്സാഹപ്പെടുത്താൻ ഉപകരിക്കും. എല്ലാ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഹെൽത്ത് ഇൻസ്പെക്ടർമാർ, JPHN (Junior Public Health Nurse) എന്നിവരെ ഉപയോഗിച്ച് ബോധവത്ക്കരണം നടത്തുന്നത് ആത്മഹത്യയുടെ തോത് കുറയ്ക്കാൻ സഹായിക്കും. കുറഞ്ഞപക്ഷം ആത്്ഹത്യ ചെയ്തിട്ട് യാതൊരു പ്രയോജനം ഇല്ലായെന്ന ബോധം കുട്ടികളിലും യുവാക്കളിലും ഉണ്ടാക്കിയെടുക്കുന്നത് ആത്മഹത്യയിൽ നമ്മുടെ സംസ്ഥാനത്തിനുള്ള ചീത്തപേര് ഇല്ലാതാക്കുവാൻ സഹായിക്കും. ■

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം*
*ജോയിന്റ് ഡയറക്ടറാണ്*
*email:drthomasvarghese2003@yahoo.co.in*
*Mobile: 9847430210*



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണത ഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

**കന്നാലി**

ആടുമാടുകളെ മൊത്തത്തിൽ 'കന്നാലി' എന്ന് സംസാരഭാഷയിൽ പറയാറുണ്ട്. പ്രത്യേകിച്ച് പശു, കാള, എരുമ എന്നിവയെ ഒരേ ഗണത്തിൽപ്പെടുത്തിയാണ് കന്നാലി എന്ന് പൊതുവേ പറയുന്നത്. കന്നുകാലികളെ മേയിക്കുന്ന പയ്യൻമാരെ "കന്നാലിച്ചെക്കൻമാർ" എന്നും പറയാറുണ്ട്.

**കുടമണി**

കാളയുടെയും, പശുക്കളുടെയും കഴുത്തിൽ ഓടുകൊണ്ടുള്ള ചെറിയ മണി കെട്ടിയിടുന്നത് ഒരു പരമ്പരാഗത രീതിയായിരുന്നു. ഇവ തലയാട്ടുമ്പോഴും മറ്റും ഈ കുടമണി കിലുക്കം കേൾക്കുകയും ചെയ്യാം. പ്രത്യേകിച്ച് കാളവണ്ടിയിൽ കെട്ടുന്ന വണ്ടികാളകളുടെ കഴുത്തിൽ കെട്ടുന്ന 'കുടമണി' വണ്ടിയുടെ ഗമനത്തിനും വേഗത്തിനും അനുസൃതമായി കിലുങ്ങുന്നു, കാളവണ്ടിക്ക് ഒരു താളമുണ്ട്. കുടമണിയുടെ കിലുക്കവും ചക്രങ്ങളുടെ നിരത്തിൽ ഉരഞ്ഞുള്ള ശബ്ദവുംകൂടി ചേർന്നുള്ള ഒരു പ്രത്യേക താളം.

**ഏര്**

ഒരു ജോഡി കാളയെയോ, പശുക്കളെയോക്കുറിച്ച് പറയുന്നത് 'ഏര്' എന്നാണ്. ഉഴവിന് എത്ര കാളവേണം എന്ന ചോദ്യത്തിന് സ്ഥലത്തിന്റെ വിസ്തൃതിയനുസരിച്ച് അഞ്ചോ ആറോ ഏര് കാള എന്നാണ് പറയുക. കന്നുകാലികൾക്ക് പൊതുവേയും 'ഏര്' എന്ന് പറയാറുണ്ട്.

**കെട്ടുംമൂട്**

കന്നുകാലികളെ എരുത്തിലിൽ നിന്നും അഴിച്ച് പുറത്തേയ്ക്കിറക്കാതെ കെട്ടിയിട്ടിരിക്കുന്ന സ്ഥാനത്തു തന്നെ നിർത്തുന്നവരുണ്ട്. ഇതിനാണ് കെട്ടുമൂട്ടിൽ തന്നെ കെട്ടിയിടുകയെന്ന് പറയുന്നത്. അതുകൊണ്ടാണ് പഴമക്കാർ പറയുന്നത് പശുവിനെ കെട്ടുംമൂട്ടിൽ നിന്ന് ഒന്ന് അഴിച്ചിറക്കൂ. അതിന്റെ കാലും കൈയ്യും ഒന്ന് ആടട്ടെയെന്ന്.

**പുല്ല്**

കന്നുകാലികളുടെ ഇഷ്ടഭക്ഷണം. മുമ്പ് കാലങ്ങളിൽ പാടത്തും പറമ്പിലുമുള്ള സാധാരണ പുല്ലായിരുന്നു കന്നുകാലികൾക്ക് പറിച്ചുകൊടുത്തിരുന്നത്. ഇപ്പോൾ ഉല്പാദനശേഷിയാർന്നതും പോഷക മേന്മയുള്ളതുമായ പുല്ലിനങ്ങൾ നട്ടുവളർത്തി കാലികൾക്ക് തീറ്റയായി നൽകുന്നുണ്ട്. ചില പ്രദേശങ്ങളിൽ പുല്ലിന് 'പോച്ച' എന്നും പറയും. 'വല്ലഭന് പുല്ലും ആയുധം' എന്നാണ് ചൊല്ല്.

**വല്ലം**

പുല്ലുപറിച്ചെടുത്ത് വല്ലത്തിലാക്കിയാണ് വീടുകളിലേയ്ക്ക് കൊണ്ടുവരിക. പറമ്പിലേയ്ക്കിറങ്ങി കിട്ടുന്ന പുല്ലെല്ലാം പറിച്ച് വല്ലത്തിലാക്കി തൊട്ടടുത്തായുള്ള കുളത്തിലോ തോട്ടിലോ കഴുകി വീണ്ടും വല്ലത്തിൽ നിറയ്ക്കുന്നു. പച്ച ഓല കീറി അതിന്റെ ഒരു കീറെടുത്ത് മെടഞ്ഞ്, അടിഭാഗം ചേർത്ത് കെട്ടിയാണ് വല്ലം ഉണ്ടാക്കുന്നത്.

**പാലു പിരിയുക**

ഏതെങ്കിലും കാരണവശാൽ പാല്





ഉപയോഗയോഗ്യമല്ലാതെ ചീത്തയാകുന്നതിനാണ് പാലുപിരിയുകയെന്ന് പറയുക. കറന്നെടുത്ത് പെട്ടെന്ന് ഉപയോഗിക്കുന്ന ശുദ്ധമായ പാൽ ഇപ്രകാരം പിരിയാറില്ല. പിരിഞ്ഞ പാലുകൊണ്ടും ചിലതരം ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയും.

**ഉറ**

ഉറയൊഴിക്കുക, ഉറകൂട്ടുക, ഉറകൂടിയില്ല-എന്നിങ്ങനെയൊക്കെ നാം ഗ്രാമീണഭാഷയിൽ പറയാറുണ്ട്. പാല് കാച്ചി ചൂടാക്കി നന്നായി തണുപ്പിച്ച് തൈരു കലത്തിൽ ഒഴിച്ചശേഷം അല്പം മോരോ തൈരോ കൂട്ടി ഇതിൽ ഒഴിച്ചാൽ മാത്രമേ ഇത് പുളിച്ച് തൈരായി മാറൂ. ഇങ്ങനെ ഒഴിച്ചു കൊടുക്കുന്നതിന് 'ഉറ'യൊഴിക്കുക എന്ന് പറയുന്നു. മുത്തശ്ശിമാർ പറയാറുണ്ട് രാത്രിയിൽ 'ഉറ' കൊടുക്കരുതെന്ന്. അയൽപക്കകാർക്ക് അല്പം ഉറവേണമെങ്കിൽ സന്ധ്യയ്ക്കു മുമ്പേ വാങ്ങിക്കൊള്ളണമെന്ന് ചുരുക്കം.

**മത്ത്**

പാൽ ഉറയൊഴിച്ച് തൈരാക്കി അത് കടഞ്ഞെടുത്താണല്ലോ വെണ്ണയും, മോരും വേർതിരിച്ചെടുക്കുന്നത്. ഇങ്ങനെ തൈരു കടഞ്ഞെടുക്കുന്നതിനുള്ള ഉപകരണമാണ് മത്ത്. പഴയകാലത്ത് മിക്ക വീടുകളിലും പശുക്കറവയുണ്ടായിരുന്നപ്പോൾ എല്ലാ വീടുകളിലും മത്തും തൈര് കലവും ഉണ്ടായിരുന്നു. നന്നായി വിളഞ്ഞ നാരകത്തിന്റെ കനമുള്ള തടിയാണ് മത്തുണ്ടാക്കുവാൻ കൂടുതലായും ഉപയോഗിച്ചിരുന്നത്.

**പഞ്ചഗവ്യം**

പശുവിൻ പാൽ, തൈര്, നെയ്യ്, ഗോമൂത്രം, ചാണകം എന്നീ അഞ്ച് ഗോരസങ്ങൾ ചേർത്തു തയ്യാറാക്കുന്ന വിശിഷ്ടമായ ഭോജ്യം. ക്ഷേത്രങ്ങളിൽ ഇത് തീർത്ഥമായി നൽകുന്നു.

**ചാണകം മെഴുകുക**

ഒരു കാലത്ത് വീടിനകവും പരിസരവും ചാണകം മെഴുകിയാണ് വൃത്തിയാക്കിയിരുന്നത്. പച്ച ചാണകവും പശിമയുള്ള മണ്ണും വെള്ളം ചേർത്ത് കുഴച്ച് തറയിലും ചുവരിലും മറ്റും തളിക്കുന്നു.

ഇന്ന് നാം വലിയ വിലകൊടുത്തു വാങ്ങി വീടിന് മോടി കൂട്ടുന്ന ടൈൽസിനെക്കാളും ഗ്രാനൈറ്റിനെക്കാളും ആരോഗ്യദായകമായിരുന്നു ചാണകം മെഴുകിയ തറയിലെ സഹവാസം.

**ചാണകവരളി**

ചാണകം കനം കുറച്ച് പരത്തി വെയിലിൽ നന്നായി ഉണക്കിയെടുക്കുന്നതാണ് ചാണക വരളി. അല്പം കനം കൂടുതലുള്ള പപ്പടം കണക്കെ എന്ന് പറയാം. ഉത്തരേന്ത്യയിൽ ഭക്ഷണം പാകം ചെയ്യുവാൻ ഇന്ധനമായി ഈ ചാണക വരളി ഉപയോഗിക്കുന്നു. ശവദാഹത്തിന് വിറകിന് പകരമായി ഇപ്പോൾ ചാണകവരളി കൂടുതലായി ഉപയോഗിക്കുന്നുണ്ട്. ■

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ*
*പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

തമിഴ്നാട്ടിൽ സ്ത്രീകൾക്ക് കൂടുതൽ ബഹുമാനം കൊടുക്കുന്ന ഒരു സംസ്ക്കാരമാണ് നിലനിൽക്കുന്നത്. പെൺകുട്ടികളെവരെ "അമ്മ' എന്ന് അഭിസംബോധന ചെയ്യുക പതിവാണ്. രാത്രികാലങ്ങളിലും സ്ത്രീകൾ ഷോപ്പിംഗിനു പോകുന്നതും ബസ് യാത്ര ചെയ്യുന്നതും ഒക്കെ അവിടെ പതിവു കാഴ്ചകളാണ്. കേരളത്തിൽ രാത്രി 8 കഴിഞ്ഞാൽ സിറ്റി ബസുകളിൽ പോലും സ്ത്രീകൾ വളരെ കുറവാണല്ലോ. സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന സംഭവങ്ങൾ തമിഴ്നാട്ടിൽ കുറവാണ്. ആ രീതിയിലാണ് അവരുടെ സംസ്ക്കാരം. ഏതെങ്കിലും ഒരു സിനിമ/സീരിയൽ നടി പേരു ദോഷമുണ്ടാക്കിയാൽ ആ നടിയുടെ സിനിമ/സീരിയൽ പരാജയപ്പെടും എന്നുവരെ പറഞ്ഞു കേൾക്കുന്നു. അവിഹിത ബന്ധത്താൽ കുപ്രസിദ്ധി നേടുന്ന നടീനടന്മാർക്ക് സിനിമകളിൽ/സീരിയലുകളിൽ ചാൻസും കുറയും എന്നാണ് കേട്ടിട്ടുള്ളത്. എന്നാൽ നടീനടന്മാരുടെ സൗഹൃദബന്ധങ്ങൾ പോലും തെറ്റായി വ്യാഖ്യാനിച്ച് പെരുപ്പിച്ച് കാണിച്ച് മാഗസിനുകളിലും പത്രങ്ങളിലും ഗോസിപ്പുകളെഴുതുന്ന ഒരു രീതിയാണ് തമിഴ്നാട്ടിലെ ചില പത്രക്കാർ കൈക്കൊള്ളുന്നതെന്ന് ആക്ഷേപമുണ്ട്. ഫിലിം മാഗസിനുകളിൽ വരുന്ന ഇത്തരം ഗോസിപ്പുകൾക്ക് വലിയ ചർച്ചാ പ്രാധാന്യവും ലഭിക്കാറുണ്ട്.


ബസുകളിൽ സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ കയറിയിരുന്ന്, സ്ത്രീകൾ വരുമ്പോൾ എഴുന്നേറ്റുപോലും കൊടുക്കാത്ത ഒരു രീതിയാണ് കേരളത്തിൽ പൊതുവെ കണ്ടുവരുന്നത്. എന്നാൽ തമിഴ്നാട്ടിൽ സ്ത്രീകൾ ഇരിക്കുന്ന സീറ്റിൽ കൂടെ അന്യപുരുഷന്മാർ ഇരിക്കാറുപോലുമില്ല. അതവിടെ വലിയ ഒരു തെറ്റായിട്ടാണ് വീക്ഷിക്കുന്നത്.



ലേഖന പരമ്പര 19



# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ



**റോയ് ചാക്കോ ഇളമണ്ണൂർ**

ഞാൻ 6 വർഷം മുൻപ് തെങ്കാശിയിൽ നിന്നും തിരുനെൽവേലിക്ക് യാത്ര ചെയ്യുകയാണ്. കൊല്ലത്തുനിന്നും തിരുനെൽവേലിക്ക് രാവിലെയുള്ള നമ്മുടെ കെ.എസ്.ആർ.ടി.സി ബസിലായിരുന്നു യാത്ര. തമിഴ്നാട്ടിൽ എല്ലാ സ്ഥലത്തു നിന്നും തൊട്ടടുത്ത പട്ടണങ്ങളിലേയ്ക്കെല്ലാം എപ്പോഴും ബസ് ഉള്ളതിനാൽ വലിയ തിരക്ക് പതിവില്ല. നമ്മുടെ ചുവന്ന സുന്ദരൻ KSRTC ബസ് നല്ല വീതിയുള്ള, കുണ്ടും കുഴിയുമില്ലാത്ത, നേരെ കിടക്കുന്ന തമിഴ്നാട് റോഡിലൂടെ സന്തോഷത്തോടങ്ങനെ പായുകയാണ്. കേരളത്തിലെ റോഡുകളിൽ നിന്ന് മോചനം കിട്ടിയ സന്തോഷം ആ ബസിന്റെ ഓട്ടത്തെ കാല്പനികമായി ദർശിച്ചാൽ കാണാൻ സാധിക്കും. 3 പേർക്കിരിക്കാവുന്ന ഒരു സീറ്റിൽ ഞാൻ മാത്രം ഒരു മൂലയ്ക്കിരിക്കുന്നു. പുറകിലത്തെ പല സീറ്റുകളിലും ഇതാണ് സ്ഥിതി. തെങ്കാശിയിൽ നിന്നും ഒരു വനിത സബ്ഇൻസ്പെക്ടർ ബസിൽ കയറി. ഔദ്യോഗിക വേഷത്തിൽ തന്നെയാണ് വരവ്. എന്റെ അടുക്കൽ വന്നിട്ട് ഒന്നു മാറിയിരിക്കാൻ അഭ്യർത്ഥിച്ചു. ഞാൻ പുരുഷന്മാരുടെ സീറ്റിൽ തന്നെയാണ് ഇരിക്കുന്നത്. അതിനാൽ ഞാൻ സീറ്റിന്റെ ഒരു മൂലയിലേയ്ക്ക് അല്പം കൂടി ഒതുങ്ങി ഇരുന്നു. ആ സീറ്റിൽ നിന്നും ഞാനെഴുന്നേറ്റ് മറ്റേതെങ്കിലും സീറ്റിൽ പോയിരിക്കാനാണ് ഉദ്ദേശിച്ചതെന്ന് ഭവ്യതയോടെ അവർ വീണ്ടും പറഞ്ഞു. ഞാൻ തൊട്ടുപുറകിലത്തെ സീറ്റിൽ പോയിരുന്നു. വനിത സബ്ഇൻസ്പെക്ടർ ഒറ്റയ്ക്ക് 3 പേർക്കിരിക്കാവുന്ന ആ സീറ്റിൽ വളരെ ഗമയോടെയാണ് 1 മണിക്കൂർ നേരം യാത്ര ചെയ്തത്.

എന്റെ മനസ് ശാന്തമായിരുന്നില്ല. തിരുനെൽവേലിയടുത്തപ്പോൾ 50 വയസോളം പ്രായമുള്ള അവരോട് ഞാൻ വളരെ സൗഹൃദത്തോടെ ചോദിച്ചു; "2 പേർക്കുകൂടി ഇരിക്കാൻ സൗകര്യമുള്ളപ്പോൾ നിങ്ങൾ എന്തിനാണ് എന്നോട് മാറിയിരിക്കാൻ ആവശ്യപ്പെട്ടത്?" ഒരു സബ്ഇൻസ്പെക്ടറെ ചോദ്യം ചെയ്യുന്നു എന്ന ഒരു ഭാവം അപ്പോൾ അവരുടെ മുഖത്തുണ്ടായി. കൂടുതൽ പ്രശ്നമുണ്ടാകണ്ട എന്നു കരുതി ഞാനെന്റെ ഔദ്യോഗിക മേൽവിലാസം അവരോട് പറഞ്ഞു. ഞാൻ ചോദ്യം ആവർത്തിച്ചു. അതിന് അവർ മറുപടി നൽകി.

"തമിഴ്നാട്ടിൽ സാധാരണ ഭാര്യാ ഭർത്താക്കൻമാർ മാത്രമേ ഒരു സീറ്റിലിരുന്ന് യാത്ര ചെയ്യാറുള്ളൂ. അതാണിവിടെ പതിവ്."

വണ്ടി വീണ്ടും പൊയ്ക്കൊണ്ടിരുന്നു. അവർക്ക് എന്നോട് വിരോധമില്ല എന്ന് ഞാനുറപ്പിച്ചപ്പോൾ ഒരു രസത്തോടെ ഞാൻ പറഞ്ഞു.

"ഞാൻ തമിഴ്നാട്ടിൽ എയ്ഡ്സിനെതിരെ ബോധവൽക്കരണം നടത്തുന്ന ഒരു കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻ കൂടിയാണ്. നിങ്ങൾ ഇത്രയൊക്കെ സാന്മാർഗ്ഗികത വച്ചു പുലർത്തുമ്പോഴും തമിഴ്നാട്ടിൽ എയ്ഡ്സ് രോഗം വളരെ കൂടുതലാണല്ലോ. ഇന്ത്യയിൽ ഏറ്റവും കൂടുതൽ HIV ബാധിതരുള്ള സംസ്ഥാനങ്ങളിലൊന്നാണല്ലോ തമിഴ്നാട്".

എന്റെ പ്രസ്താവനയിൽ അസത്യമൊന്നുമില്ലെന്ന് അവർക്കറിയാം. എന്നിരുന്നാലും മുനവച്ചുള്ള ആ പ്രസ്താവനയ്ക്ക് ഉചിതമായ നല്ലൊരു മറുപടി ചിരിച്ചുകൊണ്ട് അവർ ഉടൻ തന്നെ നൽകി: "സാർ, ഉങ്കളുടെ മാനിലത്തിൽ നിന്നും ഏകപ്പെട്ട മനിതർ ഇങ്കെ അടിയ്ക്കടി വന്തതിനാൽ ഇന്ത മാനിലത്തിൽ ഉങ്കൾ ശൊല്ലിയ നോയി റൊമ്പ പറവത്."

അവർ പറഞ്ഞ തമിഴ് ഏതാണ്ട് ഇങ്ങനെയാണ്. "നിങ്ങളുടെ നാട്ടിൽ നിന്നും (കേരളത്തിൽ നിന്നും) ധാരാളം ജനങ്ങൾ തമിഴ്നാട്ടിൽ വന്നു പോകുന്നതിനാലാണ് തമിഴ്നാട്ടിൽ എയ്ഡ്സ് രോഗം വർദ്ധിക്കുന്നത്."

ആ വനിത സബ് ഇൻസ്പെക്ടറുടെ നർമ്മബോധത്തെ ഞാൻ അഭിനന്ദിച്ചു.

ഈ സംഭവം ഇവിടെ പരാമർശിച്ചത് ഒരു വനിത സബ് ഇൻസ്പെക്ടർ ആയിരുന്നിട്ടുപോലും 3 പേർക്കിരിക്കാവുന്ന ഒരു സീറ്റിൽ അവരുടെ മകന്റെ പ്രായമുള്ള ഒരാളോടൊപ്പം ഇരിക്കാൻ അവർ താൽപര്യപ്പെട്ടില്ല എന്ന് കാണിക്കാനാണ്. അതാണ് തമിഴ്നാട്ടിൽ നിലനിൽക്കുന്ന സദാചാര സംസ്കാരം. ■

*(അടുത്ത ലക്കത്തോടെ അവസാനിക്കും.)*

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്)*



## കർശനമായും സ്ഥലനാമം രേഖപ്പെടുത്തണം

**കേരള സർക്കാർ**

നം. 63624/ആർ.സി2/2008/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്, തിരുവനന്തപുരം, തീയതി 15.06.2009

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും കർശ്ശനമായും സ്ഥലനാമം രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- 1. 16.03.2007 ലെ സഉ(സാധാ) നം. 795/07/തസ്വഭവ
2. 03.10.2007 ലെ സഉ(സാധാ) നം.2692/07/തസ്വഭവ
3. 30.1.2008-ലെ 4658/ആർ.സി.3/2008/തസ്വഭവ നമ്പർ സർക്കുലർ
4. 1.4.2008 ലെ 22386/ആർ.സി.2/2008/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും അവയുടെ ബോർഡുകൾ സ്ഥാപനത്തിന് മുന്നിൽ സ്ഥാപിക്കുമ്പോൾ ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തണമെന്ന് സൂചനയിലെ ഒന്നും രണ്ടും ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന സ്വദേശ-വിദേശ പൗരന്മാർക്ക് പ്രസ്തുത സ്ഥലം ഏതാണ് എന്ന് വ്യക്തമാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

2008 മുതൽ ഡി & ഒ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും സ്ഥല നാമം ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിരിക്കണമെന്ന് സൂചന 3-ലെ സർക്കുലറിൽ വ്യക്തമായി നിഷ്കർഷിച്ചിരുന്നുവെങ്കിലും, സംസ്ഥാനത്തെ നിരവധി സ്ഥാപനങ്ങളും അവയുടെ ബോർഡിൽ സ്ഥലനാമം രേഖപ്പെടുത്തിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും, ബാങ്കുകളിലും, പൊതുമേഖലാസ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ആശുപത്രികളിലും, കടയുൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം 2009 ജൂലായ് 15-നകം സ്ഥലനാമം രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ ഇത് സംബന്ധിച്ച സമാഹൃത റിപ്പോർട്ട് 2009 ജൂലായ് 30-ന് മുമ്പായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## വസ്തു നികുതി നിരക്ക് ഭേദഗതി ചെയ്തു

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്ക്കരണം-ഗാർഹിക/ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ(എം.എസ്) നം.124/09/തസ്വഭവ. തിരുവനന്തപുരം, തീയതി 3-07-2009

പരാമർശം:-1. സ.ഉ.(എം.എസ്) നം.166/07തസ്വഭവ തീയതി 23/06/2007
2. സ.ഉ.(എം.എസ്)നം.62/08/തസ്വഭവ തീയതി 06/03/2008
3. സ.ഉ.(എം.എസ്)നം.104/08/തസ്വഭവ തീയതി 02/04/2008
4. സ.ഉ.(എം.എസ്)നം.1064/08/തസ്വഭവ തീയതി 02/04/2008
5. സ.ഉ.(എം.എസ്)നം.7/09/തസ്വഭവ തീയതി 01/01/2009

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്ക്കരിച്ചും, അതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും പരാമർശം ഒന്നുമുതൽ അഞ്ചുവരെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം അഞ്ചുപ്രകാരം വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന നിരക്കിൽ നികുതി ഈടാക്കുന്ന വിഷയത്തിൽ നിരവധി പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഇക്കാര്യം പുനഃപരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം അഞ്ചിലെ ഉത്തരവിൽ പ്രതിപാദിക്കുന്ന 3 എ, 3 എഫ് ക്രമനമ്പരുകൾ ഒഴികെയുള്ള വിഭാഗത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്കിന്റെ പട്ടിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തും, 3 ജി, 3 എച്ച് എന്നീ പുതിയ വിഭാഗങ്ങൾ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | *നിരക്ക്-രൂപ/ചതുരശ്ര മീറ്റർ* | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
| 3 ബി | 100 $m^2$ വരെയുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, 200$m^2$ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 30-60 | 40-70 | 60-90 |
| 3 സി | 100 $m^2$ -ന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 50-70 | 70-90 | 90-120 |
| 3 ഡി | ആഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ | 30-50 | 40-70 | 60-90 |
| 3 ഇ | 200$m^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70-90 | 90-140 | 100-180 |
| 3 ജി | റിസോർട്ടുകൾ | 80-90 | 80-90 | 80-90 |
| 3 എച്ച് | കൈത്തറി ഷെഡുകൾ, കയർ പിരിക്കുന്ന ഷെഡുകൾ, കശുവണ്ടി ഫാക്ടറികളോട് ചേർന്ന ഷെഡുകൾ, മത്സ്യം സംസ്ക്കരിക്കുന്ന ഷെഡുകൾ, കോഴിവളർത്തുന്ന ഷെഡുകൾ, ലൈവ് സ്റ്റോക്ക് ഷെഡുകൾ, കരകൗശല നിർമ്മാണ ഷെഡുകൾ, പട്ടുനൂൽ നൂൽക്കുന്ന ഷെഡുകൾ, സ്റ്റോറേജ് ഷെഡുകൾ, പീലിംഗ് ഷെഡുകൾ, കൈത്തൊഴിലിൽ ഏർപ്പെടുന്ന ഷെഡുകൾ, ഇഷ്ടിക ചൂളകൾ, തടി മില്ലുകൾ | 10-20 | 15-30 | 20-40 |

വാണിജ്യ-ആഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒന്നിലേറെ നിലകളുള്ള കെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ ഓരോ നിലയ്ക്കും 5% വീതം എന്നാൽ പരമാവധി 25% ത്തിൽ അധികരിക്കാത്ത വിധം നികുതി ഇളവ് അനുവദിക്കുന്നു.

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം അടിസ്ഥാന നികുതി നിരക്ക് നിശ്ചയിക്കുന്നതിന് ബാധകമാക്കിയിട്ടുള്ള വർദ്ധനവുകളും ഇളവുകളും ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും ബാധകമായിരിക്കും. പരാമർശം ഒന്നിലെ ഉത്തരവ്പ്രകാരം 25 വർഷങ്ങൾക്കു മേൽ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവാണ് അനുവദിച്ചിരുന്നത്. ഈ 20% ഇളവ് 25 മുതൽ 50 വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങൾക്കായി നിശ്ചയിച്ചും, 50 വർഷങ്ങൾക്ക് മേൽ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവ് അനുവദിച്ചും ഭേദഗതി ചെയ്യുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ, സർക്കാർ വകയോ സർക്കാരിന്റെ ധന സഹായത്തോടെ (എയ്ഡഡ്) പ്രവർത്തിക്കുന്നവയോ ഒഴികെയുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും പരാമർശം ഒന്നുപ്രകാരം ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയിട്ടുള്ള വസ്തു നികുതി ചുമത്തുന്നതാണ്.

കൂടാതെ ഒന്നാം പരാമർശ ഉത്തരവിലെ 4-ാം ഖണ്ഡിക 2-10 പട്ടികയിലെ ക്രമനമ്പർ 3 ഐറ്റത്തിൽ നിന്നും റിസോർട്ടുകൾ എന്നുള്ളത് ഒഴിവാക്കിയിരിക്കുന്നു.

പരാമർശം ഒന്നു മുതൽ അഞ്ച് വരെയുള്ള ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്. പുതുക്കിയ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും, 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലും ഭേദഗതികൾ വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

# ആരോഗ്യരംഗത്ത് ഒരുമയുടെ വിജയം

## കരവാളൂർ പ്രാഥമികാരോഗ്യകേന്ദ്രം

**പ്രൊഫ. കെ. ഷാജി**




ജനകീയ കൂട്ടായ്മയിൽ ആതുരാലയം കൈവരിച്ച അഭിമാന നേട്ടത്തിന്റെ ആഹ്ലാദത്തിലാണ് കരവാളൂരിലെ ഗ്രാമീണർ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒരു ലക്ഷം രൂപയുടെ പുരസ്കാരം സ്വന്തമാക്കി കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മാതൃകയാവുകയാണ്.

സംസ്ഥാന തലത്തിൽ ഫാക്ടറികൾ, ഹോട്ടലുകൾ, എന്നിവയെപ്പോലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ച് അവാർഡ് നൽകാൻ ഇക്കുറി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കൂടി മലിനീകരണ നിയന്ത്രണബോർഡ് ആദ്യമായി പരിഗണിച്ചപ്പോഴാണ് ഒരു ഗ്രാമത്തിന്റെ ആരോഗ്യ പരിരക്ഷയ്ക്കൊപ്പം മാലിന്യനിർമ്മാർജ്ജനത്തിന് വഴികാട്ടുന്ന കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ വൃത്തിയുടെ അംഗീകാരം തേടിയെത്തിയത്.

സാധാരണ ആശുപത്രി കാഴ്ചകളിൽ നിന്നും വിഭിന്നമായി ജനകീയാസൂത്രണത്തിലൂടെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി അന്തരീക്ഷത്തെ വെല്ലുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി കരുതലോടെയുള്ള പ്രവർത്തനമാണ് ഈ ആരോഗ്യകേന്ദ്രത്തിൽ നടത്തുന്നത്.

കഴിഞ്ഞ 14 വർഷമായി മെഡിക്കൽ ആഫീസറായി ഇവിടെ സേവനമനുഷ്ഠിക്കുന്ന ഡോ. ഷാഹിർഷയുടെ നേതൃത്വത്തിലുള്ള കൂട്ടായ പ്രവർത്തനമാണ് ഈ ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കിയത്.

കൊല്ലം ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന 27.84 ച.കി. മീ. വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായ

ത്താണ് കരവാളൂർ. 1995 ലാണ് ഈ പ്രദേശത്തിന് സ്വന്തമായി ഒരു പ്രൈമറി ഹെൽത്ത് സെന്റർ അനുവദിച്ച് കിട്ടുന്നത്. 1982ൽ സ്ഥാപിച്ച ഒരു ആയുർവേദ ഡിസ്പെൻസറി ഒഴികെ മറ്റ് ആരോഗ്യ സ്ഥാപനങ്ങളൊന്നും അതുവരെ ഇവിടെ ഉണ്ടായിരുന്നില്ല. പഞ്ചായത്തിന് സ്വന്തമായ ഒരു ആരോഗ്യ സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് യാതൊരുവിധമായ ബോധവും ഉണ്ടായിരുന്നില്ല. ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ച് അറിവുണ്ടായിരുന്നതു പോലും ഉന്നത വിദ്യാഭ്യാസം ലഭിച്ച കുറച്ചാളുകളിൽ മാത്രമായിരുന്നു.

1995 ൽ പുതുതായി ആരോഗ്യകേന്ദ്രം തുടങ്ങുന്നത് ഒരു ചെറിയ വാടക കെട്ടിടത്തിലായിരുന്നു. ആദ്യത്തെ ഒന്നര വർഷക്കാലം ആരോഗ്യ കേന്ദ്രത്തിന്റെ ഉപഭോഗം പത്ത് ശതമാനത്തിൽ താഴെയായിരുന്നു. ശരാശരി ഒ.പി. 15നും 30നും ഇടയിലും.

1996ൽ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ അധികാരവികേന്ദ്രീകരണം നടപ്പിലാക്കി തുടങ്ങിയപ്പോഴാണ് പ്രദേശത്തെ ജനങ്ങളിലും രാഷ്ട്രീയ സാമൂഹ്യനേതൃത്വങ്ങളിലും ഭരണകർത്താക്കളിലും പുതുതായി ലഭിച്ച ആരോഗ്യ സംവിധാനത്തെ കൂടുതൽ പ്രയോജനപ്പെടുത്താൻ ആലോചന ഉണ്ടായത്. അങ്ങനെ ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ 1996ൽ സ്ഥലം വാങ്ങി. കെട്ടിടം നിർമ്മിച്ചു. 11.5 ലക്ഷം രൂപ എസ്റ്റിമേറ്റ് ഉണ്ടായിരുന്ന പി.എച്ച്.സി. കെട്ടിടം 8.5 ലക്ഷം രൂപയ്ക്ക് പണി പൂർത്തിയാക്കിയതും, എസ്റ്റിമേറ്റിൽപ്പെടാത്ത 2 ലക്ഷം രൂപയുടെ പണികൾ അധികമായി ഉൾപ്പെടുത്തിയതും, ജനകീയാസൂത്രണത്തിന്റെ ആദ്യ അഞ്ചു വർഷങ്ങളിലെ സംസ്ഥാനത്തെ 10 മികച്ച പ്രോജക്ടുകളിൽ ഒന്നായി ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം അംഗീകരിക്കപ്പെടാൻ ഇടയാക്കി.

**പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ജനകീയ ആരോഗ്യ കേന്ദ്രത്തിലേയ്ക്ക്....**

പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിച്ച് 3 വർഷത്തിനുള്ളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും എന്നത് അക്കാലത്ത് സംസ്ഥാനത്തിന് തന്നെ മാതൃകയായിരുന്നു. സബ്സെന്ററുകൾ പൂർണ്ണമായും പുനഃരുദ്ധരിക്കാൻ ജനങ്ങൾ തന്നെ മുന്നോട്ട് വന്ന കാഴ്ചയും സംസ്ഥാനത്ത് ആദ്യമായിരുന്നു. എഞ്ചിനീയർ തയ്യാറാക്കിയ 1,38,000 രൂപയുടെ രണ്ട് സബ്സെന്ററുകളുടെ റിപ്പയറിംഗുകൾ മുഴുവനായും (അധികപണികൾ ഉൾപ്പെടെ) വെറും 26000/-രൂപയ്ക്ക് ചെയ്തു തീർത്തതും കരവാളൂരിലെ ജനങ്ങൾക്ക് മാത്രം സ്വന്തം.

പ്രദേശത്തെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ്ണമായും ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലാക്കി. അതോടെ ആരോഗ്യ പ്രവർത്തകരെ ജനങ്ങൾ തിരിച്ചറിയുകയും സഹകരണം നൽകുകയും കൃത്യമായ വേളകളിൽ സേവനങ്ങൾ ആവശ്യപ്പെടുകയും ചെയ്തു തുടങ്ങി. "ആരോഗ്യ ദീപ്തി" എന്ന പേരിലുള്ള ആരോഗ്യ മാസിക സംസ്ഥാനത്ത് ആദ്യ മാതൃക ആയി.

**കൂടുതൽ പ്രവർത്തനങ്ങൾ...**

- ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് സംസ്ഥാനത്ത് ആദ്യമായി ഐഡന്റിറ്റി കാർഡ് സാധ്യമാക്കിയ സ്ഥാപനം.
- ക്ഷയരോഗ നിയന്ത്രണ പരിപാടികളിൽ സംസ്ഥാനത്തെ മാതൃകാ കേന്ദ്രം.
- കൊല്ലം ജില്ലയിലെ മാതൃകാ പ്രാഥമിക ആരോഗ്യ കേന്ദ്രമെന്ന അംഗീകാരം.
- കാലിഫോർണിയായിലെ മോൺക്ലയർ യൂണിവേഴ്സിറ്റി നടത്തിയ പഠനങ്ങളിൽ ഭൗതിക സാഹചര്യങ്ങളിൽ കേരളത്തിൽ ഒന്നാംസ്ഥാനം, സംസ്ഥാനത്ത് 10 മികച്ച ഹെൽത്ത് സർവ്വീസ് സ്ഥാപനങ്ങളിൽ ഒന്ന്.

2004 മുതൽ ചിട്ടയായി കൊതുക് നിയന്ത്രണ പരിപാടികൾ നടത്തിവരുന്നു. എല്ലാവർഷവും കക്കൂസിന്റെ വെന്റ് പൈപ്പുകളിൽ വലകെട്ടൽ, അവയുടെ മെയിന്റനൻസ്, കൂത്താടി ഉറവിട നശീകരണം, ബോധന പരിപാടികൾ, സ്പ്രേയിംഗ്, ഫോഗിംഗ്, ആവശ്യമായ ഘട്ടങ്ങളിൽ ലാർവ്വഭോജികളായ ഗപ്പി മത്സ്യത്തിന്റെ വിതരണത്തിനായി എല്ലാ വാർഡുകളിലും ഫിഷ് ഹാച്ചറികൾ; ഇവയെല്ലാം പ്രദേശത്തെ കൊതുകുജന്യ രോഗങ്ങളിൽ നിന്നും സംരക്ഷിച്ചുപോരുന്നു. കഴിഞ്ഞ നാലു വർഷങ്ങളായി ഇവിടെ മലേറിയയോ, ജപ്പാൻജ്വരമോ, ചിക്കുൻഗുനിയയോ, ഡങ്കിപ്പനിയോ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഹെൽത്ത് ആക്ഷൻ ടീം (H.A.T)**

2006 ലാണ് സംസ്ഥാനത്തിന് മാതൃകയായി പ്രദേശത്തെ 105 സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് ഹെൽത്ത് ആക്ഷൻ ടീം എന്ന സംവിധാനത്തിന് രൂപം കൊടുത്തത്. നാടിന്റെ ഓരോ മുക്കിലും മൂലയിലും ഇറങ്ങിച്ചെന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കുവാൻ ഇത് ഒരു കർമ്മസേനയായി പ്രവർത്തിക്കുന്നു.

**ആരോഗ്യരംഗത്ത് പുതിയ കാൽവെയ്പ്പ്**

പത്തുവർഷങ്ങൾ കൊണ്ട് ആർജിച്ച നേട്ടങ്ങൾ നിലനിർത്താൻ എപ്പോഴും പ്രാഥമികാരോഗ്യ കേന്ദ്രവും, ഗ്രാമപഞ്ചായത്തും ശ്രദ്ധിച്ചിരുന്നു. അതിന്റെ ഭാഗമായാണ് 2007-08 മുതൽ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കി തുടങ്ങിയത്.

**ഫാമിലി ഹെൽത്ത് സാനിറ്റേഷൻ നമ്പർ**

പഞ്ചായത്തിലെ മുഴുവൻ ഭവന





*സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം ആരോഗ്യവകുപ്പ് മന്ത്രി പി.കെ ശ്രീമതി ടീച്ചർ കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ. ഷാജിക്ക് നൽകുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി വിശ്വാസ് മേത്ത,ഡോ.ഷാഹിർഷ തുടങ്ങിയവർ സമീപം.*

ങ്ങൾക്കും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റേതായ ഫാമിലി ഹെൽത്ത് & സാനിറ്റേഷൻ നമ്പർ നൽകികഴിഞ്ഞു. വാർഡുകളുടെ അതിരുകൾ കാലാകാലങ്ങളിൽ മാറ്റപ്പെടുമ്പോൾ സബ്സെന്ററുകളുടെ പ്രവർത്തന മേഖല നിയതമായി നിലനിർത്തി കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ ഇത് ഉപകരിക്കുന്നു.

**ഖരമാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണ സെമിനാർ**

ജനുവരി 25 ന് വ്യാപാരി വ്യവസായികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഹോട്ടൽ തൊഴിലാളികൾ, ടാപ്പിംങ് തൊഴിലാളികൾ, ഹാറ്റ് അംഗങ്ങൾ, മത്സ്യമാംസ വിൽപ്പനക്കാർ തുടങ്ങി 250 പേരെ ഉൾപ്പെടുത്തി ഖരമാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണവും പൊതുജനാരോഗ്യ നിയമത്തെക്കുറിച്ച് ശിൽപ്പശാലയും നടത്തിക്കൊണ്ട് അടുത്തഘട്ടത്തിലേയ്ക്ക് കടന്നു.



**ഹാറ്റ് അംഗങ്ങളുടെ ഭവനസന്ദർശനം**

ശിൽപ്പശാലയിൽ പരിശീലനം ലഭിച്ച 105 ഹാറ്റ് അംഗങ്ങളെ ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ 15 വാർഡുകളിലും പ്രത്യേകം തയ്യാറാക്കിയ മാലിന്യ സർവ്വേഫോറം ഉപയോഗിച്ച് സർവ്വേ നടത്തി. ഈ സർവ്വേ, ബോധവൽക്കരണവേളകളാക്കി മാറ്റിയത് സർവ്വേയുടെ പ്രത്യേകതയായിരുന്നു. സർവ്വേ ഫലങ്ങൾ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത് സമിതിക്ക് മുമ്പാകെ അവതരിപ്പിച്ചു കഴിഞ്ഞു.

**നാടു നന്നാവാൻ**

15 വാർഡുകളിലും ജനകീയാസൂത്രണ ഫണ്ടുപയോഗിച്ച് പി.എച്ച്.സി. യുടെ നേതൃത്വത്തിൽ മാലിന്യ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞു. തലക്കെട്ട്...."നാടു നന്നാവാൻ നല്ല നിലപാട്"

**ബോർഡുകൾ**

പഞ്ചായത്തിലെ പ്രധാന രണ്ട് കവലകളിൽ കൂറ്റൻ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു.തലക്കെട്ടുകൾ

"നിങ്ങളെന്നെ പോറ്റി വളർത്തി"

"ശുചിത്വം വേണം എല്ലായിടത്തും"

**ആരോഗ്യ സൗഹൃദ സമിതി**

പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ പൂർണ്ണതയ്ക്കായി പ്രദേശത്തെ വ്യാപാരിവ്യവസായികൾ, മത്സ്യമാംസ വിൽപ്പനക്കാർ, ഹോട്ടൽ ഉടമകൾ, തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ സൗഹൃദസമിതി പ്രവർത്തിച്ചു വരുന്നു. പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമിതി തന്നെ കണ്ടെത്തുന്നു. നേതൃത്വം; ഗ്രാമപഞ്ചായത്തും പി.എച്ച്.സി.യും.

**കൈപ്പുസ്തകം**

ഖരമാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണ കൈപ്പുസ്തകം, "നാടു നന്നാവാൻ നിലപാട് മാറണം" ഹാറ്റംഗങ്ങൾ, ആശാ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളിലും എത്തിച്ചു കഴിഞ്ഞു.

**ഫാമിലി ഹെൽത്ത് & സാനിറ്റേഷൻ കാർഡ്**

ഓരോ കുടുംബത്തിനും ഫാമിലി ഹെൽത്ത് & സാനിറ്റേഷൻ കാർഡ് നൽകി കഴിഞ്ഞു. മൂന്നുതലത്തിലുള്ള ഫീൽഡ് ജീവനക്കാരുടേയും സൂപ്പർവൈസർമാരുടേയും ഭവന സന്ദർശനങ്ങൾ, നിർദ്ദേശങ്ങൾ ഇവ രേഖപ്പെടുത്താനും പരിഹാരങ്ങൾ നിർദ്ദേശിച്ചവ ഉൾപ്പെടുത്താനുള്ള സൗകര്യങ്ങൾ ഈ കാർഡിലുണ്ട്. രണ്ടുവർഷത്തേയ്ക്കാണ് ഈ കാർഡ് തയ്യാറാക്കിയിരിക്കുന്നത്. കാർഡുകൾ ഭവനങ്ങളിൽ തന്നെ സൂക്ഷിക്കും.

**പകർച്ചവ്യാധി നിയന്ത്രണ സെമിനാർ**

പൊതുജനങ്ങളിൽ നിന്നും തെരഞ്ഞെടുത്ത നാനൂറ് പോരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകദിന ശിൽപ്പശാല നടത്തി.

**ബോധവൽക്കരണ പോസ്റ്റർ**

കൊതുകു നിയന്ത്രണ ബോധവൽക്കരണ പോസ്റ്റർ, എലിപ്പനി നിയന്ത്രണ ബോധവൽക്കരണ പോസ്റ്റർ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പി.എച്ച്.സി. ഈ രണ്ടു പോസ്റ്ററുകളും യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. തലക്കെട്ട്

"If you Breed You will Bleed"

"എലിപ്പനി മാരകം...ഒഴിവാക്കുന്നത് ഉത്തമം"

ആരോഗ്യകേരളം പദ്ധതി ഉൾപ്പെടുത്തി ഈ രണ്ടു പോസ്റ്ററുകളും കൊല്ലം ജില്ലയിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലും എത്തിച്ചു കഴിഞ്ഞു. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലും, കടകളിലും, ക്ലാസ് മുറികളിലും ഇവ പതിപ്പിച്ചു കഴിഞ്ഞു.

ഗ്രാമപഞ്ചായത്തും പ്രാഥമികാരോഗ്യ കേന്ദ്രവും ഒത്തു നിന്നാൽ അത്ഭുതങ്ങൾ വിളയിക്കാം എന്നതിന് ഏറ്റവും നല്ല തെളിവായി കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രം നിലകൊള്ളുന്നു. ഗ്രാമപഞ്ചായത്ത് ആരോഗ്യ ശുചിത്വ മേഖലകൾക്ക് നൽകിയ മുൻഗണനയും ജീവനക്കാരുടെ അർപ്പണബോധവും ഈ പി.എച്ച്.സി.ക്കും ഗ്രാമപഞ്ചായത്തിനും ശക്തി പകരുന്നു.

*(ലേഖകൻ കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്)*

തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ

# പദ്ധതി ഏകോപനത്തിലൂടെ വിജയം കൊയ്ത കൊടുമ്പ്



അജിത് വെണ്ണിയൂർ

തൊഴിലുറപ്പു പദ്ധതി പ്രയോജനപ്പെടുത്തി വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെ ഒരു പ്രദേശത്തിന്റെ കാതലായ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്തിന്റെ ഭരണനേതൃത്വം കാട്ടിയ ഇച്ഛാശക്തിയാണ് കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ വിജയമുദ്ര. ഉപയോഗശൂന്യമായ ഒരു പൊതുകുളം പുനരുദ്ധരിച്ച് ഒരു ഗ്രാമത്തിന്റെ കൃഷിയും കുടിവെള്ളലഭ്യതയും സുഗമമാക്കാൻ വഴിയൊരുക്കിയ ഈ പദ്ധതി വഴി തദ്ദേശീയരായ അവിദഗ്ദ്ധ തൊഴിലാളികൾ നേടിയത് 7353 തൊഴിൽദിനങ്ങൾ; ഒപ്പം ഗ്രാമത്തിന്റെ ജീവനാഡിയായ ജലസ്രോതസ്സും.

പാലക്കാട് നഗരത്തോടുചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്താണ് കൊടുമ്പ്. കർഷകരും കർഷക തൊഴിലാളികളുമാണ് ഭൂരിപക്ഷം. എന്നാൽ അവരിലെ പുതിയ തലമുറയാകട്ടെ കാർഷിക മേഖലയോടു പൊതുവെ വിമുഖർ. ജോലി തേടി അധികം പേരും  ഗ്രാമം വിടുന്നു. നഗരത്തിലെ നിർമ്മാണതൊഴിലുകളും സാങ്കേതികരംഗത്തെ ജോലികളുമാണ് മുഖ്യ ആശ്രയം.

ഫലമോ, നഗര പ്രാന്തത്തിലെ കൃഷിഭൂമികളിലധികവും തരിശായി. ക്രമേണ അവ പാർപ്പിടസമുച്ചയങ്ങളായി മാറുന്നു. അവശേഷിക്കുന്ന കൃഷിയിടങ്ങളും പ്രതിസന്ധിയിലാണ്. ഉൾനാടൻ പ്രദേശങ്ങളിൽ പോലും കൃഷിപ്പണിക്ക് ആളെക്കിട്ടാത്ത അവസ്ഥ. അതിന് പ്രധാനകാരണം, കർഷകർ പരമ്പരാഗതമായി ചെയ്തു വരുന്ന നെൽകൃഷിയിലെ ആദായക്കുറവാണ്.

വാളയാർ കനാലിന്റെ വാലററ പ്രദേശമായ 13-ാം വാർഡിലെ പ്രധാന പ്രശ്നം ജല ദൗർലഭ്യം ആണ് . ഉപരിതല ജലസ്രോതസ്സുകളുടെ അപര്യാപ്തത മൂലം കുടിവെള്ളക്ഷാമം രൂക്ഷം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിലവിൽ വന്നതോടെ ഈ പ്രദേശത്തെ പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് പുതുജീവൻ ലഭിച്ചു, പുതുവഴി തുറന്നു. പ്രത്യേക ഗ്രാമസഭ കൂടി കാര്യങ്ങൾ ചർച്ച ചെയ്തു. പാഴായിക്കിടന്ന താണിക്കുളം പുനരുദ്ധരിച്ച് ജലസംഭരണം മെച്ചപ്പെടുത്തുകയാണ് ഗ്രാമസഭയിൽ ഉയർന്നു വന്ന ഒരു പ്രധാന പരിഹാരനിർദേശം.

ഗ്രാമസഭാ നിർദേശ പ്രകാരം പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു. വഴിയും കണ്ടെത്തി - ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയുടെ പദ്ധതി ഏകോപനത്തിലൂടെ ലക്ഷ്യം കൈവരിക്കുക.

വർഷങ്ങളോളം മാലിന്യക്കൂമ്പാരമായിക്കിടന്ന, പഞ്ചായത്തധീനതയിലുള്ള



താണിക്കുളം ഉപയോഗയോഗ്യമാക്കി ജല സ്രോതസ്സ് പുനരുജ്ജീവിപ്പിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. സമീപവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പദ്ധതി ലക്ഷ്യമിടുന്നു. ഒപ്പം തൊഴിലുറപ്പു പദ്ധതിയിലൂടെ തദ്ദേശീയർക്ക് ഉല്പാദനപരമായ തൊഴിലവസരങ്ങൾ സാദ്ധ്യമാക്കുകയും.

**നയസമീപനം**

ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയുടെ പദ്ധതി ഏകോപനത്തിലൂടെ ലക്ഷ്യം കൈവരിക്കുകയാണ് നയം. പദ്ധതി നടത്തിപ്പിനു വേണ്ടി 15 ലക്ഷം രൂപ നീക്കിവച്ചു.

പഞ്ചായത്ത് പരിധിക്കുള്ളിൽ താമസിക്കുന്ന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനമെന്ന നിലയിൽ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്ക് വ്യാപകമായ പ്രചാരണം നൽകി. അതിന്റെ ഫലമായി 2006-07 ൽ 850 കുടുംബങ്ങളും 2007-08 ൽ 547 കുടുംബങ്ങളും ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തു. അവരിൽ ശരാശരി 1,250 കുടുംബങ്ങൾക്ക് പദ്ധതിയുടെ നേട്ടം ലഭിച്ചുവരുന്നു. ഇവരിൽ അപേക്ഷ നൽകിയ 220 കുടുംബങ്ങളിലെ അവിദഗ്ദ്ധ തൊഴിലാളികളാണ് താണിക്കുളം ജലസംഭരണി പദ്ധതിയിൽ പങ്കാളികളായത്; 209 സ്ത്രീകളും 11 പുരുഷന്മാരും. ഇവരിൽ 35 തൊഴിലാളികൾ പട്ടികജാതിയിൽപ്പെട്ടവരാണ്. അവർക്ക് ഈ പദ്ധതി വഴി ലഭിച്ചത് 7,353 തൊഴിൽ ദിനങ്ങൾ.

**പ്രശ്നങ്ങൾ, പ്രതിവിധികൾ**

ഒരു പദ്ധതി മൂലം ഒട്ടേറെ പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്താനായി എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാനനേട്ടം. ജലദൗർലഭ്യം കാരണം കൃഷി ആദായകരമായിരുന്നില്ല. കർഷകർ കടക്കെണിയിലും നിരാശയിലും കുടുങ്ങി വിഷമിക്കുകയായിരുന്നു. കിണറുകളിലെ ജലനിരപ്പ്, വേനൽക്കാലമാകുമ്പോഴേയ്ക്കും ഗണ്യമായി കുറയുകയും കുടിവെള്ളക്ഷാമം രൂക്ഷമാവുകയും ചെയ്തിരുന്നു. വർഷങ്ങളായി ഉപയോഗശൂന്യമായിക്കിടന്ന ഈ പൊതുകുളത്തിലെ മലിനജലം ജനങ്ങളുടെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിരുന്നു. കൊതുക്, എലി തുടങ്ങിയ ക്ഷുദ്ര ജീവികൾ ഇവിടെ രോഗം പരത്തുന്ന ഏജൻസികളായിരുന്നു. ഈ അവസ്ഥാ വിശേഷത്തിൽ നിന്നൊരു മോചനമായിരുന്നു പദ്ധതി നടത്തിപ്പിന് പ്രേരിപ്പിച്ച പ്രധാന ഘടകം.

**തീരുമാനം ഗ്രാമസഭയിൽ**

ഗ്രാമസഭാ നിർദേശപ്രകാരമാണ് പദ്ധതി രൂപകല്പന ചെയ്തത്. 2007



ഏപ്രിൽ 4 ന് താണിക്കുളം ജലസംഭരണിയുടെ പ്രവർത്തനമേറ്റെടുക്കാനുള്ള കമ്മിറ്റിക്ക് രൂപം നൽകി. നിർവ്വഹണസമിതിയുടെ തീരുമാന പ്രകാരം ഒന്നാം ഘട്ട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ക്വാറിയിൽ നിന്നും നേരിട്ടെത്തിക്കാനുള്ള നടപടികൾ പർച്ചേഴ്സ് കമ്മിറ്റി സ്വീകരിച്ചു. ഇടനിലക്കാരില്ലാത്തതിനാൽ യഥാർത്ഥ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ ഇത് സഹായകമായി. പണിയായുധങ്ങൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങി. പദ്ധതി പൂർത്തിയായശേഷം ഉപയോഗശൂന്യമായ പണിയായുധങ്ങൾ പഞ്ചായത്തിനെ തിരിച്ചേല്പിക്കാനും അവ പൊതുലേലം ചെയ്തു വിൽക്കാനും തീരുമാനിച്ചു.

**വിജയത്തിലേയ്ക്കുള്ള വഴി**

തൊഴിലാളികൾ, സാങ്കേതിക വിദഗ്ദ്ധർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ചുകൂട്ടി. പദ്ധതിയുടെ സുഗമവും സുതാര്യവുമായ നടത്തിപ്പിനുവേണ്ടി ചർച്ചകൾ നടത്തി തീരുമാനമെടുത്തു. പദ്ധതി നിർവ്വഹണത്തിന്റെ കരട് രൂപരേഖ തയ്യാറാക്കി.

ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി ട്രയൽ വർക്ക് എന്ന നിലയിൽ, ജല സംഭരണിയിലേയ്ക്കുള്ള വെള്ളമെത്തിക്കാൻ മലമ്പുഴ മെയിൻ-കണ്ണങ്കുടം കനാൽ ഉപയോഗയോഗ്യമാക്കി. അതോടൊപ്പം അവിടെ നിന്നും കർഷകർക്കാവശ്യമായ ജലമെത്തിച്ചു കൊടുക്കാൻ വണ്ടിത്തോട് ചെക്ക് ഡാമിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി വാളയാർ കനാൽ വാലററപ്രദേശമായ വാളയാർ - ചേങ്കോൽ കനാലിലെത്തിക്കാനുള്ള നടപടിയും സ്വീകരിച്ചു.

തൊഴിലാളികൾക്ക് ഓരോ ഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ അദ്ധ്വാനം വിലയിരുത്തുകയും ചെയ്തു. ഒരു തൊഴിലാളി ശരാശരി 3 ക്യൂബിക് മീററങ്കിലും മണ്ണെടുക്കണമെന്നതായിരുന്നു നിർദ്ദേശം. അതു പാലിക്കാൻ കഴിഞ്ഞു

മറേതൊരു പദ്ധതിയിലുമെന്ന പോലെ ആദ്യഘട്ടത്തിൽ ഇതിലും ചില ബുദ്ധിമുട്ടുകളനുഭവിക്കേണ്ടിവന്നു. എന്നാൽ സമയോചിതമായ ഇടപെടലുകളിലൂടെ അവയെ അതിജീവിക്കാനും സംഘാടകർക്കു കഴിഞ്ഞു.

**കാർഷിക കലണ്ടർ**

കാർഷിക മേഖലയുടെ പ്രവർത്തനത്തിന് ഒരുതരത്തിലും ഹാനി സംഭവിക്കാത്ത വിധത്തിൽ തയ്യാറാക്കിയ വാർഷിക കലണ്ടർ അനുസരിച്ചാണ് പ്രാദേശികമായി പദ്ധതികൾ നടപ്പാക്കിയത്. അതുമൂലം കാർഷികദിനങ്ങൾ ഫലപ്രദമായി തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചു.

**തൊഴിലാളികൾക്കുണ്ടായ നേട്ടങ്ങൾ**

പ്രവൃത്തിയിലേർപ്പെട്ട വിദഗ്ദ്ധ തൊഴിലാളികൾക്ക് 723 തൊഴിൽ ദിനങ്ങൾ ലഭിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ നിരക്കനുസരിച്ച് (പ്രതിദിനം 190 രൂപ) 1,37,370 രൂപ വേതനമായി നൽകി. അവിദഗ്ദ്ധ തൊഴിലാളികൾക്ക് (220 കുടുംബം) 7355 തൊഴിൽ ദിനങ്ങൾ ലഭിച്ചു. ആകെ നൽകിയ വേതനം 9,15,375. മെറ്റീരിയൽ ചെലവ് 3,82,832. ആകെ 14,39,567 രൂപ.

**പദ്ധതി നേട്ടങ്ങൾ**

കടുത്ത വേനലിൽ പോലും ഈ സംഭരണി നിറഞ്ഞുനിൽക്കുന്നതിനാൽ പദ്ധതി പ്രദേശത്തിനടുത്തുള്ള 100 ഏക്കർ കൃഷി ഭൂമിയിൽ രണ്ടു പ്രാവശ്യം നെൽകൃഷി ചെയ്യുന്നതിനാവശ്യമായ

ജലം വണ്ടിത്തോട് ചെക്ക് ഡാമിൽ നിന്നും ലിഫ്ററ് ഇറിഗേഷൻ മുഖേന വണ്ടിത്തോട് കനാൽ വഴി താണിക്കുളം ജലസംഭരണിയിൽ വെള്ളമെത്തിക്കാനാകുന്നു. സമീപ പ്രദേശത്തുള്ള കിണറുകളിലെ ജലവിതാനം ഉയരാനും ഈ പദ്ധതി പരോക്ഷമായി പ്രയോജനപ്പെട്ടു.

പഞ്ചായത്തിലെ 400 കുടുംബങ്ങൾക്ക് ഈ പദ്ധതി കൊണ്ട് നേട്ടമുണ്ടാകുന്നു. പച്ചക്കറി കൃഷി, മൃഗപരിപാലനം, പരമ്പരാഗത കുടിവെള്ള സ്രോതസ്സ് എന്നിവയ്ക്ക് ഈ ജലസംഭരണി പ്രയോജനപ്പെടുന്നു.

ജലസംഭരണിയുടെ തിട്ടിൽ പഞ്ചായത്ത് വക തൊഴിൽശാല നിർമ്മിച്ചു. അതിനോടു ചേർന്ന് ഒരു വിപണനകേന്ദ്രവും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ചുററും ആൽ വൃക്ഷങ്ങളും ഔഷധ സസ്യതോട്ടവും കുടുംബശ്രീ യൂണിററിന്റെ മേൽനോട്ടത്തിൽ നടത്താൻ പദ്ധതിയിട്ടു. മറെറാരു യൂണിററിന് മത്സ്യം വളർത്താനുള്ള പ്രോജക്ടും നൽകുന്നു. ഇതുമൂലം തദ്ദേശവാസികളുടെ ജല സ്രോതസ്സ്, സാമ്പത്തിക സ്രോതസ്സ് എന്നിവ പരിപോഷിക്കാൻ സാധിക്കും.

### മോണിറ്ററിംഗ് കമ്മിറ്റി

പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനം മോണിറററിംഗ് കമ്മിററി നേരിട്ടുകണ്ട്, വിലയിരുത്തുകയും ഫലപ്രദമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. 13 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥർ, പ്രാദേശിക പത്രലേഖകർ, ആന്ധ്രപ്രദേശ്, തമിഴ്നാട് പത്രപ്രവർത്തകർ, കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതി, തൊഴിലുറപ്പു പദ്ധതി ഉദ്യോഗസ്ഥർ തുടങ്ങി ഒട്ടേറെപ്പേർ പദ്ധതി നിർമ്മാണം നിരീക്ഷിക്കാനെത്തി.

### വിജയരഹസ്യം

പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല നിർവ്വഹണസമിതിക്കായിരുന്നു. തൊഴിലാളികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ, കർമ്മപരിപാടികൾ എന്നിവയ്ക്ക് ഈ സമിതി ശ്രദ്ധ കൊടുത്തിരുന്നു. അതുകൊണ്ട് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞു.

നിർവ്വഹണ സമിതിയോടൊപ്പം തന്നെ പ്രധാന ഘടകങ്ങളാണ് തൊഴിലാളികളും എന്ന ധാരണയോടെ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കഴിഞ്ഞതാണ് താണിക്കുളം ജലസംഭരണപദ്ധതിയുടെ പ്രധാന വിജയരഹസ്യം. ■

(കില പഠനം ആസ്പദമാക്കി തയ്യാറാക്കിയത്)

*ലേഖകൻ കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്.*

# ഗുരുവ
# ഇനി കുടുംബ



ജെസ്സി നാരായണൻ

ഗുരുവായൂർ കണ്ണന് നൽകാനുള്ള കുടുംബശ്രീയുടെ 'നിവേദ്യം' പദ്ധതി സാക്ഷാത്ക്കരിക്കപ്പെട്ടു. ഗുരുവായൂർ ക്ഷേത്രത്തിന് ദിവസേന ആവശ്യമായ 12000 പൂജക്കദളിപ്പഴം കുടുംബശ്രീ വനിതകൾ ഉല്പാദിപ്പിച്ചു നൽകാൻ തുടങ്ങി. ഇത്രയും കാലം തമിഴ്നാട്ടിൽ നിന്നു കൊണ്ടുവരുന്ന കദളികൾക്ക് ബദലായി ഇനി കണ്ണന് കേരളത്തിന്റെ മണ്ണിൽ വിളഞ്ഞ കദളിപ്പഴങ്ങൾ നിവേദിക്കാം. കൊടകരയിലെ കുടുംബശ്രീ സംരംഭകരിൽനിന്ന് ആദ്യമായി കദളിക്കുല കൈമാറുന്ന ചടങ്ങ് ജൂൺ 8 ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദുകുട്ടി ഗുരുവായൂർ ദേവസ്വംബോർഡ് ചെയർമാൻ തോട്ടത്തിൽ രവീന്ദ്രന് നൽകിക്കൊണ്ടാണ് നിർവഹിച്ചത്.

തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്കിലെ ഏഴു ഗ്രാമപഞ്ചായത്തുകളിലാണ് 'സമഗ്ര' പദ്ധതിയുടെ ഭാഗമായുള്ള 'നിവേദ്യം' നടപ്പാക്കിയിട്ടുള്ളത്. ഗുരുവായൂർ ദേവസ്വംബോർഡും കുടുംബശ്രീയും തമ്മിലുണ്ടാക്കിയ കരാർപ്രകാരം 12000 പഴം കുടുംബശ്രീ സംരംഭകർ ദിവസവും ക്ഷേത്രത്തിൽ എത്തിക്കും. 100 പഴത്തിന് 130 രൂപ എന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തതെങ്കിലും കാലാകാലങ്ങളിൽ ഔദ്യോഗിക ഏജൻസികൾ അംഗീകരിക്കുന്ന മാർക്കറ്റ് വിലയാണ് സംരംഭകർക്കു ലഭിക്കുക.

പരമ്പരാഗതമായി കേരളീയക്ഷേത്രങ്ങളിൽ ഉപയോഗിച്ചുവരുന്ന പൂജക്കദളി ഇന്ന് വംശനാശഭീഷണി നേരിടുകയാണ്. പല ക്ഷേത്രങ്ങളും പൂജക്കദളി ഉപയോഗിക്കുന്നില്ലെങ്കിലും ഗുരുവായൂർ ക്ഷേത്രത്തിൽ കദളിപ്പഴം നിർബന്ധമാണ്. ഈ സാധ്യത മനസ്സിലാക്കിക്കൊണ്ടാണ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ഗുരുവായൂർ ദേവസ്വത്തിന്റെ കമ്മീഷണറുമായ ശാരദാമുരളീധരൻ ഐ.എ.എസ്. പ്രത്യേകം താല്പര്യമെടുത്ത് ഈ പദ്ധതിക്ക് രൂപം നൽകിയത്.

രണ്ടുവർഷം മുമ്പാണ് പ്രൊഫ.സി. രവീന്ദ്രനാഥ് എം.എൽ.എയുടെ 'സുസ്ഥിര കൊടകര വികസനപദ്ധതി'യിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതിക്ക് തുട



# ായൂർ ദേവസ്വത്തിന്
# ശ്രീയുടെ കദളിക്കുലകൾ



ക്കമിട്ടത്. കൊടകര ബ്ലോക്ക് പഞ്ചായത്ത് ഇതിന്റെ മുഴുവൻ നിർവഹണദൗത്യവും ഏറ്റെടുക്കുകയായിരുന്നു.'നിവേദ്യ' ത്തിനായി 53.16 ലക്ഷം രൂപ അടങ്കൽ തുകയോടെ 30 ഹെക്ടർ സ്ഥലത്താണ് വാഴക്കൃഷി നടപ്പിലാക്കിയിരിക്കുന്നത്. 150 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പ്രത്യേക പരിശീലനപരിപാടി സംഘടിപ്പിക്കുകയായിരുന്നു ആദ്യഘട്ടത്തിൽ ചെയ്ത ത്. 67 കുടുംബശ്രീ യൂണിറ്റുകളിലുള്ള 750 സംരംഭകർ ഈ പദ്ധതിയിൽ പങ്കാളികളായുണ്ട്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വാഴക്കന്നുകൾ സംഘടിപ്പിക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടിവന്നു. കദളിവാഴകൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന സത്യം ഇതിലൂടെ മനസ്സിലാക്കാനായി. 30,000 വാഴകളാണ് ഒന്നാംഘട്ടമായി നട്ടത്. ഘട്ടംഘട്ടമായി തൈകൾ വച്ചുകൊണ്ടിരിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. ക്ഷേത്രത്തിലേയ്ക്ക് ദിവസേന കദളിക്കുലകൾ കൊടുക്കേണ്ടതിനാൽ എല്ലാ കുലകളും ഒരേ സമയം മൂപ്പെത്താൻ പാടില്ല. അതുകൊണ്ടാണ് പല ഘട്ടങ്ങളിലായി തൈകൾ നടുന്നത്.

ഗുണമേന്മ ഉറപ്പാക്കിക്കൊണ്ടുള്ള വിത്ത്ശേഖരണവും മൺകലങ്ങളിൽ തിരിയിട്ടുകൊണ്ടുള്ള ജലസേചന സംവിധാനവും വിളവ് മെച്ചപ്പെടാനുള്ള കാരണമായി.ഇതിനിടയിൽ ഇടവിളയായി ഒരുപൂ പച്ചക്കറിക്കൃഷിയും നടത്തുകയുണ്ടായി. കാർഷിക സർവകലാശാലയും കൃഷിവകുപ്പും സാങ്കേതിക സഹായം നൽകാൻ കുടുംബശ്രീ സംരംഭകരോടൊപ്പമുണ്ട്.

കൃഷിയിൽ ഏർപ്പെടുന്ന ആക്ടിവിക്ടി ഗ്രൂപ്പിലെ ഓരോ അംഗത്തിനും പത്ത് മാസംകൊണ്ട് 10,800 രൂപ വരുമാനമായി ലഭിക്കുമെന്ന് പദ്ധതിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. കൃഷിക്കാർക്ക് രൊക്കം വില നൽകിക്കൊണ്ട് പ്രാഥമിക സഹകരണ സംഘങ്ങളാണ് വാഴക്കുലകൾ വാങ്ങി ദേവസ്വത്തിന് എത്തിച്ചുകൊടുക്കുന്നത്.

കൃഷിയും വിളവെടുപ്പുമൊക്കെ ജീവിതത്തിന്റെ ഭാഗമായിട്ടുള്ള വള്ളുവനാടൻ പ്രദേശത്തെ കുടുംബശ്രീ വനിതകൾക്ക് കദളീവനത്തിന്റെ വിജയത്തിൽ പൂർണ്ണ ആത്മവിശ്വാസമുണ്ടായിരുന്നു. നിലമൊരുക്കാനും തൈ നടാനും വെള്ളവും വളവും നൽകാനും അവർ നിതാന്തജാഗ്രതയോടെ വിയർപ്പൊഴുക്കി പണിയെടുത്തുകൊണ്ടിരുന്നു. അതിനുള്ള പ്രതിഫലമാണ് കണ്ണന്നു മുന്നിലെത്തിയ കദളിക്കുലകൾ. ■

*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്*






## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇനി മാതൃകാ ശുചിത്വ റോഡുകൾ

മാലിന്യമുക്ത കേരളം പരിപാടിയുടെ ഭാഗമായി എല്ലാ പൊതുനിരത്തുകളും ചവർരഹിതമാക്കി മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങളുടെ പരിധിയിൽ വരുന്ന ഒന്നോ രണ്ടോ പ്രധാന നിരത്തുകൾ ശുചിത്വമുള്ള റോഡുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ആവശ്യപ്പെട്ടു. ഈ പ്രവർത്തനം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ തദ്ദേശവാസികൾ, സാമൂഹിക സംഘടനകൾ, വ്യാപാരിവ്യവസായ സമൂഹം, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവരുടെ സഹായ സഹകരണങ്ങൾ ലഭ്യമാകുന്ന റോഡുകൾക്ക് മുൻഗണന നൽകണം. തെരഞ്ഞെടുക്കുന്ന റോഡുകളിൽ റോഡിന്റെ പേരും മാതൃകാ ശുചിത്വ റോഡ് എന്ന ബോർഡും പ്രദർശിപ്പിക്കേണ്ടതാണ്. റോഡുകൾ പൊതുശുചിത്വ രംഗത്ത് മാതൃകകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കണം. വമ്പിച്ച പ്രചാരണത്തിലൂടെ റോഡുകളിൽ അലക്ഷ്യമായി ചപ്പുചവറുകളും, മാലിന്യങ്ങളും നിക്ഷേപിക്കുന്നതിൽ നിന്നും ആളുകളെ പിൻതിരിപ്പിക്കേണ്ടതാണ്. മാതൃകാ നിരത്തുകളാക്കി മാറ്റുന്ന റോഡുകളുടെ പേരുവിവരം തദ്ദേശസ്ഥാപനങ്ങൾ പരസ്യം ചെയ്യേണ്ടതും പരിഹാര നടപടികൾ അപ്പപ്പോൾ എടുക്കേണ്ടതുമാണ്. നിരത്ത് വൃത്തിയായി സൂക്ഷിക്കുന്നതിൽ വിഘ്നം വരുത്തുന്ന നിവാസികൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവർക്കെതിരെ നിയമനടപടികളെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചു.

## ഡീലിമിറ്റേഷൻ കമ്മീഷൻ പുനഃസംഘടിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2010 ൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകൾ വിഭജിക്കുന്നതിന് വേണ്ടി 2005ൽ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി ചെയർമാൻ ആയുള്ള പുതിയ കമ്മീഷനിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ശാരദാ മുരളീധരൻ, എൻട്രൻസ് പരീക്ഷാകമ്മീഷണർ ബി.എസ്. മാവോജി, ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി ഇഷിതാ റോയ്, ജലവിഭവ സെക്രട്ടറി എം.എൻ. ഗുണവർധനൻ എന്നിവർ അംഗങ്ങളാണ്.

## സമേതം

പഞ്ചായത്തു വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് ഒരു കൂട്ടായ്മ വേണം എന്ന സ്വപ്നം തൃശ്ശൂർ ജില്ലയിൽ സാക്ഷാൽക്കരിക്കപ്പെട്ടു. “സമേതം” എന്ന പേരോടെ പഞ്ചായത്തു വകുപ്പ് എന്ന വലിയ തറവാട്ടിൽ നിന്നും വിരമിച്ച ഉദ്യോഗ സ്ഥർ ഒരുമിച്ചു കൂടി. തങ്ങളുടെ പഴയകാല സുഹൃത്തുക്കളോടൊപ്പമുള്ള കൂടിചേരലിന് തൃശ്ശൂർ എലൈറ്റ് ഇന്റർനാഷണൽ ഹോട്ടൽ വേദിയായി. പഴയകാല അനുഭവങ്ങൾ അയവിറക്കുക, പുതിയവ കൈമാറുക, കുടുംബകൂട്ടായ്മ, ശാരീരിക മാനസിക ഉല്ലാസത്തിന് വേദിയൊരുക്കുക, പ്രായമായവരെ ആദരിക്കുക, പ്രയാസമനുഭവിക്കുന്നവരെ സഹായിക്കുക, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നിവ ലക്ഷ്യം വച്ചാണ് സമേതം പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

## എ.എഫ്.എസ്– അലനല്ലൂരും ഏപ്രിൽ 1 ന്

2009–ഏപ്രിൽ 1 ന് വാർഷിക ധനകാര്യപത്രിക ആഡിറ്റിന് നൽകിയ പഞ്ചായത്തുകളുടെ പട്ടികയിൽ പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തും ഉൾപ്പെടും. കൊല്ലം ജില്ലയിലെ വെട്ടിക്കവല, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തുകളുടെ വിവരമാണ് നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നത്. പാലക്കാട് ജില്ലയുടെ ചരിത്രത്തിലാദ്യമായാണ് ഒരു പഞ്ചായത്ത് ഏപ്രിൽ 1 ന് തന്നെ എ.എഫ്.എസ് നൽകുന്നത്.


## തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചു

വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് കൂടുതൽ ഉദ്യോഗസ്ഥർക്ക് നിർവ്വഹണ ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് കോർപ്പറേഷനുകളിൽ എഞ്ചിനീയറും, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പലും നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ജില്ലാ പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറും ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറും അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറും കൃഷി മൃഗസംരക്ഷണ വകുപ്പുകളിലെ ഫാം സൂപ്രണ്ടുമാരും നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും പുതിയ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലും കാര്യക്ഷമതയോടെയും നടപ്പാക്കുന്നതിനാണ് കൂടുതൽ ഉദ്യോഗസ്ഥർക്ക് നിർവ്വഹണ ചുമതല നൽകിയത്.


## എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റ്

കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റിനെ നിയമിക്കാൻ സർക്കാർ ഉത്തരവായി. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകളിലെ ധനസംബന്ധമായ ജോലിഭാരം പല മടങ്ങായി വർദ്ധിച്ച സാഹചര്യത്തിൽ മൂന്നാം ധനകാര്യ കമ്മിഷനും അക്കൗണ്ടന്റ് ജനറലും അക്കൗണ്ടിങ് സമ്പ്രദായം ശക്തിപ്പെടുത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത്. പുതുതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക ഹെഡ് ക്ലാർക്കിന്റെ 8390–13270 രൂപ എന്ന ശമ്പള സ്കെയിലിലായിരിക്കും. 18 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക അക്കൗണ്ടൻറായി മാറുകയും 642 പഞ്ചായത്തുകളിൽ യു.ഡി ക്ലാർക്ക് തസ്തിക അപഗ്രേഡ് ചെയ്യുകയും 339 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തികയ്ക്ക് തുല്യമായ അക്കൗണ്ടന്റ് തസ്തിക പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 1300ലധികം ജീവനക്കാർക്ക് ഇതുമൂലം പ്രൊമോഷൻ ലഭിക്കും. 339 എൽ.ഡി. ക്ലാർക്കുമാരെ പി.എസ്.സി വഴി നിയമിക്കും. പുതുതായി നിയമിക്കപ്പെടുന്ന അക്കൗണ്ടന്റുമാർക്ക് പ്രവേശനകാലത്ത് ഒരു മാസത്തെ തീവ്ര അക്കൗണ്ടിംഗ് പരിശീലനം നൽകും. ഇപ്രകാരം നിയമിക്കപ്പെടുന്ന അക്കൗണ്ടന്റുമാർ കുറഞ്ഞത് മൂന്ന് വർഷമോ അക്കൗണ്ടിങ് കേഡർ നിലവിൽ വരുന്നത് വരെയോ ആ തസ്തികയിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്.

Edited and Published by Dr. V.M. Gopala Menon IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ July 2009 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

www.ammini.com

Ammini ENERGY SYSTEMS

ISO 9001 : 2000

ഊർജ്ജസംരക്ഷണത്തിന്റെ വിജയഗാഥയുമായി

അമ്മിണി എനർജി സിസ്റ്റംസിന്റെ

# ലൈട്രോൺ

CFL വഴിവിളക്കുകൾ



- കേരളത്തിൽ മാത്രം 1.5 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
- 575 ൽപരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
- ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
- ISO 9001:2000 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
- 15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
- വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
- മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
- സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
- PWD രജിസ്റ്റേർഡ്
- NSIC രജിസ്റ്റേർഡ്
- SIDCO രജിസ്റ്റേർഡ്

ISI

BIS CERTIFIED

ഇപ്പോൾ ടെണ്ടർ വിളിക്കാതെ സിഡ്കോ (SIDCO) മുഖാന്തിരം വാങ്ങാവുന്നതാണ്

ISO 9001:2000

BLENDING TECHNOLOGY WITH NATURE

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം - 695 019
ഫോൺ: 0471-249 5588 ഫാക്സ്: 249 5599
ഇ-മെയിൽ: mail@ammini.com; www.ammini.com

കൂടുതൽ വിവരങ്ങൾക്ക് 0471-249 5588; 94473-20011; 93881-76974; 94473-20033